KOTTAYAM PUBLIC LIBRARY

Call No. M.200.    Acc. No. 13912

Author [illegible]

Title ആനന്ദമഠം

919

KOTTAYAM PUBLIC LIBRARY

# അനന്തസ്നേഹം

(പീഡാനുഭവധ്യാനങ്ങൾ)



"എന്നെ സ്നേഹിക്കയും എനിക്കുവേണ്ടി ആത്മബലി
സമർപ്പിക്കുകയും ചെയ്ത ദൈവപുത്രനിലുള്ള
വിശ്വാസത്തിൽ ഞാൻ ജീവിക്കുന്നു."
(ഗലാ. 2. 20)

*By*

*Very Rev. Fr. John Berchmans, C. M. I.*

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

(പകർപ്പവകാശം മുദ്രാലയത്തിന്)

THE LITTLE FLOWER PRESS, THEVARA.
1959.

Reimprimatur

*G. Valliarumpeth, V. G.*

Ernakulam,
15—8—'59.

200

# പ്രസ്താവന

ഈ ഗ്രന്ഥത്തിന്റെ രചയിതാവായി ഞാൻ നിയമിക്കപ്പെട്ടു. എങ്കിലും ഇതിന്റെ നിർമ്മിതിയിൽ 'ഇസിഎ'യിലെ എന്റെ സഹകാരികളുടെ സഹായം ധാരാളം ലഭിച്ചിട്ടുള്ളതിനാൽ ഒരത്ഥത്തിൽ ഇതിന്റെ കത്തൃത്വം 'ഇസിഎ'യ്ക്കു തന്നേ നൽകാം.

എന്നോടു ഏററവും അടുത്തു സഹകരിച്ച ഫാർട്ട് പ്രെസ്റ്റൺ, ഹെബർട്ട് ഫാരിസ് എന്നിവരോട് എനിക്ക് വിശേഷിച്ചും കടപ്പാടുണ്ട്.

ഇതിൽ ശുപാർശ ചെയ്തിരിക്കുന്ന പരിപാടിക്ക് ഞാൻ മാത്രമാണ് ഉത്തരവാദി എന്ന വാസ്തവം പ്രസ്താവ്യമാണ്.

പി. ജി. എച്ച്.

# കുറിപ്പ്

സാമ്പത്തിക സഹകരണസ്ഥാപനത്തിൻെറ രണ്ടുകൊല്ലത്തെ ഡയറക്ടറും ഇന്നത്തെ ഉപദേഷ്ടാവുമായ മി. പോാം ജി. ഹോഫ്മാൻ, വ്യാപാരത്തിലും ഗവണ്മെൻറ്സേവനത്തിലും വിജയം കൈവരിച്ച ഒരു ദേഹമത്രേ. സ്റ്റുഡ്ബേക്കർ കോർപറേഷൻ മുൻഡയറക്ടരായ ഇദ്ദേഹം ഫോർഡ് ഫൗണ്ടേഷൻെറ ഡയറക്ടർ കൂടെയാണ്.

1891 ഏപ്രിൽ 26-ാനു- ചിക്കാഗോവിൽ ഹോഫ്മാൻ ജാതനായി. ഹൈസ്കൂൾ വിദ്യാഭ്യാസം പൂത്തിയാക്കിയശേഷം ചിക്കാഗോ സർവ്വകലാശാലയിൽ അഭ്യസനം നടത്തി.

മോട്ടാർകാർ വില്പനയാണ് അദ്ദേഹം ആദ്യം സ്വീകരിച്ച തൊഴിൽ. അതിൽ അദ്ദേഹം വമ്പിച്ച വിജയം നേടി.

1917-ൽ ഹോഫ്മാൻ ഒരു സാധാരണ പട്ടയാളിയായി സൈന്യത്തിൽ ചേൎന്നു. ആർട്ടിലറിയിലെ ലഫ്ററനൻറ് ആയിത്തീൎന്ന ഹോഫ്മാൻ 1919-ൽ സൈന്യത്തിൽ നിന്നും വിമുക്തനായി.

വീണ്ടും കാർവ്യവസായത്തിൽ പ്രവേശിക്കയും അതിൽ ഏററവും ഉയൎന്ന ഒരു സ്ഥാനത്തെത്തുകയും ചെയ്തു.

# സമാധാനം നേടാൻ കഴിയും

## അദ്ധ്യായം 1

### യുദ്ധമായാലും സമാധാനമായാലും, നമ്മുടെ ലക്ഷ്യം സമാധാനം തന്നെ.

കഴിഞ്ഞ വസന്തകാലാന്ത്യത്തിൽ ഞാൻ വാഷിംഗ്ടണിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ ഒരുദിവസംരാത്രിയിൽ ബർണാഡുബാരുക്ക് എൻെറ അതിഥിയായിരുന്നു. ഞങ്ങളുടെ സംഭാഷണം, ഞാൻ വെല്ലസ്‌ലികോളേജിൽ ചെയ്യാനിരുന്ന പ്രസംഗത്തിലേക്ക് തിരിഞ്ഞു. നമ്മുടെ സ്വതന്ത്ര ലോകവും ക്രെംലിനും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന ഭീമമായ പോരാട്ടത്തിൻെറ സ്വഭാവത്തെപ്പററി ചില കാര്യങ്ങൾ വെല്ലസ്‌ലി വിദ്യാർത്ഥികൾക്ക് വ്യക്തമാക്കിക്കൊടുക്കണമെന്നുള്ള എൻെറ ഉദ്ദേശ്യം ഞാൻ ബാരുക്കിനെ മനസ്സിലാക്കി.

ഞങ്ങളുടെ അതിഥിക്ക് ഈ വിഷയംസംബന്ധിച്ച അഗാധമായ ജ്ഞാനം ഉണ്ടെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഈ വിഷയത്തെക്കുറിച്ച ഞങ്ങൾ ചർച്ചചെയ്തപ്പോൾ അദ്ദേഹം അതെല്ലാം ഉത്സാഹത്തോടുകൂടി ശ്രദ്ധിച്ച കേട്ടുകൊണ്ടിരുന്നു.

"ശീതസമരം ഒരു നല്ല സമരമാണ്" എന്നതാണ് എൻെറ പ്രസംഗവിഷയം എന്നു ഞാൻ മി. ബാരുക്കിനെ അറിയിച്ചപ്പോൾ അദ്ദേഹം തന്ന മറുപടി ഇതായിരുന്നു. "ശീതസമരത്തെപ്പററി സംസാരിക്കുന്നത് നിറുത്തിയിട്ട് "സമാധാനസമരം" ചെയ്യുന്നതിനെക്കുറിച്ച് സംസാരിക്കാൻ തുടങ്ങിയില്ലെങ്കിൽ, ഈ പോരാട്ടത്തിൻെറ യഥാർത്ഥസ്വഭാവം ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല."

ഞാൻ മി. ബാരുക്കിൻെറ ഉപദേശം സ്വീകരിച്ചു. അന്നു ഞാൻ വെല്ലസ്ലിയിൽ പ്രസംഗിച്ചത് "സമാധാനസമരം" ചെയ്യുന്നതിനെപ്പററിയായിരുന്നു. ഏതാനും ദിവസങ്ങൾക്കു

ശേഷം, ലോകത്തെ ആകെ ഇളക്കിമറിക്കുന്ന ചില സംഭവങ്ങൾ ഉണ്ടായി. 1950 ജൂൺ 25-ാംനു ഉത്തര കൊറിയാക്കാർ, കൊറിയൻ റിപ്പബ്ലിക്കിനു നേരെ ആക്രമണം അഴിച്ചുവിട്ടു. ഐക്യരാഷ്ട്ര സമിതിയുടെ സെക്യൂറിററി കൗൺസിൽ ഈ കയ്യേററത്തെ അകാരണമായ ആക്രമണമായി മുദ്ര കുത്തുകയും, അതിനെ ചെറുക്കുന്നതിന് എല്ലാ അംഗരാഷ്ട്രങ്ങളോടും ആവശ്യപ്പെടുകയുംചെയ്തു. ഐക്യരാഷ്ട്ര സൈന്യങ്ങൾക്കു—കൂട്ടതലും അമേരിക്കൻ സൈന്യങ്ങൾക്കു—ഭാഗ്യങ്ങളും, നിർഭാഗ്യങ്ങളും, വിജയങ്ങളും അൽപമായും അധികമായും പല അളവിലും അനുഭവപ്പെട്ടു. ഉത്തരകൊറിയൻ സൈന്യനിരകളിൽ ചൈനാക്കാരായ "സന്നദ്ധഭടന്മാർ" പ്രത്യക്ഷപ്പെട്ടതോടുകൂടി, അന്തർദേശീയമായ ഉൽക്കണ്ഠ ഉച്ചസ്ഥാനത്തെത്തി.

സാർവ്വലൗകികസ്ഥിതിഗതികൾ അത്രയ്ക്കു അപകടകരമായിത്തീർന്നതുകൊണ്ടു പ്രസിഡണ്ടു ട്രൂമാൻ 1950 ഡിസംബർ 16–ാംനു രാജ്യത്തിൽ ഒരു അടിയന്തിരാവസ്ഥ പ്രഖ്യാപനം ചെയ്തു. കഴിഞ്ഞ യുദ്ധത്തിനുശേഷം ആറു വർഷങ്ങൾപോലും

ആകുന്നതിനുമുമ്പു നാം ഭാഗികമായിട്ടെങ്കിലും സൈന്യസജ്ജീകരണങ്ങൾക്കു നിർബന്ധിതരായിത്തീൎന്നു. ഇതിന്നിടയിൽ ക്രെംലിൻ അത്യാൎത്തിയോടുകൂടി ഇറാനിലും സോദി അറേബ്യയിലും എണ്ണഖനികളിലേക്കു കണ്ണയച്ചുകൊണ്ടിരിക്കുന്നു. മററുള്ള രാജ്യങ്ങളിൽ പലതിലും—ഫ്രാൻസിലും ഇററലിയിലും മാത്രമല്ല, ലെബാനോനിലും, ബ്രസീലിലും, ഇൻഡോനേഷ്യയിലും കമ്മ്യൂണിസ്റ്റ് പ്രക്ഷോഭണങ്ങളും, വിധ്വംസകപ്രവൎത്തനങ്ങളും പ്രചാരങ്ങളും ശീഘ്രഗതിയിലും വ്യാപകമായും വൎദ്ധിച്ചുവന്നു. അററ്ലാൻറിക്കിലേക്കുള്ള ചെമ്പടനീക്കത്തിന്റെ ഭീഷണി, പശ്ചിമയൂറോപ്പിന്റെ ചക്രവാളത്തിൽ, കൊടുംകാററിനു മുൻപു പ്രത്യക്ഷപ്പെടുന്ന കാർമേഘശകലം എന്നപോലെ ആയിത്തീൎന്നിട്ടുണ്ടു്.

ഇതിൽ നിന്നെല്ലാം, സ്വതന്ത്രലോകം ഇപ്പോൾ വലിയ അപകടത്തിലാണെന്നു് നമുക്കു് നല്ലതുപോലെ അറിയാം. അക്കാരണം കൊണ്ടുതന്നെ, സമാധാനത്തെപ്പററി നാം വളരെ കൂടുതൽ ജാഗ്രതയുള്ളവരായിരിക്കണം. പക്ഷേ, സമാധാന

ത്തെപ്പററിയുള്ള ഉൽക്കണ്ഠ, ആഗ്രഹിച്ചും ചിന്തിച്ചും കൊണ്ടു് വെറുതെ ഇരിക്കുന്നതിനുള്ള ഒരു ഒഴികഴിവാണെന്നു ഞാൻ വിശ്വസിക്കുന്നില്ല.

നമ്മുടെ മനോഭാവം ഇതിന്നു നേരെ എതിരായിരിക്കണമെന്നാണെൻെറ അഭിപ്രായം. കുറെക്കൂടി നിശ്ചയപ്പെടുത്തി പറകയാണെങ്കിൽ, ഐക്യരാഷ്ട്രസമിതിയുടെയും നമ്മുടെ രാജ്യതന്ത്രജ്ഞന്മാരുടെയും പരിശ്രമങ്ങൾ സഫലമാകാതെവരുന്നപക്ഷം ഒരു മൂന്നാം ലോകമഹായുദ്ധത്തിനേർപ്പെടുന്നതിന്നു നാം നിർബ്ബന്ധിതരായിത്തീർന്നേക്കാം. അങ്ങിനെ വന്നാൽ നാം അതിൽപ്രവേശിക്കേണ്ടതു് സമാധാനത്തിന്നുവേണ്ടിയുള്ള ഒരു വ്യക്തമായ പരിപാടിയോടുകൂടിയായിരിക്കണം; അതു യുദ്ധത്തിൻെറ നടത്തിപ്പിന്നു് ബുദ്ധിപൂർവ്വമായ മാർഗ്ഗദർശനം നൽകുന്നതായിരിക്കും. നാം യുദ്ധംചെയ്യുന്നതു്, യുദ്ധത്തിൽ വിജയം നേടുന്നതിനല്ല; സമാധാനത്തിൽ വിജയം നേടുന്നതിനായിരിക്കണം.

ഭാവനാശക്തിയോടും ധൈര്യത്തോടും സമർപ്പണ ബോധത്തോടും കൂടി നാം സമാധാനം നേടാൻ ഉടൻ ആരംഭിക്കയാണെങ്കിൽ, ഒരു പൊതു

യുദ്ധം കൂടാതെ കഴിക്കാമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങിനെ ചെയ്തില്ലെങ്കിൽ, സമാധാനകാംക്ഷികളായ നമ്മുടെ മൗലികവാസനകളെ നാം നശിപ്പിച്ചുകളയും; അതിഭയങ്കരമായ മനുഷ്യവേട്ട തടയാൻ സുബുദ്ധിയും സംസ്കാരവുമുള്ള ജനത എന്നനിലയിൽ നമുക്കുള്ള കടമ നാം നിറവേററാതിരിക്കും.

ബുദ്ധിപൂർവ്വമായി സമാധാനം നേടുന്നതിനു മുൻപ് നമ്മെ ഭീഷണിപ്പെടുത്തുന്ന യുദ്ധം എപ്രകാരമുള്ളതാണെന്ന് നാം മനസ്സിലാക്കിയിരിക്കണം. കമ്മ്യൂണിസ്റ്റ് വിരുദ്ധലോകത്തിന്നെതിരായി സോവിയററ് യൂണിയനിൽ നടത്തിക്കൊണ്ടിരുന്നതും നടത്തിക്കൊണ്ടിരിക്കുന്നതുമായ യുദ്ധം ഒരു പുതിയ സമ്പ്രദായത്തിലുള്ളതാണ്. യുദ്ധമെന്നു കേൾക്കുമ്പോൾ നമ്മിൽ പലരുടെയും മനസ്സിൽ ഉദിക്കുന്നത് സംഘട്ടനം ചെയ്യുന്ന പടയാളികൾ, മൃതഭടന്മാർ നിറഞ്ഞ പടക്കളങ്ങൾ, തവിടുപൊടിയായപട്ടണങ്ങൾ ഇവയുടെയെല്ലാം ചിത്രങ്ങളാണ്. നമുക്കു യുദ്ധത്തിൻെറ ഉദ്ദേശ്യവും ലക്ഷ്യവും, പടക്കളത്തിലെ വിജയമാണ്. എന്നാൽ ക്രെംലിന്ന്, സൈനിക പ്രവർത്തനങ്ങൾ, യുദ്ധത്തിൻെറ ദൃശ്യവും

ബാഹ്യവുമായ ഒരു പ്രകടനം മാത്രമാണ്. അവക്ക്, സൈനികപ്രവൎത്തനം, യുദ്ധത്തിൻെറ നാലു മുന്നണികളിൽ ഒന്നുമാത്രമാണ്. അവ സൈനികം, സാമ്പത്തികം, രാഷ്ട്രീയം, മനശ്ശാസ്ത്രം എന്നീ മണ്ഡലങ്ങളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. ലെനിൻതന്നെ, അവയ്ക്കു നിൎവ്വചനം നൽകിയിട്ടുണ്ട്. രക്തം ചിന്തിയും ചിന്താതെയും, ആക്രമവും സമാധാനവും ഉപയോഗിച്ചും, സൈനികമായും സാമ്പത്തികമായും, വിദ്യാഭ്യാസപരമായും ഭരണപരമായും, നടത്തുന്ന അനുസ്യൂതവും നിഷ്ഠുരവും ആയ ഒരു പോരാട്ടത്തിൻെറ കെട്ടുപിണഞ്ഞു കിടക്കുന്ന നാലുവിഭാഗങ്ങളാണ് ഈ മുന്നണികൾ എന്ന് അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ട്.

സൈനികമുന്നണിക്കും, സോവിയററ് യൂണിയൻ ഭീമമായ സമരയന്ത്രം ഒരുക്കി നിറുത്തിയിട്ടുണ്ടെന്നു നമുക്കറിയാം. കൂടാതെ കിഴക്കൻ യൂറോപ്പിലെ ആശ്രിതരാജ്യങ്ങളുടെയും ഏഷ്യയിലെ പങ്കാളികളുടെയും പാവകളുടെയും സൈനികശക്തിയും അവരുടെ ആജ്ഞാനുവൎത്തികളാക്കിയിട്ടുണ്ട്.

സാമ്പത്തികമുന്നണിക്ക്, സോവിയററ് യൂണിയനിലെയും ആശ്രിതരാജ്യങ്ങളിലെയും കൃഷിസ്ഥലങ്ങളും ഫാക്ടറികളും സൈനികസജ്ജീകരണങ്ങൾക്ക് വിനിയോഗിച്ചിരിക്കയാണ്. അതിൻെറ നിയന്ത്രണത്തിനു വിധേയമല്ലാത്ത രാജ്യങ്ങളിൽ പണിമുടക്കുകളും അട്ടിമറി പ്രവത്തനങ്ങളും മൂലം സാമ്പത്തിക സ്ഥിതി ശിഥിലീഭവിക്കുന്നതിന് അവർ പരോക്ഷമായി പ്രവത്തിക്കുന്നു.

രാഷ്ട്രീയമുന്നണിക്ക്, സോവിയററു യൂണിയൻ ചെയ്യുന്നത് അവിടത്തെ ജനങ്ങൾക്കു സ്വാതന്ത്രവോട്ടും, അഭിപ്രായസ്വാതന്ത്ര്യവും നിഷേധിക്കുക എന്നതാണ്.

മനശ്ശാസ്ത്രപരമായ സമരമുന്നണി വിജയപ്രദമാക്കാൻ സോവിയററു യൂണിയൻ, സമുദായത്തിൻെറ എല്ലാ വിഭാഗങ്ങളിലും കലഹവും ശങ്കയും അവിശ്വാസവും വളത്തുകയും, തൊഴിലാളിയെ തൊഴിൽ ദാതാവിന്നെതിരായും, ഇടത്തരക്കാരെ കർഷകർക്കെതിരായും, എല്ലാവരെയും അന്യോന്യം എതിരായും ഇളക്കിവിടുകയും ചെയ്യുന്നു.

മേൽപ്രസ്താവിച്ച നാലു മുന്നണികളും ഉപയോഗിച്ച്, ലോകാധിപത്യം കരസ്ഥമാക്കുന്നതിന്ന് സോവിയററ് യൂണിയൻ നടത്തിവരുന്ന സമരം പരാജയപ്പെടുത്താൻ, നാമും ഈ നാലു മുന്നണികളിലും, "സമാധാനസമരം" നടത്തണം.

ഭിന്നിപ്പിച്ച് കീഴടക്കി, അടിമയാക്കണമെന്നത്രെ ക്രെംലിൻെറ ആഗ്രഹം. അതുകൊണ്ടു് അവർ, ഏകാധിപത്യ മാർഗ്ഗങ്ങളായ ഭേദം, അക്രമം, ഭീഷണി എന്നീ മാർഗ്ഗങ്ങൾ അവലംബിക്കുന്നു. നാം ജനങ്ങളെ തമ്മിൽ യോജിപ്പിക്കുന്നതിനും, സ്വാതന്ത്ര്യം നേടുന്നതിനും പരിരക്ഷിക്കുന്നതിനും, അവരുമായി സഹകരിച്ചു അവരെ സഹായിക്കുന്നതിനും ആഗ്രഹിക്കുന്നു. അതിനാൽ നാം ജനാധിപത്യമാർഗ്ഗങ്ങളായ പരസ്യ വാദപ്രതിവാദങ്ങളും സ്വതന്ത്രതീരുമാനങ്ങളുംകൊണ്ടുനമ്മുടെ ലക്ഷ്യപ്രാപ്തിക്കു ശ്രമിക്കും. നമ്മുടെ ഇപ്പോഴത്തെ നിലയും, നാം ആഗ്രഹിക്കുന്ന സുസ്ഥിതിയും നഷ്ടപ്പെടാതിരിക്കുന്നതിന്, നാംഓരോരുത്തരും സ്വതന്ത്രരായ അനേകലക്ഷങ്ങളുടെ കൂട്ടത്തിൽ എണ്ണപ്പെട്ടു് നിലകൊള്ളണം.

---

## അദ്ധ്യായം 2

# സമാധാനം നേടാൻ സമാധാനമത്സരം തന്നെ നടത്തണം

യുദ്ധത്തിൽ ജയം നേടാൻ, ഭയങ്കരങ്ങളായ യാഥാത്ഥ്യങ്ങളെ വിസ്മരിച്ചു നെഞ്ചത്തു കൈവയ്ക്കുകയോ, പണം ചെലവാക്കാതെ പിടിക്കുകയോ ചെയ്താൽ സാദ്ധ്യമല്ല. നേരെമറിച്ചു ഒന്നാംതരം തലച്ചോറുള്ളവരെ യുദ്ധത്തിൻെറ നിയന്ത്രണം ഏല്പിച്ചും, ധാരാളമായി പണം വാരിയെറിഞ്ഞും മാത്രമേ ജയം നേടാൻ കഴിയുകയുള്ളു എന്നതു നമുക്കറിയാം. രണ്ടാം ലോക മഹായുദ്ധസമയത്തു നമ്മുടെ പൗരന്മാരിൽ ഏററവും പ്രധാനികളായവർ വാഷിംഗ്ടണിൽ ഓടിക്കൂടുകയും, കോൺഗ്രസ്സ് കോടിക്കണക്കിനു പണം യുദ്ധച്ചെലവിലേക്കു അനുവദിക്കുകയും ചെയ്തു കഥ നാം വിസ്മരിച്ചിട്ടില്ല.

യുദ്ധം? അതു മനസ്സിലാക്കാൻ പ്രയാസമുള്ളതല്ല. കണ്ണുകളെ ആകർഷിക്കുന്നതും, പെട്ടെന്നനുഭവിച്ചറിയാവുന്നതുമായ ഒന്നാണ് അതു്.

സമാധാനം ആകട്ടെ ശാന്തവും അവ്യക്തവും ആകുന്നു. അതിന്നു വെണ്ടയ്ക്കാ തലക്കെട്ടുകളും മററുമില്ലെങ്കിലും, അതു നാടകീയവും സ്പഷ്ടവുമാക്കാൻ കഴിയുന്നതാണ്. അതിന്നുവേണ്ടി ജോലി ചെയ്യണമെന്നതു ഇതുവരെയും നാം ശരിക്കു മനസ്സിലാക്കിയിരുന്നില്ല.

അമേരിക്കയിൽ തെക്കും വടക്കുമായി നടന്ന ആന്തരികയുദ്ധം (സിവിൽ വാർ) തീർച്ചയായും ഇല്ലാതാക്കാൻ കഴിഞ്ഞേനേ. തെക്കുള്ളവരെ സാമ്പത്തികമായി ഒന്നു സഹായിക്കാൻ ശ്രമിച്ചിരുങ്കിൽ വളരെയധികം ക്ഷേമം കൈവരുമായിരുന്നു. വടക്കർ യുദ്ധത്തിന്നുപകരം സമാധാനം പുരോഗമിപ്പിച്ചിരുന്നെങ്കിൽ എന്ന് അതിൽ പങ്കുകൊണ്ട ഒരു പടയാളി എന്ന നിലയ്ക്കു എനിക്കിപ്പോൾ പറയാൻ കഴിയും.

ഒന്നാം ലോകയുദ്ധത്തിന്നുശേഷം സമാധാനം നേടാൻ കഴിയുമായിരുന്നു; എന്നാൽ നാമതിന്നു വേണ്ടി പ്രവൎത്തിക്കുന്നതിന്നുപകരം സൎവ്വരാജ്യസഖ്യത്തേ പരിഹസിച്ചുകൊണ്ടു കഴിഞ്ഞുകൂടി. അമേരിക്കർ ഒരു ഭാഗത്തേക്കൊഴിഞ്ഞു. ഗ്രെയിററു

ബ്രിട്ടനും, ഫ്റാൻസും പരസ്പരമുള്ള അവിശ്വാസത്തോടുകൂടി സാധാരണ നിലയിലേക്കു പ്രവേശിക്കയും ചെയ്തു.

രണ്ടാം ലോകയുദ്ധത്തിനുശേഷം സമാധാനത്തിനു വേണ്ടി നാം ഒന്നും പ്രവൎത്തിച്ചില്ല എന്നു പറയുന്നതു ശരിയല്ല. ട്രൂമാൻെറ പ്രമാണങ്ങളും മാർഷൽ പദ്ധതിയും, നോൎത്തു് അററ്ലാൻറിക്കു സഖ്യവും, ഐക്യരാഷ്ട്ര സംഘടനയേ ശക്തിപ്പെടുത്തുവാനുള്ള ശ്രമവും അക്കൂട്ടത്തിൽ ഉൾപ്പെടുത്താം. എങ്കിലും നാം ഇതുവരെ വിജയത്തിൽ എത്തിയിട്ടില്ല. അതിന്നു രണ്ടുകാരണങ്ങളുണ്ടു്. ഒന്നാമതായി സോവ്യററിൻെറ ലോകാധിപത്യോദ്യമം മനസ്സിലാക്കുവാൻ നാം കുറേ സമയം എടുത്തു. മററതു്, നാം സാധാരണകൃത്യങ്ങളിൽ വ്യാപൃതരായിരുന്നപ്പോൾ, ക്രെംലിൻ യുദ്ധോപകരണങ്ങൾ നിൎമ്മിക്കുന്നതിനും അവയിൽ ഗവേഷണം നടത്തുന്നതിനും അവരുടെ ശക്തികൾ ചെലവഴിച്ചു. അങ്ങനെ പോളണ്ടു്, ഹങ്കറി, റുമേനിയാ, ബൾഗേറിയാ മുതലായ രാഷ്ട്രങ്ങൾ റഷ്യയുടെ നുകത്തിൻകീഴിൽ ആകുകയും ചെയ്തു.

ചെക്കോസ്ലോവാക്യയിൽ കമ്യൂണിസം പടൎന്ന സമയത്തുതന്നെ, ചൈനയിൽ മാവോസേതുങ്ങ് കമ്യൂണിസത്തിൻെറ ചിത്രം പൂൎത്തിയാക്കുകയായിരുന്നു.

രണ്ടാം ലോകയുദ്ധത്തിനുശേഷം സമാധാനം നേടാൻ കഴിയാഞ്ഞതിൻെറ രണ്ടാംകാരണം, ഇതിന്നുവേണ്ട പദ്ധതിയുടെ വലുപ്പത്തേക്കുറിച്ചുള്ള അജ്ഞതയാണ്. ഐക്യരാഷ്ട്ര സംഘടന രൂപവൽക്കരിക്കുന്നതിൽ നാം ഒരു പ്രധാന പങ്ക് വഹിച്ചുവെന്നതു ശരിതന്നെ. പ്രയാസം അനുഭവിച്ചുകൊണ്ടിരുന്ന യൂറോപ്യന്മാൎക്കു ഭക്ഷണവും വസ്ത്രവും കൊടുക്കുന്നതിനായി അനേകം കോടി പവൻ നാം ചെലവാക്കി. 375 കോടി ഡോളർ ബ്രിട്ടണു കടമായും, 250 കോടി ഡോളർ ഐക്യരാഷ്ട്രങ്ങളുടെ പുനൎനിൎമ്മാണപദ്ധതികൾക്കായും നാം കൊടുത്തിട്ടുണ്ട്. അങ്ങനെ ഇ. സി. ഏ. പദ്ധതി തുടങ്ങുന്നതിനുമുമ്പുതന്നെ 1200 കോടി ഡോളർ അമേരിക്ക ഇക്കാൎയ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. പക്ഷേ സ്ഥിരമായ ഒരു പദ്ധതിയുടെ അഭാവംകൊണ്ടു ഇതിൽ നല്ല ഒരു ഭാഗം നഷ്ടപ്പെടുത്തിയതായിട്ടാണു ഗണിക്കേണ്ടതു്.

എന്നാൽ സമാധാനം നേടേണ്ടതു എങ്ങനെയാണു? ഇതിനെക്കുറിച്ചു ഭിന്നങ്ങളായ പല അഭിപ്രായങ്ങൾ ഉണ്ടെങ്കിലും, അങ്ങേ അററത്തും ഇങ്ങേ അററത്തുമുള്ള അഭിപ്രായങ്ങൾ നമുക്കു പരിശോധിക്കാം. ഒരുമേശയുടെ ചുററുമിരുന്നു സംഭാഷിച്ചാൽ നേരെയാക്കാവുന്ന പ്രശ്നമാണ് റഷ്യയുമായിട്ടുള്ളതു് എന്നു വിശ്വസിക്കുന്ന ഒരു ചെറിയകൂട്ടം അമേരിക്കക്കാർ ഇന്നുമുണ്ടു്. എന്നാൽ മററുവശത്തുള്ളവർ റഷ്യ ആക്രമിക്കാൻ പോകുന്നതുകൊണ്ടു്, നാം അതിൻെറ നേരേ, മുമ്പിൽക്കൂട്ടി എടുത്തുചാടുന്നതാണു ബുദ്ധി എന്നു് അഭിപ്രായപ്പെടുന്നു.

ആദായത്തിൻെറ 35 ശതമാനം ഇന്നു റഷ്യൻ ഗവണ്മെൻറ് സൈന്യത്തിന്നു വേണ്ടി ചെലവാക്കുന്നു. ഈ നഷ്ടം കുറച്ചു, പൊതുജനനന്മയ്ക്കു ഉപയോഗിക്കുമെന്നു മററുള്ളവർ ധരിച്ചു. റഷ്യയുടെ ഉദ്യമം ലോകമേധാവിത്വമാണെന്നതു് ഇപ്പോൾ മാത്രമാണു പലരും മനസ്സിലാക്കുന്നതു്.

അങ്ങനെയിരിക്കുമ്പോഴാണ് മാഷ്ൽ പദ്ധതിയനുസരിച്ചുള്ള സാമ്പത്തികസഹായം പ്രയോഗത്തിലായതു്. അതു് ചില രഹസ്യലക്ഷ്യങ്ങൾ

വച്ചു കൊണ്ടു് നടത്തുന്ന ഒരു കൗശലപ്പണിയാണെന്നു ചിലർ ശങ്കിച്ചു. താറുമാറായി കിടക്കുന്ന സാമ്പത്തിക നിലയേ അല്പമൊന്നു അഭിവൃദ്ധിപ്പെടുത്തുക മാത്രമായിരുന്നു അതിൻെറ ഉദ്ദേശ്യം.

ഇതിനേക്കുറിച്ചുള്ള ചർച്ചകളിൽ ആദ്യം ഉത്സാഹം കാണിച്ചിരുന്ന റഷ്യൻ വിദേശമന്ത്രി മോളട്ടോവ്, ആറാംദിവസം ആരേയും അറിയിക്കാതെ റഷ്യയിലേയ്ക്കു മടങ്ങിപ്പോകയാണുണ്ടായതു്. ഈ നിഷ്ക്രമണം യുദ്ധത്തിൻെറ ആരംഭം തന്നെ ആയിരുന്നു. മാർഷൽ പദ്ധതി ഐക്യസംസ്ഥാനങ്ങളുടെ സാമ്രാജ്യമോഹത്തിൻെറ പ്രതിരൂപമായിട്ടു റഷ്യക്കാർ മുദ്രയടിച്ചു. അതിൻെറ ശേഷം പല പരിപാടികൾക്കും നിഷേധാവകാശമാണു് അവർ ഉപയോഗിച്ചതു്.

ക്രെംലിൻ, ഐക്യസംസ്ഥാനങ്ങളുമായുള്ള ഇടപാടുകളിൽ താഴെപ്പറയുന്ന വാക്കുലംഘനങ്ങൾ കാണിച്ചിട്ടുണ്ടു്.

(1) 1943-ൽ നടന്ന ടെഹറാൻ കോൺഫറൻസിൽവച്ചു് പോളണ്ടു തുടങ്ങിയുള്ള രാഷ്ട്രങ്ങൾക്കു ഭരണപരമായി സ്വയം നിർണ്ണയാവകാശം

കൊടുക്കാമെന്നു സോവ്യററ യൂണിയൻ സമ്മതിച്ചു. എങ്കിലും അതു് ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

(2) 1945-ൽ നടന്ന പോട്ട്സ്ഡാം കോൺഫറൻസിൽവച്ചു് ജർമ്മനിയിലെ ജനകീയരാഷ്ട്ര കക്ഷികളെ പ്രോത്സാഹിപ്പിക്കാമെന്നു സോവ്യററ യൂണിയൻ ഏററിരുന്നു. എന്നാൽ കമ്യൂണിസ്റ്റ് നിയന്ത്രിതമായ സോഷ്യലിസ്റ്റ് പാർട്ടിക്കു മാത്രമേ വളരാനുള്ള സൗകര്യം ലഭിച്ചുള്ളു. മററുള്ള പാർട്ടികളുടെ വേരു നശിപ്പിക്കുന്നതിനാണു സോവ്യററ യൂണിയൻ ശ്രമിച്ചതു്.

(3) നിരായുധീകരിക്കപ്പെട്ട ജപ്പാൻ പടയാളികളെ തിരിച്ചു സ്വദേശത്തുപോകുന്നതിനും സമാധാനപരമായി ജീവിക്കുന്നതിനും അനുവദിക്കാമെന്നു പോട്ട്സ്ഡാമിൽവച്ചു സമ്മതിച്ചുവെങ്കിലും അക്കാര്യവും അവർ വേണ്ടുതു നിറവേററിയില്ല. 377,000 പട്ടാളക്കാരിൽ 95,000 പേരെ മാത്രമേ വിട്ടിട്ടുള്ളു.

(4) ഐക്യസംസ്ഥാനങ്ങൾ, ചൈന, റഷ്യ, യുണൈററഡ് കിംഗ്ഡം എന്നീ നാലു ശക്തികൾ ചേൎന്നു് 1945 ജൂൺ 7-ാനു- തങ്ങളുടെ നിഷേധാ

KOTTAYAM PUBLIC LIBRARY KOTTAYAM

ധികാരം (വീറോ) ദുരുപയോഗപ്പെട്ടുകയില്ലെന്നുതീരുമാനിച്ചതാണ്. എന്നാൽ സോവ്യററു റഷ്യ ഇതിനകം 47 പ്രാവശ്യം അതു പ്രയോഗിച്ചിരിക്കുന്നു.

(5) 1945 ജൂൺ 20-ാനു-യിലെ തീരുമാനത്തിന്നെതിരായി ജർമ്മനിയിലെ കിഴക്കൻ മണ്ഡലവും, പടിഞ്ഞാറൻ മണ്ഡലവുംതമ്മിലുള്ള ഗതാഗതവും, വ്യാപാരവും റഷ്യ തടസ്സപ്പെടുത്തിയിരിക്കുന്നു.

(6) കൊറിയാ ഒരു സ്വതന്ത്ര്യരാഷ്ട്രമാകേണ്ടതാണെന്നു സോവ്യററു യൂണിയൻ സമ്മതിച്ചതാണ്. എങ്കിലും യു. എൻ. കമ്മീഷൻ 38-ാം സമാന്തരരേഖയ്ക്കു് വടക്കുവശത്തേക്കു കടന്നു് അന്വേഷണം നടത്തുന്നതിന്നു് അവർ സമ്മതിച്ചതേയില്ല.

യൂറോപ്യൻ രംഗങ്ങളിലേപ്പോലെ, സോവ്യററിൻെറ കൊറിയൻ നയത്തിലും സാമ്രാജ്യമോഹം തെളിഞ്ഞുകാണുന്നതിനാൽ സ്റ്റാലിനുമായുള്ള ഇടപാടുകൾ കൊണ്ടു പ്രയോജനം ഉണ്ടാകുന്നതല്ല. പശ്ചിമയൂറോപ്പിൻെറ നിരായുധീകരണം, പൌരസ്ത്യയൂറോപ്പു സോവ്യററിൻെറകീഴിൽ പൂർണ്ണമായി വരിക, തെക്കുകിഴക്കൻ ഏഷ്യയും കമ്യൂണിസ്റ്റ് ചൈനയും അധികാരസീമയിൽ വരിക, കൊറിയ

തെക്കൻ പസിഫിക്ക് എന്നീ രാജ്യങ്ങളിൽ നിന്ന് അമേരിക്കൻ സൈന്യത്തെ പൂണ്ണമായി പിൻവലിക്കുക ഇതൊക്കെയാണ് സ്റ്റാലിൻ ആവശ്യപ്പെട്ടുന്നതു്. ജപ്പാൻെറ ഭാവിയേ നിയന്ത്രിക്കുന്നതിനു സ്റ്റാലിനും അധികാരമുണ്ടായിരിക്കണമത്രെ. അതു പോലെതന്നെ ഐ. രാ. സമിതിയിൽ ചൈനീസു നാഷനലിസ്റ്റിനു ലഭിച്ചിരിക്കുന്ന സ്ഥാനം മാവോ പാർട്ടിക്കു കൊടുക്കണമെന്നും, എല്ലാററിലുമുപരി യായി കമ്യൂണിസ്റ്റ് തിരമാലകളിൽ സ്വാതന്ത്ര്യത്തിൻെറ ഇരിപ്പിടമായ ഐക്യസംസ്ഥാനങ്ങൾ ഒഴുക്കിക്കളയണമെന്നും സ്റ്റാലിൻ ആഗ്രഹിക്കുന്നു.

സ്വതന്ത്രലോകം ശക്തിയും, ഐകമത്യവും നിശ്ചയദാർഢ്യവും ഉള്ളതാണെന്നു നാം സുവ്യക്തമായി കാണിക്കുന്നകാലത്തുമാത്രമേ ചർച്ചകൾകൊണ്ടു ഫലമുണ്ടാകയുള്ളു. തല്ക്കാലം അതു സാധ്യമല്ല.

അപ്പോൾ സമാധാന സംരക്ഷണത്തേ ലക്ഷ്യമാക്കി ഒരു യുദ്ധം നടത്തിയാലെന്താണ്? ഈ അഭിപ്രായത്തിനുവേണ്ടി വാദിക്കുന്നവർ പറയുന്നതു് "നമുക്ക് ഇപ്പോൾ.തന്നെ ബോംബ് ഇടാം" എന്നാണ്. കൊറിയായിലെ കമ്യൂണിസ്റ്റാക്രമണം

റഷ്യയുടെ ഉദ്ദേശ്യം വ്യക്തമാക്കി. ഒരു പുതിയ 'പേൾ ഹാർബർ' സൃഷ്ടിക്കുന്നതിനു റഷ്യയ്ക്കു സമയവും സൗകര്യവും കൊടുക്കുകയായിരിക്കും നാമങ്ങനെ മൗനം അവലംബിച്ചാൽ ചെയ്യുന്നതു്.

പലരും മേൽകാണിച്ചവിധത്തിൽ അഭിപ്രായപ്പെട്ടതിൻെറ കാരണം എനിക്കു മനസ്സിലാക്കുവാൻ കഴിയും. എനിക്കു സമാധാനത്തിൽ ഉറച്ച വിശ്വാസമുണ്ടെങ്കിലും, ഏതു വില കൊടുത്തും അതു വാങ്ങിക്കാൻ തയ്യാറില്ല. 1949-ൽ ഡാർമത്തുകോളേജിൽവച്ചു് സെനററർ വാൻഡർബർഗു പറഞ്ഞ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. "പല ഗഡുക്കളിലായി കീഴടങ്ങുകയാണു പ്രശമനം എന്നു പറയുന്നതു്." ഇതുതന്നേയാണു് ജനറൽ മാഷൽ 1950-ൽ തൻെറ സ്മാരകദിന പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞതു്, "യുദ്ധത്തേക്കുറിച്ചു മേനിപറയാൻ ഒന്നുമില്ല. എന്നാൽ അതു രണ്ടു ദോഷങ്ങളിൽ കുറഞ്ഞതാവാം. ആക്രമണത്തേ തലകുനിച്ചു ശമിപ്പിക്കുന്നതിനേക്കാൾ ഭേദമാണു് യുദ്ധം; കാരണം അങ്ങനെയുള്ള പ്രശമനം യുദ്ധത്തേ വദ്ധിപ്പിക്കുകയായിരിക്കും ചെയ്യുന്നതു്."

മനുഷ്യജാതി ഒരു ദുരന്തത്തിലേക്കു പായുകയാണെന്നു് ഇന്നു ഞാൻ വിശ്വസിക്കുന്നില്ല. അറ്റോമിക്കു ബോംബുകൊണ്ടു കമ്യൂണിസത്തെ നശിപ്പിക്കാൻ ശ്രമിക്കുന്നതു ഫലകരമായിരിക്കുകയില്ല. ക്രെംലിന്നെതിരായി ഒരു സമരം നടത്തുകയെന്നതു് ബുദ്ധിക്കു പകരം വികാരം വയ്ക്കുകയോ, യുക്തിക്കു പകരം വിഭ്രമം പരത്തുകയോ ആയിരിക്കും. യുദ്ധം തടയുന്നതിനായി ഒന്നു തുടങ്ങേണ്ട ആവശ്യമില്ല.

പരേതനായ വെൻഡൽ വിൽക്കി 1942-ൽ ലോകപര്യടനം നടത്തിയശേഷം അമേരിക്കയുടെ ബഹുലമായ സന്മനസ്സിനേക്കുറിച്ചു പ്രസ്താവിക്കയുണ്ടായി. മഹാമനസ്കത, ആക്രമണവിരുദ്ധമനോഭാവം ഇവ രണ്ടു ഗുണങ്ങളാണു് അദ്ദേഹം ഐക്യസംസ്ഥാന ജനതയിൽ പ്രകടമായികണ്ടതു്. രണ്ടാം ലോകമഹായുദ്ധത്തിൽ നേരിട്ടാക്രമണമുണ്ടായതുവരെ അമേരിക്ക യുദ്ധമാരംഭിക്കാതിരുന്ന സംഗതി മററു ജനതകളുടെ ബഹുമാനത്തിന്നു് അവളേ അർഹയാക്കി. അങ്ങനെ സമാധാനത്തിൻെറയും, ആക്രമണവിരുദ്ധതയുടേയും പ്രതിരൂപമായി അമേരിക്ക ലോകത്തിൻെറ കണ്ണിൽ തെളിഞ്ഞുകണ്ടു.

അങ്ങനെയിരിക്കുന്ന ഐക്യസംസ്ഥാനങ്ങൾ, എത്ര നീതിപരമായാലും ശരി, ഇന്നൊരു യുദ്ധത്തിൽ പ്രവേശിക്കുന്നപക്ഷം അവരുടെ ധാർമ്മിക പ്രഭാവം നശിച്ചുപോകുന്നതാണ്. അതിന്റെ അർത്ഥം സൈനികം, രാഷ്ട്രീയം, സാമ്പത്തികം, മനഃശാസ്ത്രം എന്നീ മണ്ഡലങ്ങളിൽക്കൂടെ സമാധാനത്തിനുവേണ്ടി മത്സരിക്കുന്നതിനുള്ള ഇച്ഛാശക്തിയും, തലച്ചോറും നമുക്കില്ലെന്നുതന്നെയാണ്.

ആക്രമണം എന്തിനുവേണ്ടി തുടങ്ങിയാലും ആരു തുടങ്ങിയാലും ആക്രമണം തന്നെയാണ്; അതിനു ധാർമ്മികമായി നിലയുമില്ല. നമുക്ക് ഏററവും വിലമതിക്കാവുന്നതു് നമ്മുടെ ധാർമ്മിക നേട്ടങ്ങളാണ്.

വാദത്തിനുവേണ്ടി ഇത്തരമൊരു ആക്രമണം തുടങ്ങാൻ തീരുമാനിച്ചു എന്നു വിചാരിക്കുക. ഒരു രാത്രിയിൽ ധാരാളം ആററംബോംബുകളുമായി വിമാനങ്ങൾ മോസ്കോവിലേക്കും, ലെനിൻഗ്രാഡിലേക്കും പോകുന്നു എന്നും സങ്കല്പിക്കുക. അവ നിർബ്ബാധം അവിടെ ചെന്നു നശീകരണകൃത്യം നിർവ്വഹിക്കുമെന്നതിന് എന്താണ് ഉറപ്പു്? ഈ

കൃത്യത്തെ അപകടകരമാക്കുന്നതിനുവേണ്ട ഒരുക്കങ്ങൾ റഷ്യയ്ക്കുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

കുറെയെല്ലാം നശിപ്പിക്കുന്നതിനു കഴിഞ്ഞാൽ തന്നെ, 175 ഡിവിഷൻ വരുന്ന റഷ്യൻ കരസൈന്യം യുദ്ധം തുടർന്നുകൊണ്ടു പോകുന്നതാണ്. പിന്നെ യൂറോപ്പു മുഴുവൻ ഉദ്ധരിക്കേണ്ട ചുമതലയായിരിക്കും വിജയികൾ വഹിക്കേണ്ടത്. നമ്മുടെ സ്നേഹിതരേയും ശത്രുക്കളേയും ഒരുപോലെ ബോംബുമൂലം നിശേഷമായി നശിപ്പിക്കുവാൻ വീണ്ടും നാം നിർബ്ബന്ധിതരായിത്തീരും. വീണ്ടും രക്തപ്പുഴയും രാക്ഷസീയരംഗങ്ങളും പ്രകടമാകും. എത്ര നാളത്തേക്കെന്നു ആർക്കും പ്രവചിക്കാൻ നിവൃത്തിയുമില്ല.

തന്നെയുമല്ല ഇങ്ങനെയൊരു യുദ്ധത്തിനുവേണ്ടി ഐക്യസംസ്ഥാനങ്ങളിൽ എന്തു സംരംഭം നടത്തിയാലും അതിൻെറ പ്രത്യാഘാതം വിദേശങ്ങളിൽ പ്രകടമാകുന്നതുമാണ്. പശ്ചിമയൂറോപ്യൻ ജനത ഇങ്ങനെയുള്ള ഒരു യുദ്ധത്തിൽ നമ്മോടു സഹകരിക്കുന്നതുമല്ല. ഒരു തലമുറയിൽ തന്നേ രണ്ടു മഹായുദ്ധങ്ങളുടെ അനുഭവങ്ങൾ

കൊണ്ടു തളൎന്നിരിക്കുന്ന അവരോടു ഇനി യുദ്ധത്തിന്റെ കാൎയ്യം പറയുന്നതുതന്നെ ബുദ്ധികേടാണു്. ഐക്യസംസ്ഥാനങ്ങൾക്കു ആക്രമണോദ്ദേശ്യമുണ്ടെന്നവരെ അവർ സംശയിക്കാനും ഇടയുണ്ടു്.

അവസാനമായി, ഐക്യസംസ്ഥാനങ്ങളിൽ ഇങ്ങനെ ബോംബാക്രമണത്തെക്കുറിച്ചു് ആലോചന നടത്തുമ്പോൾ, സോവിയററുയൂണിയൻ നമ്മെ യുദ്ധക്കൊതിയന്മാർ എന്നു മുദ്രയിട്ടു പ്രചാരണം നടത്തുന്നതിനു നല്ല ഒരു തക്കവുമാകും.

യുദ്ധം തടയാൻവേണ്ടിയുള്ള യുദ്ധം, രാഷ്ട്രീയ പാപ്പരത്വവും, സൈനിക പരാജയത്തിന്നു വഴി നൽകുന്ന ധാൎമ്മികാധഃപതനവും, നാം വിലമതിക്കുന്ന മൂല്യങ്ങളുടെ നഷ്ടവും ആയിരിക്കും എന്നു ഹാൻസൺ ബാൾഡ്വിൻ ന്യൂയോൎക്കു ടൈംസിൽ എഴുതിയതിനോടു ഞാനും യോജിക്കുന്നു.

ശരി, നമുക്കു സ്റ്റാലിനോടു ഇടപെടാൻ നിവൃത്തിയില്ല; ബോംബിടുന്നതു ബുദ്ധിയല്ല. എങ്കിൽ പിന്നെ എന്താണു ഗതി? സൃഷ്ടിപരമായ ഒരു പദ്ധതിതന്നെ വേണമെന്നതാണു് എനിക്കുള്ള ഉത്തരം. സോവ്യററിന്റെ ഗതിയും നയവും

അറിഞ്ഞു പ്രവത്തിക്കുക മാത്രമല്ല, കമ്യൂണിസം വളത്തുന്ന രാഷ്ട്രീയവും, സാമ്പത്തികവുമായ പശ്ചാത്തലത്തേ തന്നേ നശിപ്പിക്കണമെന്നാണു ഞാൻ പറയുന്നതു്. ഈ വിഷയത്തിൽ മാർഷൽ പദ്ധതിയേ ഒരു മുന്നോടിയായി ഗണിക്കുകയും ചെയ്യാം. അതിൻപ്രകാരം സൃഷ്ടിപരവും, വിദൂര വ്യാപകവുമായ ഒരു വിദേശനയം അമേരിക്കയ്ക്കു രൂപവൽക്കരിക്കുകയും ചെയ്യാം. മാഷൽ പദ്ധതി പ്രകാരം വിദ്യുച്ഛക്തി ഉപയോഗിച്ചു വ്യവസായവും, കൃഷിയും പരിഷ്കരിക്കുന്നു.

ഇങ്ങനെയുള്ള സംരംഭങ്ങൾ പ്രയോഗത്തിൽ വന്നപ്പോഴേക്കും സോവിയററുയൂണിയൻെറ 'വിഷമിപ്പിച്ചു വിപ്ലവം സൃഷ്ടിക്കുന്ന നയ'ത്തിനു വലിയ കേടു തന്നേ ഉണ്ടായിരിക്കുന്നു.

ഞാൻ അവതരിപ്പിക്കാൻ പോകുന്ന പദ്ധതി, ഇന്നത്തേ ലോകത്തിൽ വിജയിക്കണമെങ്കിൽ, ചുകപ്പു സൈന്യത്തിൻെറ ശക്തിയെ ചെറുക്കാൻ പ്രാപ്തിയുള്ള ഒരു സൈന്യം അത്യന്താപേക്ഷിതമാണു്. അതേസമയം തന്നെ സാമ്പത്തികം, രാഷ്ട്രീയം, മനഃശാസ്ത്രപരം എന്നീ മണ്ഡലങ്ങ

ളിൽ സമത്ഥവും ഉത്സാഹപൂൎണ്ണവുമായി പല പരിപാടികളും പ്രയോഗിക്കേണ്ടതായും ഇരിക്കുന്നു.

ഈ പദ്ധതി ഒരു മൂന്നാം ലോകമഹായുദ്ധത്തേ തടയുമെന്നു മാത്രമല്ല, ഇന്നു സ്വാതന്ത്ര്യത്തോടു കൂടിയ സമാധാനം അനുഭവിക്കുന്ന ജനതകൾക്കു ഒരു കിരാതഭരണത്തിലേക്കു നിപതിക്കാതെ കഴിയുമെന്നും എനിക്കു വിശ്വാസമുണ്ടു്.

സ്വാതന്ത്ര്യത്തോടുകൂടിയ സമാധാനമെന്നു ഞാൻ പറയുമ്പോൾ, യുദ്ധരഹിതമായ സമാധാനമെന്നു മാത്രമല്ല, അടിമത്തം കൂടാതെയുള്ള സമാധാനമെന്നാണു ധരിക്കേണ്ടതു്.

അങ്ങനെ "ജീവിതം, സ്വാതന്ത്ര്യം, ആനന്ദത്തിന്നുവേണ്ടിയുള്ള ഉദ്യമം" ഇവയെല്ലാം സകല മനുഷ്യരുടെയും വിശ്വാസപ്രമാണം ആക്കുവാൻ കഴിയും എന്നും എനിക്കു വിശ്വാസമുണ്ടു്.

## അദ്ധ്യായം ൩

# ഐക്യസംസ്ഥാനങ്ങൾ: സ്വാതന്ത്ര്യലോകത്തിന്റെ നേതൃത്വം വഹിക്കണം

ലോകനേതൃത്വത്തിന്റെ ചുമതല ഐക്യസംസ്ഥാനങ്ങൾ സ്വീകരിക്കുന്നപക്ഷം, സമാധാനത്തിനുവേണ്ടി വിജയപൂർവ്വം മത്സരിക്കാൻ നമുക്കു കഴിയുമെന്നു എനിക്കു ദൃഢമായ ഉറപ്പുണ്ടു്. ഇത്തരമൊരു സമാധാനമത്സരത്തിന്നു വേണ്ട ഭൗതിക വിഭവങ്ങളും, വ്യവസായാഭിവൃദ്ധിയും ഭൂമിശാസ്ത്രപരമായ ശ്രേഷ്ഠനിലയും, നേതൃത്വവും നമുക്കാണു ലഭിച്ചിരിക്കുന്നതു് എന്ന ഭൂമികയിലാണു് എന്റെ സകല പരിപാടികളും സ്ഥിതിചെയ്യുന്നതു്. പക്ഷേ ഈ വൻചുമതല സ്വീകരിക്കുന്നതിനു നാം മടി കാണിക്കുന്നു. ഈ വൈമനസ്യം ലോകത്തെ നിരന്തര ദുരിതത്തിൽ പതിപ്പിക്കുന്നതാണു്.

എന്നാൽ സ്വാതന്ത്ര്യലോകത്തിന്റെ നേതൃത്വം സ്വീകരിക്കുന്നതു കൊണ്ടു്, അതിന്റെ സകല

ഭാരവും നാം തന്നെ വഹിച്ചുകൊള്ളണമെന്നു വയ്ക്കുന്നതു ശരിയല്ല. ഇതിനെക്കുറിച്ചു അരിച്ചു കണക്കു പറയുന്ന സ്വഭാവം നമുക്കില്ല. മററു രാഷ്ട്രങ്ങളുടെ സുരക്ഷിതത്വവും, ഒരുവിധത്തിൽ നോക്കുന്നപക്ഷം സ്വാൎത്ഥതാല്പൎയ്യങ്ങളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നുവെന്നു സമ്മതിക്കാം. ഇതു ബുദ്ധിപൂൎവ്വമായ ഒരു സ്വാൎത്ഥതയാണു്. എങ്കിലും അത്തരം രാഷ്ട്രങ്ങൾ അവരുടെ സുരക്ഷിതത്വത്തിനുവേണ്ടിയുള്ള ചുമതല വഹിക്കാൻ പ്രേരിപ്പിക്കുകയെന്നതാണു് നേതൃത്വത്തിന്റെ ഏററവും വലിയ വിജയം.

മററു സ്വതന്ത്ര രാഷ്ട്രങ്ങളുടേതുമായി അവിഭക്തമായി നിബദ്ധമാണു നമ്മുടെ അരക്ഷിതത്വം എന്ന സത്യം വിശ്വസിക്കുന്നതു എനിക്കു് അത്ര എളുപ്പമായിരുന്നില്ല. എന്റെ പിതാവും ഞാനും ചിക്കാഗോ പട്ടണത്തിലാണു് ജനിച്ചതു്. കടലിൽനിന്നും, ഏഷ്യ, യൂറോപ്പു എന്നീ ഭൂഖണ്ഡങ്ങളിൽ നിന്നും എത്രയോ അകന്ന ഒരു പട്ടണമാണു് അതു്. അതിനാൽ ജന്മനാതന്നേ ഞാൻ ഒരു വിയുക്തസ്വഭാവി ആയിരുന്നു. എങ്കിലും കമ്യൂ

ണിസം, ഫാസിസം, നാസിസം എന്നീ പ്രസ്ഥാനങ്ങളുടെ ശക്തിയേറിയ പ്രവാഹം ഞാൻ നേരിട്ടു മനസ്സിലാക്കി. ഇവയുടെ സമ്മർദ്ദമേൽക്കാതെ, കഴിയാൻ ഒരു മാർഗ്ഗവുമില്ലെന്നും എനിക്കു തോന്നി. എന്നാൽ 1938-ൽ വാൾട്ടർ ലിപ്പ്മാൻ ചിക്കാഗോ സർവ്വകലാശാലയിൽ വച്ചു ചെയ്ത പ്രസംഗങ്ങൾ കേട്ടപ്പോഴാണ്, പരസ്പര നിബദ്ധമായ ഈ ലോകത്തിൽ അമേരിക്കയ്ക്കുള്ള ഗണ്യമായ സ്ഥാനത്തെക്കുറിച്ചു എന്റെ കണ്ണു ശരിക്കു തുറക്കപ്പെട്ടതു്.

മി. ലിപ്പ്മാൻ ഇങ്ങനെ സമർത്ഥിച്ചു. "റോം, ബ്രിട്ടൺ എന്നീ രാഷ്ട്രങ്ങളെപ്പോലെ സമാധാനസന്ദായകമായി ഒരു പുതിയ ശക്തി ഉയൻവരുന്നതു ഇക്കാലത്തു തന്നെ നമ്മുടെ മുമ്പിൽവച്ചു സാക്ഷാൽക്കരിക്കപ്പെടുന്നതാണ്. ആ ലക്ഷ്യത്തിലേക്കു പ്രയാണംചെയ്യുന്നതിന് അതു തയ്യാറെടുത്തുകൊള്ളട്ടെ. ഞാൻ അമേരിക്കൻ ഐക്യസംസ്ഥാനങ്ങളെ സൂചിപ്പിച്ചുകൊണ്ടാണു പറയുന്നതു്." ഇന്നു പുറകോട്ടു നോക്കുമ്പോൾ ഇത്ര വേഗത്തിൽ ആ ചുമതല നമ്മേ നേരിടുമെന്നു മി. ലിപ്പ്മാൻ തന്നെ വിചാരിച്ചുവോ എന്നു ഞാൻ സംശയിക്കുന്നു.

അദ്ദേഹം തുടൻുപറഞ്ഞു. "അറിയാതെ അലസമായി ഒഴുകുന്നതിനേക്കാൾ, അറിഞ്ഞുകൊണ്ട് ആ ഭാഗം നിർവ്വഹിക്കുകതന്നെയാണുവേണ്ടതു്. അമേരിക്കർ അതു എത്രതന്നെവെറുത്താലും, അവക്കതു തിരസ്കരിക്കുവാൻ സാദ്ധ്യമല്ല. രാഷ്ട്രങ്ങളുടെ മദ്ധ്യത്തിൽ അവക്കുള്ള മാഹാത്മ്യവും, സ്ഥാനവും, ശക്തിയും അതു് അനിഷേധ്യമാക്കുകയും ചെയ്യുന്നു. അതിനാൽ വമ്പിച്ച ചുമതലകളും ബൃഹത്തായ ഭാരങ്ങളും അവർ വഹിക്കുകതന്നെ വേണം."

അന്താരാഷ്ട്രീയ കാര്യങ്ങളിൽ ഒരു ചെറിയ ചുമതല വഹിക്കുന്നതിനുപോലും 1938-ൽ അമേരിക്ക തയ്യാറില്ലായിരുന്നു. പകരം 'നിഷ്പക്ഷതാനയം' കൊണ്ടു യുദ്ധത്തിൽ നിന്നു ഒഴിഞ്ഞുമാറാമെന്നു നാം വിചാരിച്ചുപോന്നു. പക്ഷേ രണ്ടാം ലോകമഹായുദ്ധം ഉണ്ടാകുകതന്നെ ചെയ്തു. അധികം താമസിയാതെ ജപ്പാൻ, ജർമ്മനി തുടങ്ങിയ പന്ത്രണ്ടു രംഗങ്ങളിൽ നമ്മുടെ യുവജനങ്ങൾ യുദ്ധം നടത്തേണ്ടതായും വന്നു.

നാശവും അഴിമതിയും ചുററിലും നടക്കുമ്പോൾ, അമേരിക്കയ്ക്കു ഒഴിഞ്ഞു മാറി നിൽക്കാൻ കഴികേ

യില്ല എന്നു കഴിഞ്ഞ രണ്ടു മഹായുദ്ധങ്ങളും വേണ്ട വണ്ണം തെളിയിച്ചിട്ടുണ്ട്. നിങ്ങൾ ഒരു വേലിക്കൽ ഇരിക്കുമ്പോൾ ഒരു വെടിയുണ്ട ചീററിപ്പോകുന്ന പക്ഷം അതിനേക്കുറിച്ച് ഒരു വിധിയും പ്രസ്താവിക്കാൻ നിവൃത്തിയില്ല. രണ്ടാമതൊന്നു കൂടെ അതുപോലെ പോകുന്നപക്ഷം, കാര്യം അല്പം കുഴപ്പത്തിലല്ലേ എന്ന സംശയം ന്യായമായി ജനിക്കുന്നു. എന്നാൽ മൂന്നാമതൊരു ഉണ്ട വന്നു തൊപ്പി കിഴിച്ചു തലമുടി ചിതറിച്ചു കളയുമ്പോൾ, ആരോ നിങ്ങളെ നശിപ്പിക്കാൻ ഉന്നം വച്ചിട്ടുണ്ട് എന്നു തീർച്ചയാക്കാം.

ഇതൊക്കെ ശരിയെങ്കിലും, അമേരിക്കർ വെളിയിൽ കൈയ്യിടാതെ ശാന്തമായി സ്വന്തം കാര്യം മാത്രം നോക്കിയിരുന്നാൽ മതി എന്നു വിചാരിക്കുന്നവർ ഇന്നുമുണ്ട്. പാശ്ചാത്യയൂറോപ്പു സോവ്യററുയൂണിയൻെറ ഭരണത്തിൻകീഴിൽ ആകുന്നപക്ഷം, ആത്മരക്ഷയ്ക്കു തന്നെയുള്ള പല യുദ്ധോപകരണങ്ങളും നമുക്കു ലഭിക്കാതെയാവും. നമുക്കാവശ്യമുള്ള മാൻഗനീസിൻെറ 90 ശതമാനവും, ഏതാണ്ടു മുഴുവൻ ടിന്നും, റബ്ബറും

നാം ഇറക്കുമതി ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. പാശ്ചാത്യ യൂറോപ്പു നമ്മുടെ വശത്തുണ്ടായിരുന്നാൽ തന്നെ നമ്മുടെ സൈനികച്ചെലവു് ഭീമമായിരിക്കും. അതുകൂടാതെയുള്ള കഥ ആലോചനാതീതവുമാണു്.

കണക്കു നോക്കുന്നപക്ഷം ആ ചെലവു് ആണ്ടുതോറും 125,000,000,000 ഡോളർ വീതം വരുന്നതാണു്. എന്നാൽ ഇന്നും, നമുക്കും നമ്മുടെ സഖ്യ രാഷ്ട്രങ്ങൾക്കും കൂടെയുള്ള ചെലവു് 25,000,000,000 ഡോളർ ആകുന്നുണ്ടു്. കാലം കഴിയുന്തോറും ചെലവു കൂടിക്കൂടി വരികയാണു്; കാരണം ക്രെംലിന്റെ സൈന്യവും വർദ്ധിച്ചുവരുന്നു. ഇങ്ങനെ ഒരു വലിയ തുക സൈന്യച്ചെലവിനു വിനിയോഗിക്കുമ്പോൾ നമ്മുടെ ജീവിതത്തോതു് അധഃപതിച്ചുവരികയും ചെയ്യും.

മടിയോടുകൂടെയെങ്കിലും നാമെല്ലാം ഇപ്പോൾ അമേരിക്കയ്ക്കു ലോകരാഷ്ട്രങ്ങളുടെ ഇടയിലുള്ള നേതൃത്വം സമ്മതിച്ചിരിക്കുന്നു. ദേശീയസ്വഭാവങ്ങൾ വെളിവാക്കത്തക്കവണ്ണം ഈ നേതൃത്വം എങ്ങിനെയാണു പ്രയോഗത്തിൽ വരുത്തേണ്ടതു

എന്നതു് അത്ര വ്യക്തമാക്കിയിട്ടില്ല. നമ്മുടെ നേതൃത്വം ഫലകരമാകണമെങ്കിൽ, മററു രാഷ്ട്രങ്ങളോടു ഐക്യബോധത്തോടും ബഹുമാനപൂർവ്വവും വർത്തിക്കേണ്ടതാണു്. ഇതു മൗലികമായ ഒരു മനഃശാസ്ത്രതത്വമാണു്; കാരണം, ഉത്തരവുകൾ കേട്ടു പ്രവർത്തിക്കുന്ന സേവകമനഃസ്ഥിതിക്കാരല്ല മററു സ്വതന്ത്രരാഷ്ട്രങ്ങൾ എന്നതു തന്നെ.

പരസ്പര ധാരണയ്ക്കുവേണ്ടി കരുതി പ്രവർത്തിക്കുന്ന ഘട്ടങ്ങളിലാണു ശരിക്കു ഫലമുണ്ടാകുന്നതെന്നു് ഇൗ. സി. എ. യിൽ എനിക്കുള്ള അനുഭവം തെളിച്ചു പറയുന്നു.

ഒന്നാം ലോകമഹായുദ്ധത്തിൽ നമ്മുടെ ശത്രുവും, രണ്ടാം മഹായുദ്ധത്തിൽ ഒരു നിഷ്പക്ഷകക്ഷിയുമായിരുന്ന ടർക്കി ഇന്നു നമ്മുടെ ഒരു വിശ്വസ്ത പങ്കാളിയായിരിക്കുന്നു. ഐക്യസംസ്ഥാനങ്ങളും ടർക്കിയുമായുള്ള സൗഹാർദ്ദത്തിൻെറ ആണിക്കല്ലു രണ്ടു രാഷ്ട്രങ്ങളുടെയും സ്വാർത്ഥതാല്പര്യങ്ങൾ തന്നെയാണു്. എന്നാൽ പരസ്പര ബഹുമാനം മൂലം പ്രസ്തുത സഖിത്വം വളരെ പുരോഗമിച്ചിട്ടുണ്ടു്. ടർക്കിയുടെ പ്രസിഡണ്ടുമായി

ഞാൻ സംഭാഷിച്ചതിൽ, അവർ സമാധാനസംരക്ഷണത്തിൽ എത്രത്തോളം താല്പര്യം പ്രകടിപ്പിക്കുന്നു എന്നു എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. 2 കോടി ജനങ്ങളുള്ള ടക്കിക്കു 25 ഡിവിഷൻ സൈന്യശക്തിയുണ്ടു്.

ഈ നേതൃത്വപ്രശ്നത്തെക്കുറിച്ചു് ഇംഗ്ലണ്ടിൽ വെച്ചു ഏർണസ്റ്റ് ബെവിനും ഞാനുമായി ചർച്ചകഠം നടത്തി. 16-ാം ശതകത്തിൽ സ്പാനിഷ് അർമാഡായെ തോല്പിച്ചതു മുതൽ, ഒന്നാം ലോകമഹായുദ്ധം വരെയും ബ്രിട്ടൻ ഏററവും പ്രബലമായ ലോകശക്തിയായിരുന്നു. സോഷ്യലിസ്റ്റാണെങ്കിലും, ബ്രിട്ടീഷുസാമ്രാജ്യത്തിൻെറ ചരിത്രത്തെ സാഭിമാനം കരുതുന്ന ബെവിൻ അതിൻെറ ദീർഘനാളത്തെ നിലയേക്കുറിച്ചു ഇങ്ങനെ പരാമർശിച്ചു. “ഞങ്ങളുടെ നാവികനേതാക്കളുടെയും ഒൻപതിനായിരം നാവികരുടെയും കൊഴുപ്പിലും പൊലിപ്പിലുമാണു ബ്രിട്ടീഷു സാമ്രാജ്യം നിലനിന്നതെന്നു ചിലർ ഗണിച്ചുവന്നു. പക്ഷെ ഞാൻ പറയുന്നതു്, ബ്രിട്ടീഷുകാരുടെ യോഗ്യതയെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും നീതിബോധത്തെക്കുറിച്ചും ലോകക്കു

ണ്ടായിരുന്ന ബഹുമതിയായിരുന്നു അതിൻെറ യഥാൎത്ഥ ശക്തി എന്നത്രേ.''

ബ്രിട്ടൻ ഒരു വലിയ നേതാവു തന്നെയായിരുന്നു. നേതൃത്വത്തിനുള്ള കൗശലത്തിലേ ഒരു നല്ല അടവാണു് സാമ്രാജ്യത്തിൻെറ അംഗങ്ങളായിരുന്ന രാഷ്ട്രങ്ങളേ കോമൺവെൽത്തിലെ അംഗങ്ങളാക്കിയതു്. കോമൺവെൽത്തിലേ അംഗങ്ങൾക്കു തുല്യാവകാശമാണുള്ളതെങ്കിലും, അവരിൽ ഒന്നാം സ്ഥാനം ബ്രിട്ടനു തന്നേയുണ്ടു്. അതുപോലെ സ്വതന്ത്രരാഷ്ട്രങ്ങളുടെ നേതൃത്വം വഹിക്കുന്ന അമേരിക്കയ്ക്കും തുല്യനിലയിൽ തന്നെ ഒന്നാം സ്ഥാനം ലഭിക്കുന്നതാണു്.

സ്വതന്ത്രലോകത്തിൻെറ ശക്തികേന്ദ്രങ്ങളായ അന്താരാഷ്ട്രീയസംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതിനു നാം ശ്രമിക്കേണ്ടതാണു്. മററു രാഷ്ട്രങ്ങളുമായി ഇടപെടുന്നതിനുള്ള ഏററവും വലിയ സംഘടന ഐക്യരാഷ്ട്രസമിതി തന്നെയാണു്.

എങ്കിലും കൌൺസിൽ ആഫ് യൂറോപ്പു്, യൂറോപ്പിലെ സാമ്പത്തിക സഹകരണ സംഘടന, പ്ലാൻ അമേരിക്കൻ യൂണിയൻ, നോത്ത് അററ്

ലാൻറിക്ക് ട്രീററി സംഘടന എന്നിങ്ങനെയുള്ള സംഘടനകളെയും നാം പിന്താങ്ങേണ്ടതാണ്.

എന്നാൽ ജനങ്ങളുടെയിടയിൽ ഐക്യബോധം വളർത്തുന്നതിനുള്ള പൂർണ്ണമായ ചുമതല ഗവണ്മെൻറുകളിലോ സംഘടനകളിലോ സ്ഥിതിചെയ്യുന്നില്ല. ഓരോ വ്യക്തിയും അസത്യത്തിന്നെതിരായുള്ള യുദ്ധത്തിൽ ഗണ്യമായ ചുമതല വഹിക്കേണ്ടതാണ്. തങ്ങളുടെ പങ്കാളികളെക്കുറിച്ചു പറയപ്പെടുന്ന ചീത്തസംഗതികളല്ല നല്ലതു തന്നേ വിശ്വസിക്കുന്നതിനു സ്വാതന്ത്ര്യജനതകൾ പഠിക്കേണ്ടതാണ്.

നമ്മൾ പരസ്പരം അവിശ്വസിക്കുകയും, ദൂഷിക്കുകയും ചെയ്യുമ്പോൾ സോവിയററിന്റെ ശക്തി വർദ്ധിപ്പിക്കുകയാണെന്നതു വിസ്മരിക്കരുതു്. കിംവദന്തികൾ പരത്തി സ്വാതന്ത്ര്യരാഷ്ട്രങ്ങളേ ക്രൂട്ടിത്തല്ലിക്കുന്നതിനു കമ്യൂണിസ്റ്റ് പ്രചാരണ പദ്ധതികൾ അനവരതം യത്നിച്ചുകൊണ്ടിരിക്കുകയാണ്. ഉദാഹരണങ്ങൾ ഇയ്യിടെതന്നെ ധാരാളം ഉണ്ടായിട്ടുണ്ടു്.

പണ്ടു ബെഞ്ചമിൻ ഫ്രാൻക്ലിൻ പറഞ്ഞ ആസൂക്തം ഇന്നു ഏററവും പ്രസക്തമായിരിക്കുന്നു: "നാമെല്ലാം ഒന്നിച്ചു തൂങ്ങേണ്ടതാണ്; അല്ലെങ്കിൽ നാമെല്ലാം വെവ്വേറേ തൂങ്ങിച്ചാകുകയേയുള്ളൂ."

## അദ്ധ്യായം 4

# നേതൃത്വത്തിൻെറ ദണ്ഡം

1915-ൽ കാഡില്ലാക്ക് മോമോർ കമ്പനി "നേതൃത്വത്തിൻെറ ദണ്ഡം" എന്ന തലക്കെട്ടിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു പരസ്യം, ഇന്നു ഐക്യസംസ്ഥാനങ്ങളിൽ പരസ്യക്കമ്പനിക്കാർ നല്ലവണ്ണം ഓൎക്കുന്നുണ്ട്. നേതൃത്വത്തിന്നു അതിൻെറ പദവികളും അതുപോലെ ദണ്ഡങ്ങളും ഉണ്ടെന്നു അതു സമൎത്ഥിക്കുന്നു. നേതൃത്വത്തിൽ വലിയ ചുമതലകൾ ആനുഷംഗികമായി ... ആന്തഃപക്ഷണീയമാണ്. വ്യാപാരരംഗത്തിൽ, ഏതെങ്കിലും ഒരു സാധനത്തിന്നും അതുണ്ടാക്കുന്ന കമ്പനിക്കും നേതൃത്വം ലഭിച്ചു കഴിഞ്ഞാൽ പിന്നെ, ഗുണവും മഹത്വവും അതേനിലയിൽ പരിപാലിച്ചുകൊണ്ടു പോകാനുള്ള പ്രേരണ ഏററവും ശക്തമായിരിക്കും. ബിസിനസ്സിലുള്ള നേതൃത്വത്തിനു ഇത്ര വലിയ കെട്ടുപാടുകൾ ഉള്ളപ്പോൾ, സ്വതന്ത്ര ലോകത്തിൻെറ നേതൃത്വം വഹിക്കുന്ന ഒരുരാഷ്ട്രത്തിൻെറ ചുമതലകൾ എത്രയോ ഗുരുതരമായിരിക്കുമെന്നു ആലോചിച്ചു നോക്കാവുന്നതാണ്.

ഈ രാഷ്ട്രത്തിൻെറ ഏററവും മുഖ്യമായ ചുമതല സ്വന്തം ശക്തി സംരക്ഷിക്കുകയെന്നുള്ള

താണു്. മററു ചുമതലകഠം നിവ്വഹിക്കാനുള്ള പ്രാപ്തിതന്നേ ഇതിനെ ആശ്രയിച്ചാണു സ്ഥിതി ചെയ്യുന്നതു്. സ്വാതന്ത്ര്യവും സ്വേച്ഛാധികാരവും തമ്മിൽ നടക്കുന്ന ഈ മഹാമത്സരത്തിൽ, ശക്തി പ്രവഹിച്ചു കായ്യം ഭദ്രമാക്കേണ്ടതു് ഐക്യ സംസ്ഥാനമാകുന്ന ഡൈനാമോയിൽ നിന്നത്രെ. ഈ ഡൈനാമോ നിൽക്കുകയോ, മന്ദീഭവിക്കുകയോ ചെയ്യുമ്പോഠം, ലോകത്തിലെ വിളക്കുകളെല്ലാം കെട്ടുപോകുന്നതാണു്. അതുപോലെ തന്നെ ആവശ്യത്തിലധികം ലോഡു കയററിയാൽ ഡൈനാമോ തകൎന്നുപോകുന്നതുമാണു്. അതുകൊണ്ടാണു നമ്മേക്കൊണ്ടു നിവ്വഹിക്കാൻ നിവൃത്തിയില്ലാത്ത ചുമതലകഠം നാം സ്വീകരിക്കരുതാത്തതു്.

ഈ വിപൽസന്ധിയിൽ നാമെല്ലാവരും തികച്ചും യോജിപ്പു കാണിക്കേണ്ടതാണു്. നമ്മുടെ ഇന്നത്തേ കഷ്ടതകഠംക്കും, കുഴപ്പങ്ങഠംക്കും ഉത്തരവാദിത്വം ഒരു പ്രത്യേക കക്ഷിയുടെയോ, വിഭാഗത്തിൻെറയോ തലയിൽവച്ചതുകൊണ്ടു് ഒരു പ്രയോജനവുമില്ല. ഭൂതകാലത്തിലേക്കു ആവശ്യത്തിലധികം നോക്കി നമ്മുടെ ഭാവി പാഴിലാക്കുവാൻ

പാടില്ല. റഷ്യയുടെ യുദ്ധാനന്തര മനോഭാവത്തെക്കുറിച്ചുള്ള നമ്മുടെ തെററായ ഗണന നമ്മുടെ പൊതുവായ തെററായിട്ടു സമ്മതിക്കേണ്ടതുതന്നെ. രണ്ടാം ലോകമഹായുദ്ധത്തിന്നുശേഷം സമാധാനോദ്യമത്തിൽ റഷ്യ നമ്മോടു സഹകരിക്കുമെന്നു നമ്മിൽ പലരും വിശ്വസിച്ചു. ഞാൻ തീർച്ചയായും അങ്ങനെതന്നെ ധരിച്ചിരുന്നു. അതുപോലെ ജപ്പാനെ തോല്പിച്ചശേഷം ലോകത്തിലെ ഏററവും നല്ല സൈന്യത്തെ പിരിച്ചുവിടുക എന്ന ഭോഷത്വവും നമ്മൾ ചെയ്തുപോയി.

ഞങ്ങളുടെ അഞ്ചു പുത്രന്മാരും പട്ടാളത്തിലുണ്ടായിരുന്നു. വിജയദിനം കഴിഞ്ഞയുടനേ തന്നേ പുത്രന്മാരെ വീട്ടിൽ വരുത്തുന്നതിനു ഞാനും എൻെറ ഭാര്യയും തിരക്കു കൂട്ടി. അതുപോലെ എത്രയോ മാതാപിതാക്കന്മാർ ചെയ്തിരിക്കും. അതുകൊണ്ടു് ആ വിഷയത്തിൽ നമ്മളെല്ലാം തെററുകാർ തന്നെയാണു്.

ലോകത്തോടു നമുക്കുള്ള കടമകൾ നിർവ്വഹിക്കുന്നതിൻെറ ആരംഭം പോലും യോജിപ്പില്ലാതെ അസാദ്ധ്യമാണു്. അതിനാൽ നമ്മുടെ വിദേശ

നയം ഫലകരമായിരിക്കണമെങ്കിൽ റിപ്പബ്ളിക്കൻ പാർട്ടിയും ഡെമോക്രാററിക്കപാർട്ടിയും കറയില്ലാത്ത സഹകരണബോധത്തോടുകൂടെ വർത്തിക്കണം. ലോകത്തോടു നമ്മുടെ ശബ്ദം ഉയർത്തുമ്പോൾ രണ്ടു ശബ്ദങ്ങൾക്കു സ്ഥാനമില്ല. അതുകൊണ്ട് വിദേശനയത്തെക്കുറിച്ച് ചർച്ചകളും, വാദപ്രതിവാദങ്ങളും ആവശ്യമില്ലെന്നു ഞാനതെല്ലം സൂചിപ്പിക്കുന്നില്ല. പക്ഷേ ഒരു റിപ്പബ്ളിക്കൻ, ഒരു ഡെമോക്രാററു എന്ന ചിന്ത വിട്ടു ഒരു അമേരിക്കൻ വ്യക്തി എന്ന വിചാരത്തോടുകൂടി ഈ വിഷയത്തിൽ വോട്ടു ചെയ്യണമെന്നാണ് എന്റെ ദൃഢമായ അഭിപ്രായം. ഇന്ന് ഒരു റിപ്പബ്ളിക്കൻ വിദേശനയത്തിന്നോ, ഡെമോക്രാററിക്ക വിദേശനയത്തിന്നോ പ്രസക്തിയില്ല. ഒരു അമേരിക്കൻ വിദേശനയമാണു വേണ്ടതു്. അതാണു നമ്മുടെ ഒന്നാമത്തെ ചുമതല.

ഒന്നാം ലോകയുദ്ധത്തിന്നുശേഷം, പ്രസിഡൻറു വിൽസന്റെ വിദേശനയത്തിന്നെതിരായി സെനററർ ഹെൻറി കാബട്ട്ലോഡ്ജിന്റെ പ്രതിപക്ഷനേതൃത്വവും, തന്മൂലം സർവരാജ്യസഖ്യത്തിന്നു

നേരിട്ട ബലഹീനതയും എല്ലാവക്കും അറിയാവുന്ന കാര്യങ്ങളാണ്. പക്ഷേ രണ്ടാം ലോകമഹായുദ്ധത്തിനുശേഷമുള്ള വിദേശനയത്തോടു പാർട്ടികൾ കാണിക്കുന്ന സഹകരണം അഭിമാനത്തോടുകൂടിയാണ് ഞാൻ സ്മരിക്കുന്നതു്. ഇതുമൂലം നമ്മുടെ രാഷ്ട്രത്തിൻെറ പ്രശസ്തി വെളിയിൽ വളരെ വദ്ധിച്ചിട്ടുണ്ട്. സാമ്പത്തിക സഹകരണപ്രസ്ഥാനം (ഇ. സി. എ.) റിപ്പബ്ലിക്കിൻെറ എൺപതാം കോൺഗ്രസ്സിലുണ്ടായതും രണ്ടു പാർട്ടികളുടെയും സഹകരണം നേടിയതുമത്രേ. ഇന്നു് മസാച്ചുസെററിലേ സെനററായ ഹെൻറികാബട്ട് ലോഡ്ജ്, തൻെറ പിതാമഹൻ എത്രമാത്രം എതിരു പിടിച്ചുവോ അതിൽ ശക്തിപൂർവ്വം യോജിപ്പിനുവേണ്ടി ശ്രമിക്കുന്നുവെന്നതു് സബഹുമാനം ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. അതുപോലെ പ്രശംസാർഹനായ മറെറാരു വ്യക്തിയാണു സെനററർ ടോം കോണല്ലി.

എങ്കിലും കക്ഷിരാഹിത്യപ്രസ്ഥാനത്തിൻെറ രൂപവൽക്കരണത്തിൽ സിംഹഭാഗം സെനറാർ ആർതർ എച്ച്. വാൻഡൻബർഗിനുതന്നേ കൊടു

ക്കേണ്ടതാണ്. അദ്ദേഹം സെനററ ഫോറിൻ റിലേഷൻസു കമ്മിററിയുടെ അദ്ധ്യക്ഷനായിരുന്ന കാലത്തു പ്രധാന കാര്യങ്ങളെല്ലാം ഐക കണ്ഠ്യേനയാണു തീരുമാനിക്കപ്പെട്ടുവന്നതു്.

1948 നവമ്പർ മാസത്തിലേ തെരഞ്ഞെടുപ്പിനു ശേഷം കക്ഷിരാഹിത്യപ്രസ്ഥാനത്തിൻെറ ശക്തി ക്ഷയിച്ചുവന്നു. 1950 മാർച്ച് ആയതോടുകൂടെ ഒരു വിഷമസന്ധി വന്നുചേർന്നു. അപ്പോഠം സെനററർ വാൻഡൻബർഗ്ഗു ചെയ്ത സേവനങ്ങഠം അവിസ്മര ണീയങ്ങളാണ്. അന്നൊരിക്കൽ എൻെറ ഒരു കത്തിനു മറുപടിയായി രോഗക്കിടക്കയിൽ നിന്നും അദ്ദേഹം അയച്ച ഒരു എഴുത്തിലെ ചില ഭാഗങ്ങ ളാണു താഴെ ചേർക്കുന്നതു്.

"ഇ. സി. എ. പദ്ധതി ആരംഭിച്ചതു കക്ഷി രഹിതമായ ഒരു പശ്ചാത്തലത്തിലാണ്. റിപ്പബ് ളിക്കൻ കോൺഗ്രസ്സിൽ, ഡിമോക്രാററിക്ക ഭരണ വകുപ്പിൻെറ പൂർണ്ണസഹകരണവും ഉണ്ടായിരുന്നു. ഈ യോജിപ്പു നമ്മുടെ ഏററവും നല്ല പാരമ്പ ര്യത്തേ പ്രകടിപ്പിക്കുന്നു എന്നു മാത്രമല്ല, ഏതൊരു മേരിക്കനും വിദേശമർദ്ദനത്തിൽനിന്നുള്ള സംരക്ഷ

ണത്തെ ദൃഢതരമാക്കുകയും ചെയ്യുന്നു. നിങ്ങൾ ഈ. സി. എ. ഭരണത്തിൽ ഈ കക്ഷിരാഹിത്യ തത്വം ശരിക്കു പിന്തുടരുന്നതറിഞ്ഞു, കൃതജ്ഞതയോടെ ഞാൻ നിങ്ങളേ സ്മരിക്കുന്നു. യോജിപ്പിൽ നാം നിലനിൽക്കും; യോജിപ്പില്ലായ്മയിൽ നാം തകർന്നുപോകും. അമേരിക്ക നിലനിൽക്കണമെന്നാണ് എൻെറ ആഗ്രഹം.''

വാൻഡൻ ബർഗിൻെറ ഈ പ്രസ്താവം വാഷിംഗ്ടണിൽ എല്ലാവരേയും പ്രഗാഢം സ്പർശിച്ചു; എന്നുമാത്രമല്ല പല പത്രങ്ങളും ഇതു ഉദ്ധരിക്കുകയും ചെയ്തു.

പ്രസിഡണ്ടു ട്രൂമൻതന്നെ റിപ്പബ്ലിക്കൻ നേതാക്കന്മാരുമായി കൂടിയാലോചനകൾ നടത്തി. ഇങ്ങനെയുള്ള ആലോചനകളുടെ ഫലമായി ഈ. സി. ഏ. യെപ്പോലെ വിദേശനയവുമായി ബന്ധമുള്ള എല്ലാ സംഘടനകൾക്കും രണ്ടു പാർട്ടികളുടെ ഗണ്യമായ പിന്തുണ ലഭിച്ചു.

നമ്മുടെ രണ്ടാമത്തെ ചുമതല വിലപ്പെരുപ്പം നിയന്ത്രിക്കുന്ന ഒരു സാമ്പത്തികനയം രൂപവൽകരിക്കുകയാണ്.

ഐക്യസംസ്ഥാനങ്ങളിൽ ഗണ്യമായ വിലപ്പെരുപ്പം ഉണ്ടാകുന്ന പക്ഷം അതിന്റെ ഫലം ലോകം മുഴുവൻ അറിയാതിരിക്കയില്ല. യൂറോപ്പിലെ വിലപ്പെരുപ്പത്തെ വിജയകരമായി തടയാൻ ഈ. സി. ഏയ്ക്കു സാധിച്ചു. എങ്കിലും ആ വിജയത്തെ നിഷ്ഫലമാക്കുന്നതായിരിക്കും ഐക്യസംസ്ഥാനങ്ങളിൽ വിലപ്പെരുപ്പം ഉണ്ടാവുക എന്നതു്. 1948-ലെ അസ്ഥിരതയും, ദൗർബല്യവും മാറി ഇന്നു യൂറോപ്യൻ രാഷ്ട്രങ്ങൾ സാമ്പത്തികമായി ഉറച്ചുനിൽക്കുന്നു. പക്ഷേ, ഈ ഉറപ്പിനെ ഇളക്കുവാൻ, ഐക്യസംസ്ഥാനങ്ങളിൽ വേലിയേററം ഉണ്ടായാൽ മതിയാകുന്നതാണു്.

എങ്ങനെയാണു വിലക്കയററം തടയുക ? ഉണ്ടാവുന്നതിലധികം ആവശ്യം വരിക എന്നതാണു് വിലക്കയററത്തിന്റെ അടിസ്ഥാനകാരണം. അതുകൊണ്ടു പരിഹാരം, വിഭവവദ്ധനവിലും, അവശ്യങ്ങളുടെ നിയന്ത്രണത്തിലുമാണു് സ്ഥിതിചെയ്യുന്നതു്.

ഉള്ളിലും വെളിയിലും വിഭവങ്ങൾ വദ്ധിപ്പിക്കുവാനുള്ള പരിശ്രമമാണു് നമ്മുടെ പ്രത്യേക

ശ്രദ്ധയെ ആകർഷിക്കുന്നതു്. ചെമ്പു്, കോബാൾട്ടു്, റബ്ബർ, മാംഗനീസു മുതലായ പദാർത്ഥങ്ങൾ വളരെ വർദ്ധിക്കേണ്ടിയിരിക്കുന്നു. ഇതിന്നുവേണ്ടി ഈ. സി. എ. കുറേ നാളായി പ്രവർത്തിച്ചുവരുന്നുണ്ടു്.

സൈനികാവശ്യങ്ങൾക്കും മററാവശ്യങ്ങൾക്കും ഇരുമ്പു തുടങ്ങിയ ലോഹങ്ങൾ വളരെ ആവശ്യമുണ്ടു്. രണ്ടു വിഭാഗങ്ങൾക്കും അഭിവൃദ്ധി വരുത്തക്കവണ്ണം അത്തരം വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ നമുക്കു കഴിയുന്നതാണു്.

ഇതുകൊണ്ടുതന്നേ വിലക്കയററം പൂർണ്ണമായി നിയന്ത്രിക്കാൻ കഴികയില്ല. വില നിയന്ത്രണങ്ങളും, വിതരണനിയന്ത്രണങ്ങളും ആവശ്യമാണു്. അങ്ങനെ റേഷനിംഗും ആവശ്യമായി വരുന്നു. ഇതോടു ചേർന്നു കൂലിനിയന്ത്രണവും അനുപേക്ഷണീയമായിത്തീരുന്നു.

ഈ മുപ്പിരിച്ചുരടിനു പല ദോഷങ്ങളും ഇല്ലാതില്ല. സ്വതന്ത്രമായ സാമ്പത്തിക നിലയാണു് ആരോഗ്യപൂർണ്ണമായുള്ളതു്. നിയന്ത്രണങ്ങൾക്കുള്ള ഏററവും വലിയ ബലഹീനത, അവ ഉല്പാദനത്തെ

കുറയ്ക്കുന്ന എന്നതാണ്. ആവശ്യത്തിലധികം കേന്ദ്രവൽകരണവും അതിന്റെ മറെറാരു ദോഷമാണ്. ശരിയായ പുരോഗതി സ്വാതന്ത്ര്യത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ഇതൊക്കെ ശരിയാണെങ്കിലും ഇതുപോലുള്ള ഘട്ടങ്ങളിൽ നിയന്ത്രണങ്ങൾ കൂടാതെ കഴിയുകയുമില്ല. എന്നാൽ പ്രത്യക്ഷമായ നിയന്ത്രണങ്ങളേക്കാൾ പരോക്ഷമായ നിയന്ത്രണങ്ങൾ കൂടുതൽ പ്രയോജനത്തെ ചെയ്യുന്നതാണ്.

കൂടാതെ ഗവണ്മെൻറു ബോണ്ടുകളിൽ പണം നിക്ഷേപിക്കുന്നതിനു ജനങ്ങളെ പ്രേരിപ്പിക്കുന്നതും, നികുതി വർദ്ധിപ്പിക്കുന്നതും, വിലക്കയററത്തെ സാരമായി തടയുന്നതാണ്.

ദുർല്ലഭവസ്തുക്കൾ ലോകമൊട്ടുക്കു വേണ്ടവണ്ണം വിഭജിക്കുന്നതിനു ഒരു പരിപാടി ഉണ്ടാക്കുകയെന്നതാണ മൂന്നാമത്തെ ചുമതല. ടിൻ, ചെമ്പ്, കമ്പിളി, റബ്ബർ എന്നീ വസ്തുക്കളെ സംബന്ധിച്ച ഒരു അന്താരാഷ്ട്രീയ നിബന്ധന ഉണ്ടാക്കുന്നതു അഭിലഷണീയമായിരിക്കും. ഇതു് എളുപ്പമുള്ള കാര്യമല്ല എന്നു സമ്മതിക്കാം.

വിദേശവ്യാപാരത്തേക്കുറിച്ച് ഐക്യസംസ്ഥാനങ്ങൾക്കുള്ള മനോഭാവം പരിഷ്കരിക്കുക എന്നതാണ് നാലാമത്തെ ചുമതല. 19-ാംശതകത്തിൽ ഗ്രേയിററു ബ്രിട്ടൺ ഉണ്ടാക്കിയ ലോക വിപണി വ്യവസ്ഥ എല്ലാവക്കും പ്രയോജനപ്രദമായിരുന്നു. ഐക്യസംസ്ഥാനങ്ങളും അതുപോലൊരു പദ്ധതി സ്വീകരിക്കേണ്ടിയിരിക്കുന്നു. വിൽക്കാനല്ലാതെ വാങ്ങാൻ നാം ഉത്സാഹം കാണിക്കുന്നില്ല. അതിനാൽ ആന്തരികമായി ബാലൻസുതെററിത്തുടങ്ങിയിരിക്കുന്നു. 1928 മുതൽ 21 വഷങ്ങളിലുള്ള ഇറക്കുമതി 5 ശതമാനം മാത്രമേ വദ്ധിച്ചിട്ടുള്ളൂ. എന്നാൽ ഇവിട്ടത്തേ ഉല്പാദനം 60 ശതമാനംവദ്ധിച്ചിട്ടുണ്ട്. ഇങ്ങനെയിരിക്കുമ്പോൾ മററു രാഷ്ട്രങ്ങൾക്കു നമ്മിൽനിന്നു വാങ്ങാൻ ശക്തി ഉണ്ടാകുന്നതല്ല. അതുകൊണ്ടാണ് ഒരു ഡസനോളം കടംവായ്പ പദ്ധതികൾ നാം അംഗീകരിക്കേണ്ടിവന്നതു്. പാശ്ചാത്യ യൂറോപ്പിനു മാത്രം ഇക്കഴിഞ്ഞ 35 വർഷങ്ങൾക്കുള്ളിൽ 22,000,000,000 ഡാളർ കടം കൊടുത്തിട്ടുണ്ട്. ഇതിൽ യുദ്ധസംബന്ധമായ ചിലവുകൾ ഉൾപ്പെടുന്നില്ല. എന്നാൽ വെളിയിലേക്കു പോയ

പണം എല്ലാംകയററുമതിയുടെപേരിൽ തിരിച്ചുവരികയാണുണ്ടായിട്ടുള്ളത് എന്നതുമറക്കാൻ പാടില്ല.

ലോക വ്യാപാരത്തിനുള്ള ഏററവും സമത്ഥമായ അടിസ്ഥാനം ബിസിനസ്സ് അടിസ്ഥാനം തന്നെയാണ്, നാം വിദേശങ്ങളിൽ സാധനങ്ങൾ വിൽക്കുമ്പോൾ നമുക്കു ഡോളർ ലഭിക്കുന്നു. എന്നാൽ അവക്കാവശ്യമുള്ള ഡോളർ ലഭിക്കണമെങ്കിൽ അവരുടെ സാധനങ്ങൾ ഇവിടെ വിൽക്കാനും കഴിയേണ്ടതാണ്. അതിനാൽ ഇറക്കുമതിക്കച്ചവടം അധികമായി നാം പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതായതു് നമ്മുടെ താരിപ്പുകൾ, തീരുവകൾ എന്നിവ നാം ശ്രദ്ധാപൂവ്വം പരിഷ്കരിക്കണമെന്നത്ഥം. 1934-നുശേഷം ഇക്കാര്യത്തിൽ നാം അല്പം പുരോഗമിച്ചിട്ടുണ്ടെന്നു സമ്മതിക്കാം. അതിൻെറ ഫലമായി തീരുവകളും ചുങ്കങ്ങളും അല്പമൊക്കെ കുറഞ്ഞിട്ടുമുണ്ടു്. എങ്കിലും ഇനിയും പല പരിഷ്കാരങ്ങളും ആ വിഷയത്തിൽ വരുത്തേണ്ടതുണ്ടു്. ചില സാധനങ്ങൾക്കു ഇന്നു നാം 110 ശതമാനം തീരുവ ചുമത്തിവരുന്നു. നമ്മുടെ താരിപ്പുനിയമത്തിൽ അനേകായിരം വക

പ്പുകളും ഉപവകുപ്പുകളും ഉണ്ട്. പരുത്തി കാപ്പ് റുകളിൽ ചില ഇനങ്ങൾക്ക 10 ശതമാനം തീരുവ യുള്ളപ്പോൾ, അതേയിനങ്ങൾക്ക് അലുക്കണ്ടെങ്കിൽ തീരുവ 40 ശതമാനമാണ്. പലപ്പോഴും വില്പന കഴിഞ്ഞശേഷമാണ പൂർണ്ണമായ തീരുവ എന്താ ണെന്നു കച്ചവടക്കാരൻ അറിയുന്നത്. കാരണം വകുപ്പു മാറി തീരുവ ഭേദപ്പെടുത്തുന്നതിനു ഗവ ൺമെൻറിനു എപ്പോഴും അവകാശമുണ്ട്.

തീരുവനിയമങ്ങൾ ലഘൂപ്പെടുത്തി നേരേ യാക്കുക എന്നതു കോൺഗ്രസ്സ് ഉടനേ തന്നെ നിർവ്വഹിക്കേണ്ട ഒരു കർത്തവ്യമാണ്. പ്രത്യേക സന്ദർഭങ്ങളിൽ തീരുവ നിരമങ്ങൾ പരിഷ്കരിച്ചു പ്രയോഗിക്കുന്നതിനുള്ള അധികാരം പ്രസിഡണ്ടിനു കൊടുക്കേണ്ടതുമാണ്. ഇപ്പോൾ തന്നേ ചില സാധനങ്ങൾ കിട്ടുന്നതിനുള്ള പ്രയാസം കുറയണ മെങ്കിൽ തീരുവ കുറയ്ക്കുകയോ ഇല്ലാതാക്കുകയോ ആവശ്യമാണ്. ഏതെങ്കിലും അമേരിക്കൻ വ്യവ സായത്തിനോ സാമ്പത്തിക സംഘടനയ്ക്കോ സാര മായ യാതൊരു ഹാനിയും തട്ടാതെ ഇതു ചെയ്യാ വുന്നതുമാണ്.

'അമേരിക്കൻ സാധനം വാങ്ങുക' എന്ന ലിഖിത നിർദ്ദേശം നമ്മുടെ ഫെഡറൽ നിയമ ഗ്രന്ഥങ്ങളിൽ നിന്നും ഉടനേ ഇല്ലാതാക്കേണ്ടതാണ്. സൈന്യച്ചെലവു വർദ്ധിക്കുന്നതിനുള്ള പല കാരണങ്ങളിൽ ഒന്നു മേൽക്കാണിച്ച നിയമത്തിലടങ്ങിയിരിക്കുന്ന പരിമിതിയാണ്. എന്നു മാത്രമല്ല, വിദേശ സാധനങ്ങൾ ബഹിഷ്കരിക്കണമെന്നു പറയുന്ന നമുക്ക്, മററു രാജ്യങ്ങളിൽ എങ്ങനെ ആത്മാർത്ഥമായി വ്യാപാരം നടത്താൻ കഴിയും?

ഐക്യസംസ്ഥാനങ്ങളുടെ സഹായത്തോടുകൂടി ഉണ്ടാക്കപ്പെടുന്ന സാധനങ്ങളിൽ 50 ശതമാനമെങ്കിലും, അമേരിക്കൻ കപ്പലുകളിൽ കയററുമതി ചെയ്യപ്പെടണം എന്ന വ്യവസ്ഥയും തിരസ്കരിക്കേണ്ടതാണ്. സഹായം സ്വീകരിക്കുന്ന രാഷ്ട്രങ്ങളുടെ കപ്പലുകളിൽ കയററുമതി നടത്തിയിരുന്നുവെങ്കിൽ, അവരുടെ വിക്രയശക്തി കുറേക്കൂടെ വർദ്ധിച്ചേനേ.

ഐക്യസംസ്ഥാനങ്ങൾ കച്ചവടക്കപ്പലുകൾ ധാരാളമായി സംരക്ഷിക്കേണ്ടതാണ് എന്നെനിക്കു അഭിപ്രായമുണ്ട്. അതിന്നു വേണ്ട സഹായധന

ത്തിൽ എൻെറ പങ്കു വഹിക്കാൻ ഞാനും തയ്യാർ തന്നെ. എങ്കിലും അവയുടെ എണ്ണവും വലുപ്പവും നിശ്ചയിക്കുന്നതു്, നോവേ്, ബൽജിയം, നെതർലൻഡ്സ്, ഗ്രേറബ്രിട്ടൺ ആദിയായ രാഷ്ട്രങ്ങളിലെ സ്ഥിതിഗതികൾ ശരിക്കു മനസ്സിലാക്കിയിട്ടു വേണം.

നമ്മുടെ വിദേശ വ്യാപാരത്തിൻെറ നാരായവേരു് കാർഷിക നയത്തോടു വളരെ ബന്ധപ്പെട്ടു നിൽക്കുന്നു. കഴിഞ്ഞ 30 വഷങ്ങളോളം, വിദേശങ്ങളുമായി വിയുക്തമായ ഒരു മട്ടിൽ അതു വളൻ കൊണ്ടിരുന്നു. എങ്കിലും ലോകത്തിലേ സാമ്പത്തിക ബന്ധങ്ങളുടെയെല്ലാം അടിത്തറ കൃഷിതന്നെയാണെന്നതു നിസ്സംശയമത്രേ.

കൃഷിക്കാരനു തൻെറ വിളവുകൾക്കു കുറഞ്ഞതു ഇന്ന വില കിട്ടുമെന്നുള്ള കരാറാണു് ഇന്നത്തേ നയത്തിൻെറ ജീവനാഡി. ഇന്നു് 51 ശതമാനം വിളവുകളും ഈ സംരക്ഷണത്തിൽ വരുന്നുണ്ടു്.

ധാന്യങ്ങളുടെ വില പലപ്പോഴും വളരെ കൂടുതലാകയാൽ വിദേശികൾക്കു് അവ വാങ്ങാൻ പ്രയാസമാകുന്നുണ്ടു്. അതുകൊണ്ടാണു ഗോത

ബിൻെറയും, പരുത്തിയുടേയും കാര്യത്തിൽ കയററുമതിപ്രവാഹമില്ലാതെയിരിക്കുന്നതു്. ഇതു ഗുരുതരമായ ശ്രദ്ധയേ അർഹിക്കുന്ന ഒരു പ്രശ്നം തന്നെയാണു്. അമേരിക്കയിലെ കയററുമതിയുടെ 24 ശതമാനം കാർഷികോൽപ്പന്നങ്ങളാണു്.

സ്വതന്ത്ര വിപണികൾക്കു് അത്യന്താപേക്ഷിതമായിട്ടുള്ളതു്, ഏററവും ചുരുങ്ങിയ ചെലവിൽ ഏററവുമധികം ഉൽപ്പാദിപ്പിക്കുക എന്നതാണു്. അതിനാൽ അമേരിക്കയിലേ കാർഷികോല്പന്നങ്ങളുടെ ഈ വില ചുരുക്കുവാൻ മാർഗ്ഗമുണ്ടാക്കേണ്ടതു് അത്യാവശ്യമാണു്. സംസ്ഥാനത്തിൻെറ പ്രത്യേക സംരക്ഷണയിൽ കഴിയാൻ അമേരിക്കൻ കൃഷകർ ആഗ്രഹിക്കുന്നില്ല എന്നെനിയ്ക്കറിയാം. എന്നാൽ ഇന്നത്തെ സ്ഥിതിഗതികൾ ഗവണ്മെൻറിൻെറ നിയന്ത്രണം അനപേക്ഷണീയമാക്കിയിരിക്കുന്നു. കൃഷി ഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടത്തിൽ സ്ഥലവിഭജനവും, മററുകാര്യങ്ങളും നിയന്ത്രിച്ചാൽ ആവശ്യവും വിളവെടുപ്പും തമ്മിൽ കുറെക്കൂടെ അടുത്ത ബന്ധം ഉണ്ടാകും. 1950-ൻെറ മദ്ധ്യത്തിൽ നാലര ബില്ല്യൺ ഡാളറിനുള്ള ധാന്യവും,

മുട്ടയും, വെണ്ണയും, വെളിയിൽ എങ്ങനെയെങ്കിലും തള്ളി അയയ്ക്കേണ്ട ഒരു ചുമതല അമേരിക്കൻ കൃഷി വകുപ്പിനുണ്ടായിരുന്നു. അതു മററു രാഷ്ട്രങ്ങളേയും അവിടത്തെ കർഷകരേയും ബാധിച്ചു എന്നു പറയാതെ തരമില്ല. ഇക്കാരണം കൊണ്ടു തന്നെയാണു ഗവൺമെൻറ് ഉരുളക്കിഴങ്ങു വാങ്ങി നശിപ്പിച്ചുകളയുന്നതു്.

തൽക്കാലം ആകർഷകമെങ്കിലും അവസാനം ആപൽക്കരമായിട്ടുള്ള പദ്ധതികൾ മുഖേന കർഷകരേ ഇങ്ങനെ പ്രോത്സാഹിപ്പിക്കുന്ന രീതി മററു പല രാഷ്ട്രങ്ങളും അനുവർത്തിച്ചുവരുന്നുണ്ടു്.

വിദേശസാമ്പത്തികനയവും, സ്വദേശകർഷകനയവും തമ്മിലുള്ള വൈപരീത്യവും സംഘട്ടനവും ചർച്ചചെയ്യുമ്പോൾ, നമ്മുടെ കർഷകനേ സംരക്ഷിക്കേണ്ട ചുമതല തിരസ്കരിച്ചുകൂടാ എന്നു ഉറപ്പിച്ചു പറയണം. അല്ലെങ്കിൽ അയാൾ തൊഴിലില്ലായ്മ അനുഭവിക്കേണ്ടിവരും. പക്ഷേ അതല്ല ഇവിടെ ആലോചിക്കാനുള്ളതു്. അയാളുടെ താല്പര്യവും, വിദേശ വ്യാപാരത്തിൻെറ ഗതിയുംകൂടെ എങ്ങിനെ യോജിപ്പിച്ചുകൊണ്ടുപോകാൻ കഴിയും

എന്നതാണു പ്രധാനമായി ഇവിടെ ചിന്തിക്കേണ്ടതു്. 'കുറേക്കൂടെ ബുദ്ധിപൂർവ്വമായ വിലനിർണ്ണയനം ആവശ്യമാണെന്നാണു് എനിക്കു തോന്നുന്നതു്.

അന്താരാഷ്ട്രീയ മണ്ഡലത്തിലും ഈ ലക്ഷ്യം ഉപയോഗപ്രദമാണു്. ഇങ്ങനെയുള്ള പരിപാടികളേക്കുറിച്ചു് പല രാഷ്ട്രങ്ങളുടെ പ്രതിനിധികൾ ചേർന്നു് ഒരു മേശയ്ക്കു ചുററുമിരുന്നു നിശ്ചയിക്കുന്നപക്ഷം വ്യാപാരവികാസത്തെ അതു സഹായിക്കുന്നതാണു്.

വില സംരക്ഷണവും, കയററുമതി നിയന്ത്രണവും, അതീതമായ തോതിൽ പ്രയോഗിക്കുന്നതുകൊണ്ടു വിദേശത്തു പല പ്രത്യാഘാതങ്ങളും സഹജമായി ആവിർഭവിക്കുന്നു. തന്മൂലമുണ്ടാകുന്ന യുദ്ധങ്ങളും അതിന്റെ ഫലങ്ങളും ഇതിനേക്കാൾ എത്രയോ മടങ്ങു നാശത്തേയാണു ചെയ്യുന്നതു്.

അമേരിക്കൻ ഫാം ബ്യൂറോ ഫെഡറേഷൻ, ദി ഫാർമേഴ്സ് യൂണിയൻ, ദി നാഷനൽ ഗ്രെയിഞ്ച് എന്നു തുടങ്ങിയ കർഷക സംഘടനകളുടെ നേതാക്കൾ ഭാഗ്യവശാൽ വളരെ അറിവും പരിചയവും

ഉള്ളവരാണ്. കഴിഞ്ഞ രണ്ടര വർഷങ്ങളോളം ഇവരുമായി കൃഷി പരിഷ്കരണത്തെക്കുറിച്ചു കൂടിയാലോചനകൾ നടത്തുന്നതിന് എനിക്കു കഴിഞ്ഞിട്ടുണ്ട്. അവരുടെ നിർദ്ദേശങ്ങൾ അമേരിക്കയുടെ മാത്രമല്ല മററു രാഷ്ട്രങ്ങളുടേയും സുസ്ഥിതിക്കു പ്രയോജകീഭവിക്കുന്നതായിരുന്നു. പ്രഥമവീക്ഷണത്തിൽ അമേരിക്കയ്ക്കു ദോഷമെന്നു തോന്നിക്കുന്നതെങ്കിലും, ദൂരനോട്ടത്തിൽ പ്രയോജനത്തെ ചെയ്യുന്ന പല പദ്ധതികളും അവർ അംഗീകരിച്ചിട്ടുണ്ട്.

നമ്മുടെ കർഷകരുടെ സ്ഥിതിക്കു അത്യാവശ്യമായ സംരക്ഷണം നൽകുന്നതെങ്കിലും, കുറെക്കൂടെ സ്വതന്ത്രമായ വ്യാപാരം ലോകം മുഴുവൻ നടത്താൻ കഴിയുന്ന ഒരു പുതിയ പദ്ധതിയാണു നമുക്കു വേണ്ടതു്.

അപ്പോൾ ഈ വിഷയത്തിലും നേതൃത്വമുള്ള നമ്മുടെ ചുമതല എത്ര ഗംഭീരമാണു് എന്നു തെളിയുന്നു.

ഞാൻ ഈ. സി. ഏ. ഭരണസാരഥ്യം വഹിച്ചിരുന്നസമയത്തു്, ഒന്നും രണ്ടും ലോകയുദ്ധങ്ങളുടെ

മദ്ധ്യഘട്ടത്തിൽ നമുക്കുണ്ടായിരുന്ന ഒററപ്പെട്ട നില വന്നിരുന്നുവെങ്കിൽ എന്നു പല തവണ ആഗ്രഹിച്ചു പോയി. പക്ഷേ ഒരിക്കലും ആ നിലയിൽ ഇനി എത്തിച്ചേരാൻ കഴിയുന്നതല്ല. ഒന്നുകിൽ നാം ഈ പുതിയ ചുമതലകൾ സ്വീകരിക്കാൻ തയ്യാറാകണം; അല്ലെങ്കിൽ സ്വതന്ത്രലോകം തകൎന്നു തുടങ്ങുന്നതാണ്. ഇങ്ങനെ സമാധാനം മത്സരിച്ചു നേടുന്നതിനുള്ള നമ്മുടെ സന്ദർഭം നാം പാഴിലാക്കുകയും ചെയ്യും.

അദ്ധ്യായം 5

# സൈനികരംഗത്തിലേ സമാധാന മത്സരം.

റഷ്യയുടെ സൈനിക ശക്തിയെക്കുറിച്ച് ഒരു അമേരിക്കനെ മനസ്സിലാക്കാൻ ബർളിനിലേ ബ്രിട്ടീഷുവിഭാഗത്തിൽ സ്ഥിതിചെയ്യുന്ന ഒരു റഷ്യൻ യുദ്ധസ്മാരകം സന്ദർശിച്ചാൽ മതിയാകുന്നതാണ്.

ബ്രാൻഡൻബർഗ്ഗ ഗെയിററിനു പടിഞ്ഞാറുള്ള ഈ സ്ഥാപനത്തിനു ചുററും കാണുന്ന വെള്ളത്തൂണുകളുടെ ഇടയിൽ റഷ്യൻ പടയാളികൾ തുടർച്ചയായി ഇതു കാവൽ ചെയ്തുവരുന്നു. പ്രവേശനദ്വാരത്തിൽ ഒരു വലിയ ടാംകും, നീണ്ട ഒരു ആർട്ടില്ലറിതോക്കും വച്ചിട്ടുണ്ട്. ഈ ചിഹ്നങ്ങൾ, ഒരുപക്ഷേ, യുദ്ധസ്മാരകത്തിനു ഉചിതമായിരിക്കാം.

എങ്കിലും മറെറാരത്ഥമാണ് ഒടുവിൽ ഇവ കണ്ടപ്പോൾ തോന്നിയത്. അന്ന് കൊറിയൻ യുദ്ധം ഭയങ്കരമായി നടക്കുന്നു. പശ്ചിമഭൂവിഭാഗത്തിൽ ജീവിക്കുന്ന നമുക്ക് സമാധാനം നേടണ

മെങ്കിൽ, റഷ്യയുടെ പതിനായിരക്കണക്കിനുള്ള ടാംകുകളും തോക്കുകളും ജയിക്കുന്ന യുദ്ധശക്തി നമുക്കു ലഭിക്കാതെ കഴികയില്ല എന്നു് എനിക്കു നല്ല നിശ്ചയമായി.

ഞാൻ ഒരു സമാധാനസ്നേഹിയാണു്. സാമ്പത്തികവും, രാഷ്ട്രീയവുമായ രംഗങ്ങളിൽ തന്നെ അക്രമരഹിതമായ ഉപാധികൾമൂലം സമാധാനം സ്ഥാപിക്കണമെന്നതാണു് എൻെറ ഹൃദയപൂർവ്വമായ അഭിലാഷം. പക്ഷേ മുൻവാതിൽ മാത്രം അടച്ചിട്ടു്, പിൻവാതിൽ തുറന്നിട്ടാൽ പ്രയോജനമില്ലെന്നു നമുക്കെല്ലാം അറിയാം. ആക്രമണം ഏതു രൂപത്തിൽ വന്നാലും, അതിനെ ചെറുക്കാതെ സ്വാതന്ത്ര്യമായി കഴിഞ്ഞുകൂടാൻ സ്വാതന്ത്ര്യലോകത്തിനു കഴികയില്ല.

ഇവിടെയും നേതൃത്വത്തിൻെറ ചുമതല ഐക്യസംസ്ഥാനങ്ങളുടെ ചുമലിലാണു പതിക്കുന്നതു്. ക്രെംലിൻ ധൈര്യമായി ആക്രമിക്കാൻ മടിക്കത്തക്കവണ്ണം നമ്മുടെ രാജ്യരക്ഷാ വകുപ്പു ശക്തി വർദ്ധിപ്പിക്കണമെന്നു മാത്രമല്ല, സ്വാതന്ത്ര്യലോകത്തിലേ മററു രാഷ്ട്രങ്ങളും അവരുടെ

സൈനികശക്തി വർദ്ധിപ്പിക്കത്തക്കവണ്ണം സഹായിക്കേണ്ടതുമാണ്. അങ്ങനെ വരുമ്പോൾ ചുകപ്പു സൈന്യം പശ്ചിമയൂറോപ്പിലോ ഏഷ്യയിലോ കടക്കുന്നത് ആത്മഹത്യാപരമായിരിക്കും. ഞാൻ സൈനികതന്ത്ര വിദഗ്ദ്ധനല്ലെങ്കിലും, വിദഗ്ദ്ധന്മാരോടു നല്ലവണ്ണം ഇടപെട്ടിട്ടുള്ളതുകൊണ്ടും ഈ പ്രശ്നത്തിൻെറ സങ്കീർണ്ണത എനിക്കു നല്ലവണ്ണം അറിയാം. ഈ ശക്തിവർദ്ധനവു നമ്മുടെ സാമ്പത്തികഭദ്രതയേ എങ്ങനെ ബാധിക്കുമെന്ന് എനിക്കു അറിയാം.

കരയിലും, വെള്ളത്തിലും, വായുവിലുമുള്ള നമ്മുടെ സൈന്യത്തിൻെറ പ്രഥമകർത്തവ്യം, ഐക്യസംസ്ഥാനങ്ങളേ സംരക്ഷിക്കുക എന്നതാണ്. പക്ഷേ ഇന്നത്തേ ലോകഗതിയനുസരിച്ചു ആ സംരക്ഷണം ഐക്യസംസ്ഥാനങ്ങളുടെ പരിധിയിൽ നിർത്താൻ കഴികയില്ല. ആററംബോംബും, ബോംബർ വിമാനങ്ങളും പ്രചരിപ്പിക്കുന്ന ഇക്കാലത്തു് അമേരിക്കയേ സംരക്ഷിക്കുവാൻ ബർലിനിലും, ടോക്കിയോവിലും മററും കാലുറപ്പിക്കാതെ നിവൃത്തിയില്ല.

സഖ്യശക്തികളിൽ ഏതെങ്കിലും ഒന്നിനോടുണ്ടാകുന്ന ആക്രമണം നമ്മെ ആക്രമിക്കുക തന്നെയാണ്. അതുകൊണ്ടാണ് സൈനികശക്തി വർദ്ധിപ്പിക്കുമ്പോൾ നമ്മെപ്പോലെതന്നേ മററു സഖ്യശക്തികളേയും നാം കരുതേണ്ടതു്.

നമ്മുടെ സുരക്ഷിതത്വം മററുള്ളവരുടെ സുരക്ഷിതത്വത്തെ ആശ്രയിച്ചാണ് ഇരിക്കുന്നതു്. പ്രസിഡണ്ടു ജെയിംസ് മൺറോവിൻെറ കാലത്തു് ഈ തത്വം നമ്മുടെ വിദേശീയനയത്തിൻെറ ജീവനാഡിയായി നാം അംഗീകരിച്ചിട്ടുള്ളതാണ്. ഇതിൻെറ ഫലമായിട്ടാണ് 1947-ൽ നടന്ന റയോ കോൺഫ്റൻസിൽ അമേരിക്കൻ റിപ്പബ്ളിക്കുകളെല്ലാം ചേൎന്ന് പരസ്പര സംരക്ഷണക്കരാറിൽ ഒപ്പുവച്ചതു്.

ഈ കരാറിൻെറ ഒരു വികാസമാണു ഫിലിപ്പൈൻസ്, ചൈനാ, ഇറാൻ, ഗ്രീസ്, ടൎക്കി ഈ രാഷ്ട്രങ്ങളുടെ സംരക്ഷണ വിഷയത്തിൽ നാം ഇടപെട്ടതു്. നോർത്തു് അററ്ലാൻറിക്ക് സഖ്യമനുസരിച്ചു് നാമും കാനഡയും പശ്ചിമയൂറോപ്പിലുള്ള മിക്ക ശക്തികളുമായി സംരക്ഷണ

വിഷയത്തിൽ യോജിച്ചു നിൽക്കാമെന്നു കരാർ ചെയ്തിട്ടുണ്ട്. കൂടാതെ ഐക്യരാഷ്ട്ര സമിതിയുടെ ഒരംഗമെന്ന നിലയ്ക്ക് അന്താരാഷ്ട്രീയ സമാധാനത്തിനു വേണ്ടി ആവശ്യപ്പെടുമ്പോൾ സഹകരിക്കാനുള്ള ഉത്തരവാദിത്വവും നമുക്കുണ്ട്.

ഏതെങ്കിലും ഏഴു രാഷ്ട്രങ്ങളുടെ ആവശ്യമനുസരിച്ചു 24 മണിക്കൂറിനകം അടിയന്തയോഗംകൂടി ഒരു തീരുമാനത്തിൽ എത്തിച്ചേരുന്നതിന് ഐക്യരാഷ്ട്രരക്ഷാസമിതിക്ക് അവകാശമുണ്ട്. ലോകം മുഴുവനും സ്വാധീനശക്തിയുള്ള ഈ സമിതിക്ക് എവിടെ ആക്രമണം പൊട്ടിപ്പുറപ്പെട്ടാലുംഅവിടെ ഉടനേ ഇടപെടുന്നതിനുള്ള സൗകര്യവും അവകാശവും ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം.

ഭൂമുഖത്തുള്ള ദുർബ്ബലരംഗങ്ങളെല്ലാം സംരക്ഷിക്കത്തക്ക സൈന്യശക്തി നമുക്കില്ല; അടുത്തകാലത്തുണ്ടാകുമെന്നു വിചാരിക്കാനുംതരമില്ല. ഇൻഡോചൈന, ബർമ്മാ, അഫ്ഗാനിസ്ഥാൻ, ഇറാൻ മുതലായരാജ്യങ്ങൾ സോവ്യററിന്റെ അരികിൽസ്ഥിതിചെയ്യുന്നു. എവിടെ ആക്രമണഭീതി ഉണ്ടായാലും അവിടെച്ചാടി വീണു എന്നും യുദ്ധം നടത്തിക്കൊ

ണ്ടിരിക്കണമെന്നും ഐക്യസംസ്ഥാനങ്ങൾക്കു മോഹമില്ല. വളരെയധികം രംഗങ്ങളിൽ സൈന്യങ്ങളേ അയച്ച് അവയുടെ ശക്തി കുറയ്ക്കണമെന്നും നമുക്ക് ഉദ്ദേശമില്ല.

യു. എൻ; എൻ. ഏ. ററി. ഓ. (നോത്ത് അററ്ലാൻറിക്ക് ട്രീററി ഓർഗനൈസേഷൻ) ഐക്യസംസ്ഥാനങ്ങൾ എന്നിവയുടെ സൈനികശക്തി ഒത്തുചേരുമ്പോൾ സോവിയററിനു വലിയ രക്ഷയുണ്ടായിരിക്കയില്ല.

സ്വതന്ത്രലോക രക്ഷാപരിപാടികളുടെനാഡീകേന്ദ്രമാണ് എൻ. ഏ. ററി. ഓ. പല യൂറോപ്യൻ രാഷ്ട്രങ്ങളിലേ പൗരന്മാരും, തങ്ങളുടെ സ്വന്തം കൊടിക്കീഴിൽ യുദ്ധം ചെയ്യുന്നതിനേക്കാൾ പൊതുവേയുള്ള ഒരു കൊടിക്കീഴിൽ അണി നിരക്കാൻ ഇഷ്ടപ്പെടുന്നു; കാരണം ഒററതിരിഞ്ഞു നിന്നാൽ പെട്ടെന്നു നാശത്തിന്നിരയാകുമെന്നതുതന്നെ.

എൻ. ഏ. ററി. ഓ. വിൻെറ ആദ്യത്തെ വഷം പ്രശ്നജടിലമായിരുന്നു. കമ്മിററികളും, ബോർഡുകളും വളരെയധികം പ്രയാസപ്പെട്ടു; അസ്പഷ്ടങ്ങളായ പല വസ്തുതകളും ചർച്ചകൾ കൊണ്ടു-

നേരെയാക്കി. മുകൾപരപ്പിൽ വേണ്ടത്ര ഐക മത്യം ഇല്ലാതിരുന്നതാണ് ഏററവും വലിയ ബല ഹീനതയായി അനുഭവപ്പെട്ടതും. എന്നാൽ ജനറൽ ഐസൻഹവർ സുപ്രീം കമാണ്ടർ സ്ഥാനം ഏറെറടുത്തപ്പോൾ അക്കാര്യവും നേരേ ആയി. ആളുകളെ ഉത്സാഹിപ്പിക്കുന്നതിനുള്ള പ്രാപ്തിയും, പറഞ്ഞു സമ്മതിപ്പിക്കുന്നതിനുള്ള നയചാതുരിയും, കാര്യങ്ങൾ സാധിക്കുന്നതിനുള്ള നിശ്ചയദാർഢ്യവും അദ്ദേഹത്തിൽ സാമാന്യാധികം കളിയാടിയിരുന്നു. ഇവിടെ അല്പമൊന്നു നിർത്തി, നമ്മുടെ ശക്തിയേ റിയ റഷ്യൻശക്തിയോടു ഒന്നു താരതമ്യപ്പെടുത്തി നോക്കാം.

ജനസംഖ്യ എടുത്താൽ നമ്മുടെ സ്ഥിതി വളരെ മോശമാണ്. എങ്കിലും മററു പല ഘടക ങ്ങളിലും നാം ക്രെംലിനേയും ഉപഗ്രഹരാജ്യങ്ങ ളേയും അധഃകരിക്കുന്നുണ്ട്. 1951 മുതൽ വർഷ ന്തോറും 95,000,000 മെട്രിക്കു ടൺ ഉരുക്ക് ഉല്പാ ദിപ്പിക്കുവാൻ ഐക്യസംസ്ഥാനങ്ങൾക്കു കഴിയും. പശ്ചിമയൂറോപ്പിന്നു 55,000,000 ടൺ ഉണ്ടാക്കാവു ന്നതാണ്. എന്നാൽ സോവ്യററിന് 33,000,000

ടൺ മാത്രമേ ഉല്പാദിപ്പിക്കാൻ കഴിവുള്ളു. ഐക്യ സംസ്ഥാനങ്ങൾ 600,000,000 മുതൽ 700,000,000 ടൺ വരെ കൽക്കരി ഉണ്ടാക്കുമ്പോൾ, പശ്ചിമ യൂറോപ്പിന്റെ കണക്കിൽ 500,000,000 ടണ്ണും, സോവ്യററും ഉപഗ്രഹരാജ്യങ്ങളും ചേർന്ന് 400,000,000 ടണ്ണും മാത്രമാണുള്ളത്. സിമന്റിന്റെ കാര്യം എടുക്കുമ്പോൾ ഐക്യസംസ്ഥാനങ്ങൾക്ക് 45,000,000 ടണ്ണും, പശ്ചിമയൂറോപ്പിന് 50,000,000 ടണ്ണും, സോവ്യററിന് 13,000,000 ടണ്ണും ലഭിക്കുന്നു.

ഐക്യസംസ്ഥാനങ്ങൾക്ക് 2,300,000,000 ബാരൽ എണ്ണയുള്ളപ്പോൾ പശ്ചിമ യൂറോപ്പിന് 25,000,000 ബാരലും സോവ്യററ യൂണിയന് 350,000,000 ബാരലുമാണുള്ളത്. ഐക്യനാടുകൾക്ക് 400,000,000,000 കിലോവോട്ട വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാൻ കഴിയുമ്പോൾ, പശ്ചിമ യൂറോപ്പിന് 250,000,000,000 കിലോവോട്ടും, സോവ്യററ യൂണിയനും ഉപഗ്രഹരാജ്യങ്ങൾക്കും ഒന്നാകെ 140,000,000,000 കിലോവോട്ടമാണ് ഉല്പാദന സാദ്ധ്യത. യന്ത്രക്കപ്പലുകൾ, മോട്ടോർ

വാഹനങ്ങൾ എന്നിവയുടെ നിർമ്മാണത്തിലും സോവ്യററിനേക്കാൾ വളരെയധികം ഐക്യസംസ്ഥാനങ്ങൾക്ക് ഉയർന്നു നിൽക്കാൻ കഴിയും. ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പശ്ചിമ യൂറോപ്പിൻെറ ഉല്പാദനശക്തി കൂടെ സോവ്യററു യൂണിയൻേറതിനോടു ചേരുന്ന പക്ഷം, പലതിലും ഐക്യസംസ്ഥാനങ്ങളുടെ ശക്തിയോടു തുല്യത വഹിക്കുമെന്നു മാത്രമല്ല, ചില ഇനങ്ങളിൽ സോവ്യററിന് ഉൽക്കർഷമുണ്ടായിരിക്കുകയും ചെയ്യും. അതിനാൽ സമാധാനമത്സരം നമുക്കു ഒററയ്ക്കുനിന്നു നടത്താൻ നിവൃത്തിയില്ലെന്ന് ഇതു വ്യക്തമാക്കുന്നു.

വ്യവസായപരമായ കാര്യങ്ങളിൽ നമുക്കു റഷ്യയേ അപേക്ഷിച്ചു ഗണ്യമായ ഉൽക്കർഷമുണ്ട്. എന്നാൽ മനുഷ്യശക്തിയിൽ തൽക്കാലം നാം പിന്നണിയിലാണു നിൽക്കുന്നതു്. ഇന്നു കമ്യൂണിസ്ററുകളിൽ നല്ല പരിശീലനം സിദ്ധിച്ച 6,400,000 ആളുകൾ യുദ്ധത്തിന്നു തയ്യാറായിട്ടുണ്ട്. കമ്യൂണിസ്ററുവിരുദ്ധകക്ഷികൾക്കാകട്ടെ വേണ്ടത്ര പരിശീലനം ലഭിക്കാത്ത 3,175,000 ആളുകൾ

മാത്രമേയുള്ളു. കടൽസൈന്യശക്തിയിൽ കമ്യൂണിസ്റ്റുകളേക്കാറം 12 ഇരട്ടി വലിപ്പമാണു വിരുദ്ധകക്ഷികറംക്കുള്ളതു്. വിമാനങ്ങളുടെ കണക്കു നോക്കിയാൽ കമ്യൂണിസ്റ്റുകറംക്കു 9,000 ഉള്ളപ്പോറം എതിർകക്ഷിക്കു് 38,000 ഉണ്ടു്.

സ്വതന്ത്രലോകത്തിന്റെ സൈനികദൗർബല്യം പശ്ചിമയൂറോപ്പു മാത്രമെടുക്കുമ്പോറം തെളിയുന്നു. ഗ്രേറ്റുബ്രിട്ടൻ, ഫ്രാൻസ്, ഇററലി തുടങ്ങിയ രാഷ്ട്രങ്ങറം പുനരായുധീകരണത്തിന്നു ആരംഭിച്ചിട്ടേയുള്ളു. 100,000 ന്നു് എതിരായി 1,000,000 ആളുകളേയും 5,000 ന്നു് എതിരായി 45,000 ടാങ്കുകളും ഇന്നു് ഇറക്കുവാൻ സോവ്യററുയൂണിയന്നു കഴിയും. തന്നെയുമല്ല റഷ്യയുമായി യുദ്ധമുണ്ടാകുന്ന പക്ഷം ഫ്രാൻസ്, ഇററലി മുതലായ രാഷ്ട്രങ്ങളിൽ കമ്യൂണിസ്റ്റ് സ്വാധീനശക്തി കുറെയെല്ലാം ഉള്ളതുകൊണ്ടു് ഗതാഗതത്തിന്നു സാരമായ വിഘ്നങ്ങളും ഉണ്ടാകാതിരിക്കുകയില്ല.

എന്നാൽ എന്തുകൊണ്ടാണു റഷ്യ ഉടനേ തന്നെ അററ്ലാൻറിക്കിന്നു നേരേ യുദ്ധം ചെയ്തുകൊണ്ടു ഗമിക്കാത്തതു്. ഇതിന്നുത്തരം കണ്ടുപിടി

ക്കാൻ ചർച്ചിൽ, ബെവിൻ, ഡേക്ക്സ്ററിക്കർ തുടങ്ങിയ പല രാഷ്ട്രതന്ത്രജ്ഞന്മാരോടും ഞാൻ ആലോചിച്ചു. അവർ തന്ന കാരണങ്ങൾ വിഭിന്നങ്ങളായിരുന്നുവെങ്കിലും, എല്ലാവരും തന്നെ ചുകപ്പുസൈന്യം ഉടനെ ആക്രമണം നടത്തുന്നതല്ല എന്ന് അഭിപ്രായപ്പെടുകയുണ്ടായി.

കൊറിയൻ യുദ്ധത്തിൽ ഐക്യരാഷ്ട്രങ്ങൾ ശീഘ്രമായി ഇടപെട്ടതു് എല്ലാവരും സ്വാഗതം ചെയ്തു. ഒരു മഹായുദ്ധം കൂടാതെ പശ്ചിമ യൂറോപ്പു കടന്നുപോകാമെന്നു റഷ്യയ്ക്കു തെററി ദ്ധാരണയില്ല.

നമ്മെക്കാൾ ശരിക്കു റഷ്യക്കാരെ മനസ്സിലാക്കിയിട്ടുള്ള യൂറോപ്യന്മാർ, ഒരു റഷ്യൻമഹാസമരത്തിനുള്ള രാഷ്ട്രീയവും ആദർശപരവുമായ വിഘ്നങ്ങളേക്കുറിച്ച് അറിയുന്നുണ്ടു്. ലോകാഭിപ്രായത്തെ ക്രെംലിൻ വിലമതിക്കുന്നുണ്ടു്. ഇത്തരമൊരു ആക്രമണം യൂറോപ്പിൽ തുടങ്ങിയാൽ, ഏഷ്യയിലെ അനുഭാവം നശിച്ചുപോകുമെന്നു ക്രെംലിനു ഭയമുണ്ടു്. ഇന്നു് ഇൻഡ്യയിലും, ബർമ്മയിലും, പാകിസ്ഥാനിലും കമ്യൂണിസത്തോടു കാണിക്കുന്ന

സഹിഷ്ണുത, പരമശത്രുതയായി മാറിപ്പോകുമെന്നതാണ് ആ നടപടിക്കു വിലങ്ങുതടിയായി നിൽക്കുന്നത്.

തന്നെയുമല്ല, ഇന്ന് ഒരു വലിയ യുദ്ധത്തിനു ആവശ്യമില്ല എന്നു സോവ്യററു വിചാരിക്കുന്നതായി യൂറോപ്യന്മാർ അഭിപ്രായപ്പെടുന്നു. മാക്സിസ്റ്റ് തത്വപ്രകാരം മുതലാളിത്തലോകത്തിൽ വിപ്ലവശക്തികൾ ക്രമേണ വർദ്ധിച്ചു സ്വയം തകർച്ച അനുഭവിക്കുന്നതാണ്. തൽക്കാലം സോവ്യററു സൈന്യത്തെ പടിഞ്ഞാറൻ ജീവിതത്തിന്റെ ആഡംബരം കാണുവാൻ വീണ്ടും അധികാരികൾ അനുവദിക്കുന്നതല്ല.

രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനമാസങ്ങളിൽ, മററു ദേശങ്ങളിലുള്ള ഭേദപ്പെട്ട ജീവിതത്തോതു കാണുന്നതിനു റഷ്യൻ സൈന്യങ്ങൾക്കു സാധിച്ചു. പ്രത്യേകിച്ച് അമേരിക്കൻ സൈന്യങ്ങൾ അനുഭവിച്ചുവന്ന സുഖസൗകര്യങ്ങൾ അവരെ അത്ഭുതപ്പെടുത്തി.

അവസാനമായി, ഹിററ്ലർ, മുസ്സോളിനി എന്നിവരുടെ നാശം സ്വതന്ത്രരാഷ്ട്രങ്ങളുമായി

വമ്പിച്ച യുദ്ധത്തിൽ ഇടപെട്ടതാണെന്നു സ്റ്റാലിന്നു് നല്ലവണ്ണം അറിയാം. ഇങ്ങനെയുള്ള ഘടകങ്ങൾ ശരിക്കു മനസ്സിലാക്കിയശേഷം യുദ്ധത്തിൽ എടുത്തു ചാടുന്ന രാഷ്ട്രതന്ത്രമല്ല സ്റ്റാലിൻേറതു്. നമ്മുടെ റഷ്യൻ അംബാസഡറായിരുന്ന അവറെൽ ഹാരിമാനോട്ടു് ഒരു ക്രെംലിൻ കോൺഫ്രൻസിൽവച്ചു് സ്റ്റാലിൻ പറഞ്ഞതു് ഇപ്രകാരമാണു്; "ദീർഘമായ ഒരു യുദ്ധത്തിൽ ചെന്നുവീണതാണു ഹിററ്ലർക്കു പററിയ വലിയ അബദ്ധം."

റഷ്യാക്കാർ മൂന്നാം ലോകമഹായുദ്ധം തുടങ്ങുകയില്ല എന്നു മേൽക്കാണിച്ച അഭ്യൂഹങ്ങൾകൊണ്ടു തീർത്തുപറയാൻ നിവൃത്തിയില്ല. അക്കാര്യങ്ങൾ കൊണ്ടു തൃപ്തിപ്പെട്ടിരിക്കാനും പാടില്ല. എന്നാൽ ചുകപ്പുസൈന്യം ധൈര്യമായി മുമ്പോട്ടുവരാൻ മടിക്കുന്ന വിധത്തിൽ നമ്മുടെ സൈനികശക്തി വർദ്ധിപ്പിക്കുവാൻ ഏതാനും വർഷങ്ങൾ നമുക്കു ലഭിക്കുമെന്നുള്ളതാണു് ശ്രദ്ധേയമായ സംഗതി. 1953 ആകുമ്പോഴേക്കും മുപ്പതോ നാല്പതോ ലക്ഷം ആളുകൾ സൈന്യത്തിൽ ഉണ്ടായിരിക്കണം. ഇതോടു ചേർന്നു് ആയിരം യുദ്ധക്കപ്പലുകളും, നൂറു

കണക്കിനുള്ള യുദ്ധവിമാനങ്ങളും സഹായമായിരിക്കണം. റൈൻ നദിക്കു കിഴക്കു റഷ്യൻസൈന്യം കടക്കാതെ തടയുന്നതിനു ശക്തമായി അൻപതു ഡിവിഷൻ ശക്തിയുള്ള ഒരു സൈന്യം യൂറോപ്പിന്ന് ആവശ്യമാണ്. ഇതുള്ളപക്ഷം, മൂന്നു മാസങ്ങൾക്കുള്ളിൽ അമേരിക്കൻ സഹായം വന്നുചേരുന്നതുവരെ പരാജയം കൂടാതെ നിൽക്കുവാൻ അവക്കു കഴിയുന്നതാണ്. ഇതുകൂടാതെ ഐക്യരാഷ്ട്രങ്ങളുടെ ശക്തി അഞ്ചു ഡിവിഷൻ ആക്കുന്നതിനും നാം സഹായിക്കേണ്ടതാണ്.

ഇതിനൊക്കെ പണം ആവശ്യമാകുന്നു. അടുത്ത മൂന്നു കൊല്ലത്തേക്കു വർഷംതോറും 50 ബില്ല്യൻ ഡോളർ വീതം നാം ഇതിലേക്ക് ചെലവാക്കേണ്ടതാണ്. പരസ്പര രക്ഷാസഹായ പദ്ധതിപ്രകാരമുള്ള 6 ബില്ല്യൻ ഡോളറുകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. പണ്ട് ജോർജ്ജ് വാഷിംഗ്ടൺ പറഞ്ഞവിധത്തിലുള്ള "രാജ്യരക്ഷാ നിലപാട്" പ്രാപിക്കണമെങ്കിൽ ഇപ്രകാരം പണം ചെലവഴിക്കാതെ നിവൃത്തിയില്ല. ഈ നിലപാടിന്റെ അർത്ഥം ഒന്നുകിൽ ശത്രു ആക്രമണത്തിന്നു ധൈര്യപ്പെടാതെ ഇരിക്കുക,

അല്ലെങ്കിൽ വന്നാൽ സമ്പൂർണ്ണമായി അടിയറ പറയിപ്പിക്കുക എന്നതാണ്. ഈ 50 ബില്ല്യൻഡാളറിൽ 15 ബില്ല്യൺ പുതിയ യുദ്ധോപകരണങ്ങൾക്കായി വിനിയോഗിക്കുന്നതാണ്. അങ്ങനെ മൂന്നു കൊല്ലങ്ങൾ കൊണ്ട് 'രാജ്യരക്ഷാ നിലപാടി'ൽ നമ്മുടെ സൈനികശക്തി എത്തിച്ചേർന്നുകഴിഞ്ഞാൽ പിന്നെ വലിയ തുകകൾ ഈ ആവശ്യത്തിലേക്കു വേണ്ടി വരികയില്ല. അങ്ങനെ ലോകത്തിൽ ഉറപ്പുള്ള ഒരു സമാധാനം സംപ്രാപ്തമാകയുംചെയ്യും.

നാം രക്ഷാപരിപാടിക്കു ചെലവാക്കുന്ന തുകയും, നമ്മുടെ മൊത്തം വരവും (1950-ൽ ഇതു 279,000,000,000 ഡാളറായിരുന്നു) തമ്മിലുള്ള ബന്ധം തകരാറാകുന്നതിന് അധികമൊന്നും ആവശ്യമില്ല; അമേരിക്കയുടെ ഉൽപാദനശക്തിയേ ബാധിക്കാത്ത വിധമായിരിക്കണം ഈ ചെലവിന്റെ ഗതി. ഉൽപ്പാദനശക്തി സ്വാതന്ത്ര്യവും വികസിച്ചുവരുന്ന ഒരു സാമ്പത്തികനിലയേ ആശ്രയിച്ചിരിക്കുന്നതും ആകുന്നു.

ഞാൻ നിർദ്ദേശിച്ച വിധത്തിൽ മൂന്നുകൊല്ലത്തേ രാജ്യരക്ഷാവ്യയം വർദ്ധിപ്പിച്ച ശേഷം,

പെട്ടെന്നു് അതു കുറയ്ക്കുന്നപക്ഷം നമ്മുടെ സാമ്പത്തികനില അപകടത്തിലാകാതെ കഴിക്കാം എന്നു് എനിക്കു തോന്നുന്നു. പക്ഷേ ഇതു പ്രയോഗത്തിൽ വരുത്തുന്നതിന്, പട്ടാളജീവിതത്തെക്കുറിച്ചു നമുക്കുള്ള അഭിപ്രായം ഒന്നു പരിഷ്കരിക്കേണ്ടിയിരിക്കുന്നു. ഇന്നു് ഒരു സാധാരണ അമേരിക്കൻ ശിപായിക്കു് ഒരു ദിവസം മൂന്നു ഡോളർ വേതനം ലഭിക്കുന്നു. ഇതു സൗജന്യങ്ങൾക്കു പുറമേയാണു്. ഇതിന്നാവശ്യമില്ലെന്നല്ല ഞാൻ പറയുന്നതു് അവരുടെ കുടുംബങ്ങൾക്കുള്ള ഏകാവലംബം പലപ്പോഴും അവർ തന്നെ ആയിരിക്കും. എന്നാൽ ചുകപ്പുസേനയെ പ്രതിരോധിക്കുന്നതിന്നു നമുക്കു കരയിലും, വായുവിലും, കടലിലുമായി മുപ്പതുലക്ഷം പടയാളികളെങ്കിലും ആവശ്യമാണു്. എന്നാൽ അവർക്കു മൂന്നു ഡോളർ കണക്കിന്നു ശമ്പളം കൊടുക്കാൻ സാദ്ധ്യമല്ല. അതിനാൽ സർവ്വവ്യാപകമായ സൈനികപരിശീലനം മാത്രമാണു് ഈ പ്രശ്നത്തിന്നുള്ള ഏക പരിഹാരം. അതിന്റെ പ്രവർത്തനം ഇത്തരത്തിലായിരിക്കും. എല്ലാ അമേരിക്കൻ പുരുഷന്മാരും 18 വയസ്സാകുമ്പോൾ, കുടുംബ

ഭാരം ഉണ്ടാകുന്നതിനു മുമ്പ്, രണ്ടു വർഷത്തേക്കു നീണ്ടുനിൽക്കുന്ന സൈനികപരിശീലനം സ്വീകരിക്കേണ്ടതാണ്. അവർക്കു നല്ല ഭക്ഷണവും, വസ്ത്രവും ചില്ലറച്ചെലവുകൾക്കായി ദിവസംപ്രതി ഏതാണ്ട് ഒരു ഡോളറും കൊടുത്താൽ ധാരാളം മതിയാകും. (ടർക്കിയിൽ ഒരു പടയാളിക്കു് മാസത്തിൽ ഒരു ഡാളറാണ് ലഭിക്കുന്നതു്. ഫ്രാൻസിൽ അവിവാഹിതനായ ഒരു കർണ്ണലിന് ഒരു മാസം 200 ഡാളറും) 20 വയസ്സാകുമ്പോൾ അവർ പരിശീലനം കഴിഞ്ഞു വീണ്ടും പഠനം തുടരുകയോ തൊഴിലിൽ പ്രവേശിക്കുകയോ ചെയ്യുന്നു. ഇങ്ങനെ പരിശീലനം ലഭിച്ച ഒരു റിസർവ്വ് ഉണ്ടെങ്കിൽ നമ്മുടെ സ്ഥിരം സൈന്യത്തിൻെറ ശക്തി ഗണ്യമായി കുറയ്ക്കാവുന്നതാണ്.

സമാധാനകാലത്തു യുദ്ധത്തിന്നുവേണ്ടി തയ്യാറെടുക്കുന്ന ഇത്തരം പരിശീലനങ്ങൾ, യുദ്ധവിരോധികളായ അമേരിക്കക്ക് എളുപ്പം മനസ്സിലാക്കാൻ കഴികയില്ല. എന്നാൽ ഭയങ്കരങ്ങളായ ഭവിഷ്യത്തുകളേക്കുറിച്ചു ശരിക്കു ഗ്രഹിക്കുമ്പോൾ, ഇങ്ങനെ ചില ത്യാഗങ്ങൾ സഹിക്കുന്നതിന് അവർ സമ്മ

തിക്കുമെന്നും അങ്ങനെ നമ്മുടെ സ്വാതന്ത്ര്യം സംരക്ഷിക്കുവാൻ കഴിയുമെന്നുമാണുദ്ധരിക്കേണ്ടതു്.

രാജ്യരക്ഷയ്ക്കുവേണ്ടി ദേശീയവരുമാനത്തിൽ ഒരു നല്ല ഭാഗം ചെലവാക്കുന്നതു് നാം മാത്രമായിരിക്കുകയില്ല.

പാശ്ചാത്യയൂറോപ്യന്മാരും ഇതുപോലെ ഗണ്യമായ തുകകൾ ചെലവിടുന്നതാണു് (1951—52-ൽ തന്നേ അവർ ഏതാണ്ടു് 13 ബില്ല്യൺ ഡോളർ ചെലവാക്കേണ്ടിയിരിക്കുന്നു.

ഭാഗ്യവശാൽ ശരിക്കുള്ള പുനരുദ്ധാരണം യൂറോപ്പിൽ ഉണ്ടായിട്ടുണ്ടു്. അവിടത്തേ ഉൽപ്പാദനം കാമ്യമായ തോതിൽ വർദ്ധിച്ചിരിക്കുന്നു. മാർഷൽ പദ്ധതിയുടെ സഹായം കൂടാതെ യൂറോപ്പിൻെറ പുനരായുധീകരണം ശരിയായി പുരോഗമിക്കുന്നതല്ല. ഇക്കാരണം കൊണ്ടും, സാമ്പത്തികവും മനശ്ശാസ്ത്രപരവുമായ കാരണങ്ങൾ കൊണ്ടും പരസഹായപദ്ധതികൾ തുടർന്നുകൊണ്ടിരിക്കേണ്ടതുമാണു്. സാമ്പത്തിക ശക്തിയും, സൈനികശക്തിയും തമ്മിലുള്ള ദൃഢബന്ധം മനസ്സിലാക്കാത്ത ആളുകളെക്കുറിച്ചു് എനിക്കു് അല്പമല്ലാത്ത

അത്ഭുതമാണുള്ളതു്. ടാംകുകളും യുദ്ധവിമാനങ്ങളും കല്പവൃക്ഷത്തിൽ നിന്നും പൊഴിയുന്നതല്ല യുദ്ധനിരയുടെ പിന്നിൽ ഉൽപ്പാദന നിര അനുപേക്ഷണീയമാണു്. സ്റ്റാലിന്നു് ഇതു നല്ലവണ്ണം അറിയാം. "ഉൽപ്പാദനമാണു് യുദ്ധം ജയിക്കുന്നതു്" എന്നതു് അദ്ദേഹത്തിൻെറ ഒരു ആപ്തസൂക്തമാണു്.

മാർഷൽ പദ്ധതിയുടെ അടിസ്ഥാനോദ്ദേശ്യം യുദ്ധോപകരണങ്ങൾ നിർമ്മിക്കാൻ സഹായിക്കുക എന്നതല്ലായിരുന്നു. ലോകമൊട്ടുക്കു ക്ഷേമപൂർണ്ണമായ ഒരു സാമ്പത്തികനിലയെ ലക്ഷ്യമാക്കി, യൂറോപ്പിൻെറ സാമ്പത്തികനിലയെ ഉദ്ധരിക്കുക എന്നതായിരുന്നു അതിൻെറ ഉദ്ദേശ്യം. എന്നാൽ സോവ്യററിൻെറ നിസ്സഹകരണനയംമൂലം മാഷൽ പദ്ധതി പടിഞ്ഞാറൻ യൂറോപ്പിൽ പരിമിതപ്പെടുത്തേണ്ടിവന്നു. ഇക്കാരണം കൊണ്ടുതന്നേ സ്വയരക്ഷയ്ക്കുവേണ്ടി തയ്യാറെടുക്കാൻ പശ്ചിമയൂറോപ്പു നിർബ്ബന്ധിതയായിത്തീർന്നു. മാഷൽ പദ്ധതിയുടെ പ്രയോഗംമൂലം സാമ്പത്തികമായും, വ്യാവസായികമായും പശ്ചിമയൂറോപ്പു പുരോഗമിച്ചിട്ടുണ്ടെന്നതിനു സംശയമില്ല.

ഉദാഹരണമായി ഫ്രാൻസിലേ ഇരുമ്പു വ്യവസായം തന്നെ എടുക്കാം. 1915-ൽ 1500,000 ടൺ മാത്രമായിരുന്നു അവിടെ ഉരുക്കിന്റെ ഉൽപ്പാദനം. ഇന്നു് മാർഷൽ സഹായംമൂലം അതു 10,000,000 ടൺ ആയി വർദ്ധിച്ചിരിക്കുന്നു. അതുപോലെ അവിടെ കാറുകളുടെ വ്യവസായവും ഇരട്ടി പുഷ്ടിപ്പെട്ടിട്ടുണ്ടു്. ഈയം, സിങ്കു് മുതലായ സാധനങ്ങളുടെ ഉൽപ്പാദനം മാഷൽസഹായപദ്ധതിമൂലം രണ്ടാം ലോകയുദ്ധകാലത്തുണ്ടായിരുന്നതിനേക്കാൾ ഇരട്ടി ആയിട്ടുണ്ടു്. തുണിത്തരങ്ങളുടെ വിഷയത്തിലും ഈ വികാസം കാണാനുണ്ടു്.

ഇതുപോലെ പശ്ചിമയൂറോപ്പിലെ മററു രാഷ്ട്രങ്ങളും പുരോഗമിച്ചിട്ടുണ്ടു്. ഇതെല്ലാം യുദ്ധപ്രതിരോധശക്തിക്കുള്ള അടിത്തറ ഉറപ്പിക്കൽകൂടെയാണെന്നു് സൂക്ഷ്മദൃക്കുകൾക്കു കാണാൻ കഴിയും.

എന്നാൽ യുദ്ധം ചെയ്യുന്നതിനുള്ള ഊർജ്ജിതം യൂറോപ്യന്മാൎക്കുണ്ടോ? ഇതു് അമേരിക്കരെ ചിന്തിപ്പിക്കുന്ന ഒരു വിഷയമാണു്. ഒരേ തലമുറയിലു

ണ്ടായ രണ്ടു മഹായുദ്ധങ്ങൾമൂലം അവരുടെ വീര്യം നശിച്ചിരിക്കയല്ലേ? നാക്സിസം, ഫാസിസം, കമ്യൂണിസം, ബോംബുവർഷം, ഭാവിയേക്കുറിച്ചുള്ള ഭീതി ഇവയെല്ലാം അവരുടെ ഉത്സാഹത്തെ മന്ദിപ്പിച്ചിരിക്കയില്ലേ?

സോവ്യററ യൂണിയൻെറയും ഐക്യസംസ്ഥാനങ്ങളുടെയും നടുവിൽ കിടന്നു ഞെരുങ്ങുന്ന ഒരു സ്ഥിതിഗതിയിലാണു കോടിക്കണക്കിനു പശ്ചിമ യൂറോപ്യന്മാർ തങ്ങളേത്തന്നേ കാണുന്നതു്. അവരുടെ സ്വദേശം ഭാവിയിലെ യുദ്ധരംഗമായി അവർ കാണുന്നു. അതിനാൽ 'നട്ടെല്ലില്ലാത്ത നിഷ്പക്ഷതാ തത്വം' അവരേ ദൃഢമായി ആകർഷിക്കുന്നില്ലേ?

ഈ ദുർഘട പ്രശ്നങ്ങൾക്കു് ഉത്തരം കാണുന്നതിനു ഞാൻ നോർവ്വേ മുതൽ ടർക്കി വരെ അന്വേഷിച്ചു. ഒരു പുതിയ ആക്രമണം തുടങ്ങുന്നതിനുള്ള ചൈതന്യം യൂറോപ്പിൽ ആകെംതന്നേ ഇല്ലെന്നു വിശദമായി. 1945-ലേ യൂറോപ്പിൻെറ നശിച്ച അവസ്ഥ ഓർക്കുന്നവർക്കു് ഈ ആശയത്തോടു വെറുപ്പു തോന്നാതിരിക്കുന്നതെങ്ങിനെ?

എന്നാൽ ആക്രമണത്തെ നിരോധിക്കുന്നതു് മറെറാരു കാര്യമാണു്. സോവ്യറവനാടിന്റെ പുറവമുള്ള ജനങ്ങളിൽ ബഹുഭൂരിപക്ഷവും, തങ്ങളുടെ നാട്ടിനുവേണ്ടി യുദ്ധം ചെയ്യുന്നതിന്നും മരിക്കുന്നതിന്നും തയ്യാറാണു്. ക്രെംലിന്റെ വിജയമെന്നു വച്ചാൽ തങ്ങളുടെ പാരതന്ത്ര്യവും നാശവുമാണെന്നു് അവൎക്കറിയാം. അതുകൊണ്ടു മരണമാണു് അവൎക്കു കൂടുതൽ സ്വാഗതാൎഹം. ഈ അഭിമാനത്തിന്റെ ആത്മാവു് ഗ്രീസ്, ടൎക്കി, നോൎവ്വേ, ബൎല്ലിൻ എന്നീ രാജ്യങ്ങളിൽ ഞാൻ നേരിട്ടറിഞ്ഞതാണു്.

ഫിൻലാണ്ടുകാരെപ്പററി ഞാൻ ഒരു നോൎവ്വേ മന്ത്രിസഭാംഗത്തോടു ചോദിച്ചു. അവർ റഷ്യൻ കമ്യൂണിസത്തിന്റെ നിഴലിലാണെങ്കിൽ തന്നെയും, സ്വാതന്ത്ര്യം പരിപാലിക്കുന്നവരാണു്. അദ്ദേഹം പറഞ്ഞ മറുപടിയുടെ ചുരുക്കമിതാണു്. "അവർ നാളികേരത്തിന്റെ തൊണ്ടുപോലെയാണു് റഷ്യക്കാർ അവരേ വിഴുങ്ങിയാൽ തന്നേ അവരെ ദഹിപ്പിക്കാൻ കഴികയില്ല. അതിനാൽ അവരെ വെറുതേ വിട്ടിരിക്കുന്നു."

അവരുടെ കഥയങ്ങനെ. മുട്ടിന്മേൽ നിന്നു് ജീവിക്കുന്നതിനേക്കാൾ, കാലിൽ ഉറച്ചുനിന്നു മരിക്കാൻ ഇഷ്ടപ്പെടുന്ന കോടിക്കണക്കിനു് ആളുകൾ ഇന്നു യൂറോപ്പിൽ ഉണ്ടു്. പശ്ചിമയൂറോപ്യൻ രാഷ്ട്രങ്ങൾ ഒന്നിച്ചുനിന്നാൽ ക്രെംലിൻ നേരിടുകയില്ലെന്നും, ഐക്യസംസ്ഥാനങ്ങൾ സമാധാനത്തിൻെറ പേരിൽ യുദ്ധവുമായി മുമ്പോട്ടു ചാടുകയില്ലെന്നുമുള്ള അവരുടെ പ്രതീക്ഷ സഫലമാക്കേണ്ട ചുമതല നമുക്കുണ്ടു്.

ജോർജ്ജ് മാർഷലിനെ ഡിഫൻസു സിക്രട്ടറി ആയി നിയമിക്കുന്നതു നമുക്കും അവർക്കും സ്വാഗതാർഹമായ ഒരു വാർത്തയാണു്. അപ്പോൾ രാജ്യരക്ഷയ്ക്കുവേണ്ടി നാം തയ്യാറെടുക്കുന്നുവെന്നു വിശദമാകുകയും ചെയ്യും. രണ്ടാം ലോകയുദ്ധത്തിൽ അദ്ദേഹം വഹിച്ച നേതൃത്വത്തിൻെറ മാഹാത്മ്യം അവർക്കും അറിയാവുന്നതാണു്. സൈനികതന്ത്രത്തിൽ അസാധാരണ സാമർത്ഥ്യമുള്ള അദ്ദേഹത്തെ ആർക്കും വലിയ ബഹുമാനമാണു്. അതേസമയം തന്നെ മാർഷൽ പദ്ധതിയുടെ കർത്താവു് എന്ന നിലയിലും അദ്ദേഹം ആദരണീയനാണു്. ആന്ത

ഭികമായ കമ്യൂണിസ ശക്തിയേ നിരോധിക്കുന്ന തിന്ന് സാമ്പത്തികശക്തി വളർത്തണമെന്നു നിർദ്ദേശിച്ചതുപോലെ, വെളിയിൽനിന്നുമുള്ള കമ്യൂണിസ്റ്റാക്രമണത്തെ തടയുന്നതിന്ന സൈനികശക്തി വളർത്തണമെന്നും അദ്ദേഹം ഉൽബോധിപ്പിക്കുന്നു.

അവഗാഢമായ ആലോചനയുടെ ഫലമായി എനിക്കു തോന്നുന്ന അഭിപ്രായം ഇതാണ്. നമ്മുടെ രാജ്യരക്ഷാശക്തി വികസിപ്പിക്കുകയും, യൂറോപ്പിനെ സൈനികവും സാമ്പത്തികവുമായി പുരോഗമിപ്പിക്കുകയും, നമ്മുടെ ലക്ഷ്യം സമാധാനമാണെന്നു വ്യക്തമാക്കുകയും ചെയ്യുന്നപക്ഷം, യൂറോപ്യന്മാർ നമ്മുടെ വശത്തു നിൽക്കുമെന്നും ആവശ്യമുണ്ടെങ്കിൽ വിജയം വരെ യുദ്ധം ചെയ്യുമെന്നുള്ളതിൽ സംശയിക്കേണ്ടതില്ല.

ST. THOMAS GIRLS ENGLIS
PUTHANANGADY.
KOTTAYAM.
100

## അദ്ധ്യായം 6

# സമാധാനമത്സരം സാമ്പത്തിക മണ്ഡലത്തിൽ

സ്വാതന്ത്ര്യവും, സ്വേച്ഛാധിപത്യവും തമ്മിലുള്ള ഇന്നത്തെ മത്സരം, വാസ്തവത്തിൽ അമേരിക്കൻ അസംബ്ളിയും, കമ്യൂണിസ്റ്റ് പാർട്ടിയും തമ്മിലുള്ള ഒരു മത്സരം തന്നെയാണു്. ഈ രംഗത്തിൽ ഈ. സി. ഏ. (സാമ്പത്തികസഹകരണ പ്രസ്ഥാനം) സമാധാനമത്സരത്തിനുള്ള ഒരു വമ്പിച്ച പരീക്ഷണം തന്നെയാണു്. അതിന്റെ പ്രവത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി, കോൺഗ്രസ്സിൽ കൂടെ അമേരിക്കൻ ജനത, യൂറോപ്യൻ പുനരുദ്ധാരണത്തിനു 12,000,000,000 ഡോളറും, കൊറിയയ്ക്കു് 230,000,000 ഡോളറും ഏഷ്യയ്ക്കു് 275,000,000 ഡോളറും ചെലവാക്കിയിട്ടുണ്ടു്.

---

എന്റെ ജീവിതത്തിലെ ഏററവും പ്രയോജനപ്രദമായ രണ്ടരവർഷത്തിന്റെ കഥയും ഈ. സി. ഏ.-യുടെ ചരിത്രവും പരസ്പര നിബദ്ധമാണു്.

വാഷിംഗ്ടൺ ഹോട്ടൽ സ്റ്റാററ്ലറിൽവച്ച് 1948 ഏപ്രിലിൽ ഒരു ദിവസമാണ് ഇതിൻെറ ബീജം അങ്കുരിച്ചത്. അതിൻെറ ശേഷം 1950 ഒക്ടോബറിൽ ഞാൻ ചാർജ്ജ് വിടുന്നതുവരെയും അതിൻെറ അതിപ്രസരം കാണുവാൻ എനിക്കു കഴിഞ്ഞു.

ഈ. സി. ഏ. യുടെ ഒരു സമഗ്രചിത്രം വരച്ചുകാട്ടിയാൽ കൊള്ളാമെന്നു എനിക്കു വലിയ അഭിലാഷമുണ്ട്. എന്നെപ്പോലെ അനേകശതം പ്രവർത്തകൎക്കു അതു രോമാഞ്ചമുണ്ടാക്കുന്ന ഒരനുഭവമായിരിക്കും. അതിൻെറ സൽഫലം അനുഭവിച്ചവൎക്ക് എത്രമാത്രം കൃതജ്ഞതയുണ്ടെന്നു് പറഞ്ഞറിയിപ്പാൻ പ്രയാസം. എന്നാൽ ഈ പുസ്തകത്തിൽ സമാധാനമത്സരത്തിൽ നമ്മേ സഹായിക്കുന്ന പ്രമാണങ്ങൾ ഈ. സി. ഏ.യിൽനിന്നും സ്വീകരിക്കാൻ എന്തുചെയ്യുന്നുണ്ട് എന്നു മാത്രമേ ചിന്തിക്കുന്നുള്ളു.

അതിന്നു മുമ്പ് 1948-ലെ പ്രശ്നങ്ങളുടെ ഒരു ലഘു ചിത്രീകരണം ആവശ്യമാണെന്നു തോന്നുന്നു.

ക്രെംലിൻെറ ഗൂഢാലോചനകൾക്കു വശംവദമായ പശ്ചിമയൂറോപ്പിൻെറ 1948-ലെ സ്ഥിതി ആശങ്കാജനകമായിരുന്നു. പശ്ചിമയൂറോപ്പ് നാശ

ത്തിൻെറ വക്കിലാണെന്ന ബ്രിട്ടീഷ് വിദേശ സിക്രട്ടറി ഏണ്സ്റ്റ് ബെവിൻ പറകയുണ്ടായി. ഏതാനും മാസങ്ങൾക്കുള്ളിൽ പശ്ചിമയൂറോപ്പു റഷ്യയുടെ അധീനത്തിൽ ആകുമെന്ന അന്ന ചില വിദഗ്ദ്ധ ലേഖകന്മാർ അഭിപ്രായപ്പെട്ടതാണ്.

ഈ ഭയത്തിന്ന് ഇട നൽകിയ ധാരാളം കാരണങ്ങളും ഉണ്ടായിരുന്നു. ചെക്കോസ്ലോവാക്കിയാ, പോളണ്ട്, ഹംഗറി, ബൾഗേറിയാ, റുമേനിയാ മുതലായ സ്വാതന്ത്ര്യരാഷ്ട്രങ്ങളുടെ മീതെ ചുകപ്പു ശക്തിയുടെ തിരമാലകൾ അടിച്ചുകൊണ്ടിരുന്നു. ഫ്രാൻസ്, ഇററലി, ജമ്മനി മുതലായ രാജ്യങ്ങളിൽ അഞ്ചാംപത്തി കഠിനയത്നം ചെയ്തുകൊണ്ടിരുന്നു. അനേകായിരം ആളുകളുടെ വിശപ്പും, തൊഴിലില്ലായ്മയും കമ്യൂണിസ്ററുകൾ മുതലെടുത്തു വിപ്ലവം പരത്തിവന്നു. ഉല്പാദനം വളരെ കുറഞ്ഞു. കൃഷകർ വിഭവങ്ങൾ വിൽക്കുവാൻ മടിച്ചു. ഭക്ഷ്യസാധനങ്ങൾ അയയ്ക്കുന്നതിനുള്ള സൗകര്യങ്ങളും തകരാറിലായി. ഇതിനെല്ലാം പുറമേ ക്രെംലിൻെറ പിടിയിൽ നിന്നും ഓടിയ അനേകലക്ഷം അഭയാർത്ഥികളും പശ്ചിമയൂറോപ്പിൽ വന്നുചേർന്നു.

1948-ൽ പശ്ചിമയൂറോപ്പിലെ ജീവിതം ഇങ്ങനെയായിരുന്നു. എന്നാൽ ഇന്നത്തെ പശ്ചിമയൂറോപ്പിലെ നില നോക്കുക. മഹായുദ്ധത്തിനു മുമ്പുള്ള നിലയിൽനിന്നും പല കാര്യങ്ങളും പുരോഗമിച്ചിരിക്കുന്നു. വ്യവസായപുരോഗതി നോക്കുമ്പോൾ 40 ശതമാനം അധികം ഉല്പാദനം ഉള്ളതായിക്കാണാം. ഉരുക്കിന്റെ ഉല്പാദനം 25 ശതമാനവും, മോട്ടോർ വാഹനങ്ങളുടെ ഉല്പാദനം 87 ശതമാനവും വർദ്ധിച്ചിട്ടുണ്ട്. കൃഷിയിൽ 9 ശതമാനം അഭിവൃദ്ധിയുള്ളപ്പോൾ വിദ്യുച്ഛക്ത്യുല്പാദനത്തിൽ 95 ശതമാനം ആണു വർദ്ധനവ്. ആളുകൾക്കു മുറയ്ക്കു ഭക്ഷണം ലഭിക്കുന്നു. അവർ നല്ലവണ്ണം ജോലിയും ചെയ്യുന്നുണ്ട്. നാണയത്തിനു സ്ഥിരതയുണ്ട്. തീവണ്ടികൾ വീണ്ടും യൂറോപ്പിൽ ശരിക്കു ഓടുന്നുണ്ട്.

ഈ തിരിച്ചുവരവിൽ നിന്നുമാണ്, നമ്മുടെ ഭാവിയിലേക്ക് ഉപയോഗപ്രദങ്ങളായുള്ള, നാലു വലിയ പാഠങ്ങൾ എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത്.

# തന്നത്താൻ സഹായിക്കുന്നവരെ മാത്രമേ നമുക്കു സഹായിപ്പാൻ കഴികയുള്ളു

ഇൗ. സി. ഏ. പരിപാടി ആദ്യം പ്രയോഗത്തിൽ വരുത്തുന്നതിനു ബുദ്ധിമുട്ടിയ ആ കാലത്തു തന്നേ, ഒരു കാൎയ്യത്തിൽ പരിപൂൎണ്ണമായ ഏകാഭിപ്രായം ഉണ്ടായിരുന്നു. അതു് ആ പരിപാടിയുടെ പരമലക്ഷ്യത്തെ ബന്ധിക്കുന്നതാണു്. അതിനേക്കുറിച്ചു് ഹാർവ്വാർഡിൽ വച്ചു് ജനറൽ മാർഷൽ ഇങ്ങനെ പറഞ്ഞു: "യൂറോപ്പിനെ സാമ്പത്തികമായി സ്വന്തം കാലിൽ നിൎത്താനുള്ള ഒരു പരിപാടിയുടെ ഉത്തരവാദിത്വം വഹിക്കുന്നതു് ഈ ഗവണ്മെൻറിനു യോജിച്ച ഒരു പ്രവൃത്തി ആയിരിക്കയില്ല. അതു യൂറോപ്യന്മാരുടെ ജോലിയാണു്.........എന്നാൽ അങ്ങനെയുള്ള ഒരു പരിപാടിയുടെ നിർവഹണത്തിൽ കഴിവതു സഹായിക്കുക എന്നതുമാത്രമാണു നമ്മുടെ ധർമ്മം". ഈ വാക്കുകൾ ഞങ്ങളുടെ പ്രമാണമായിത്തീർന്നു. യൂറോപ്പിനേ രക്ഷിക്കാൻ യൂറോ-

പ്യന്മാർക്കു മാത്രമേ കഴിയുകയുള്ളൂ. സഹായം സ്വീകരിക്കുന്നവർ അതിൻെറ ഫലം കാണിക്കേണ്ട ചുമതല കൂടെ സ്വീകരിക്കുന്നു എന്നതാണ് ഈ. സി. ഏ.യുടെ ആദർശം.

ഇതോടു ചേർത്ത് കോൺഗ്രസ്സ് ഒരു നിബന്ധന കൂടെ ചേർത്തു. അതു മാർഷൽ പദ്ധതിയുടെ വിജയത്തിനു അനുപേക്ഷണീയമായിരുന്നു. ഇളക്കമുണ്ടായിരുന്ന ഭരണകൂടങ്ങളെ അതു് ഉറപ്പിക്കുകയും, ഉറച്ചിരുന്നവയെ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തു. ഈ നിബന്ധനപ്രകാരം ഈ. സി. ഏ. സഹായം സ്വീകരിക്കുന്ന എല്ലാ ഗവണ്മെൻറുകളും ചില വ്യാപാരബന്ധങ്ങളിൽ ഇടപെടുന്നു. സഹായപദ്ധതിയിലുള്ള തുകയുടെ 5 ശതമാനം ഈ. സി. ഏ. യുടെ ഭരണകാര്യങ്ങൾക്കായി എടുക്കുന്നു. ബാക്കിയുള്ള 95 ശതമാനം പുനരുദ്ധാരണപദ്ധതിക്കായി വിനിയോഗിക്കുന്നു. അത്യാവശ്യമുള്ള വിഭവങ്ങളായിട്ടാണ് അമേരിക്കയിൽനിന്നും ആ തുക വെളിയിലേക്കു പോകുന്നതു്. ഇതു വിററു കിട്ടുന്ന തുകയാണ് സാമ്പത്തിക പുരോഗതിക്കു ഉപയോഗിക്കുന്നതു്.

ഉദാഹരണത്തിന്ന ഫ്രാൻസിലെ നെയ്ത്തു ശാലകളെ എടുക്കാം. ഫ്രാൻസിൽ പരുത്തി ഇല്ലാത്തതിനാൽ വെളിയിൽ നിന്നും ഇറക്കുമതി ചെയ്യേണ്ടിയിരിക്കുന്നു. അവർക്കു പണത്തിന്നു കുറവില്ല, എന്നാൽ ഇ. സി. ഏ. പദ്ധതി പ്രവൃത്തിയിൽ വന്നപ്പോൾ അവർക്കു പഞ്ഞി അമേരിക്കയിൽനിന്നും ലഭിച്ചു. അതിൻെറ വില ഫ്രാൻസിൽ തന്നെ പുനരുദ്ധാരണ പരിപാടികൾക്കായി ഉപയോഗിക്കുകയും ചെയ്തു. അങ്ങനെ ആ വ്യവസായം അഭിവൃദ്ധിപ്പെട്ടുവെന്നു മാത്രമല്ല, മററു പല പരിപാടികളും പുരോഗമിക്കുകയും ചെയ്തു.

അപ്പോൾ എന്തു സംഭവിച്ചു? ഫ്രാൻസിലേ ആളുകളുടെ തൊഴിലില്ലായ്മ വളരെ കുറഞ്ഞു. ഫ്രഞ്ചു ഗവണ്മെൻറിന്ന ധാരാളം ഫ്രാങ്കുകൾ പരിഷ്കരണ പദ്ധതികൾക്കായി മിച്ചമുണ്ടായി. അവിടത്തേ കമ്യൂണിസ്ററുകൾക്ക്, കഷ്ടതകളിൽനിന്നും മുതലെടുക്കുവാനുള്ള സൗകര്യവും നഷ്ടപ്പെട്ടു.

## നിർദ്ദേശസഹിതമായ ഡാളറുകൾ

ഒന്നാം ലോകമഹായുദ്ധത്തിന്ന ശേഷം നാം യൂറോപ്പിന്ന വളരെ സഹായങ്ങൾ ചെയ്തുവന്നതായി അമേരിക്കർക്കെല്ലാം അറിയാം.

വീണ്ടും കൂടുതൽ സഹായം ചെയ്യുക എന്ന പ്രശ്നമാണ് 1947-ൽ കോൺഗ്രസ്സിനെ അഭിമുഖീകരിച്ചതു്. എന്നാൽ മുമ്പുള്ളതിനേക്കാഠം കുറേക്കൂടെ ഉറച്ച ഒരു അടിസ്ഥാനത്തിൽ സഹായപദ്ധതിയെ സ്ഥിരപ്പെടുത്തണമെന്നു തീരുമാനിച്ചു. അങ്ങനെ മാർഷൽ പദ്ധതിയുടെ കേന്ദ്രലക്ഷ്യമാക്കി അതിനെ ഉറപ്പിക്കയും ചെയ്തു. യൂറോപ്പിലെ പ്രശ്നങ്ങഠം കോൺഗ്രസ്സിലെ പല പ്രമുഖാംഗങ്ങളും ശരിക്കു പഠിച്ചു. അതിൻെറ ശേഷമുണ്ടായ നിയമങ്ങളിൽ താഴെ ചേർക്കുന്ന വ്യവസ്ഥകഠം ചേർത്തിട്ടുണ്ട്. (1) യൂറോപ്യൻ രാഷ്ട്രങ്ങഠം അവരുടെ ആവശ്യങ്ങളെക്കാട്ടുന്ന ഒരു വിശദപരിപാടി സമർപ്പിക്കണം. (2) ഇ. സി. ഏ. ഭരണസമിതിയുമായി വ്യാപാരനയങ്ങളെക്കുറിച്ചു ചർച്ചചെയ്യണം. (3) അമേരിക്കൻ സഹായം ശരിയായി വിനിയോഗിച്ചുവോ എന്നു പരിശോധിക്കുവാൻ ഈ. സി. ഏ. യ്ക്കു് അവകാശമുണ്ടായിരിക്കണം.

ഈ നിബന്ധനകഠം അത്ര ഭംഗിയല്ല എന്നു വിചാരിക്കുന്നവർ, ഒന്നോർക്കേണ്ടതുണ്ട്. ഒരു സ്നേഹിതനെ സഹായിക്കുന്നതിനു പണം കടം

കൊടുക്കുന്ന ഒരാൾ, അയാളുടെ പരിപാടികളെക്കുറിച്ചു ശരിക്കു മനസ്സിലാക്കുന്നതു ബുദ്ധിയല്ലേ? അന്താരാഷ്ട്രീയ മണ്ഡലത്തിലും ഈ നോട്ടം ബുദ്ധിപൂർവം തന്നെയാണെന്നു കരുതണം.

"നിർദ്ദേശ സഹിതമായ ഡാളർ." എന്ന് ഇതിനു പേരിടുന്നതു ശരിയായിരിക്കും.

ഇതുമൂലം ഇററലിയിൽ സാധിച്ചിട്ടുള്ള പുനരുദ്ധാരണം എന്തെന്നു നോക്കാം.

യുദ്ധം കഴിഞ്ഞയുടനെ ഇററലി വളരെ കഷ്ടസ്ഥിതിയിലായിരുന്നു. മാർഷൽ പദ്ധതിക്കുമുമ്പുതന്നെ ഐക്യസംസ്ഥാനങ്ങളിൽനിന്നും താൽക്കാലികമായ ഒരു സഹായം ഇററലിക്കു ലഭിച്ചു. അമ്പാസഡർ ജോൺ ഡണ്ണിന്റെ വിദഗ്ദ്ധമായ നിയന്ത്രണത്തിലാണ് 1948-ൽ പ്രസ്തുത സഹായ പരിപാടി പുരോഗമിച്ചതു്. ആ വർഷം ഏപ്രിലിൽ നടന്ന തിരഞ്ഞെടുപ്പിൽ കമ്യൂണിസ്ററു വിജയം ഉണ്ടാകാതിരിക്കുന്നതിനു പദ്ധതി വളരെ സഹായിച്ചു. മുസ്സോളിനിയുടെ ഭ്രാന്തുപിടിച്ച നയങ്ങൾമൂലം, പത്തിരുപതു വർഷങ്ങൾ ഞെരുക്കം അനുഭവിച്ചുകൊണ്ടിരുന്ന ആ രാഷ്ട്രത്തിന്

ഈ. സി. ഏ. യുടെ സഹായം എത്രയോ സ്വാഗതാർഹതമായിരുന്നു. പട്ടണങ്ങളും തൊഴിൽശാലകളും ബോംബുവർഷത്തിന് എത്ര പ്രാവശ്യം ഇരയായിട്ടുണ്ട്! ഈ തകർച്ചയും നാശവും ഓരോ ഇററാലിയന്റെ മുഖത്തും, ഓരോ വീട്ടിലും അവിടെയുള്ള ഒഴിഞ്ഞ പെട്ടികളിലും തെളിഞ്ഞു കണ്ടിരുന്നു.

അവക്ക് ചൂടും ഭക്ഷണവും ആവശ്യമായിരുന്നു. നാം കൽക്കരിയും, ഗോതമ്പും അയച്ചുകൊടുത്തു. നശിക്കാതെ ശേഷിച്ച ഫാക്ടറികൾക്ക് അസംസ്കൃത സാധനങ്ങൾ ആവശ്യമുണ്ടായിരുന്നു. അതിന്നായി പഞ്ഞിയും, ചെമ്പും, ഉരുക്കും നാം കയററുമതി ചെയ്തുകൊടുത്തു.

അതേ സമയത്തു തന്നെ ദൂരവ്യാപകമായ പദ്ധതിപ്രകാരം പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടരുകയും ചെയ്തു. ഈ. സി. ഏ. യും ഇററാലിയൻ ഭരണകൂടവും യോജിച്ചു തീരുമാനിച്ച പദ്ധതിയിൽ താഴെ ചേർക്കുന്ന പ്രധാന പരിപാടികൾ ഉൾപ്പെടുന്നു. (1) ഫാക്ടറികൾക്കു വേണ്ട യന്ത്രങ്ങൾ നേടുക. (2) യന്ത്രങ്ങൾ നടത്തുന്നതിനുള്ള ശക്തി

സംഭരിക്കുക. (3) കൂടുതൽ സ്ഥലം കൃഷിചെയ്യുക എന്നുമാത്രമല്ല പരിഷ്കൃതമായ രീതിയിൽ കൃഷി അഭിവൃദ്ധിപ്പെടുത്തുക. ബൃഹത്തായ ഫാക്ടറികൾ കൂടെ മനുഷ്യർ ഭക്ഷിക്കയും, ധരിക്കയും ഗതാഗതത്തിന്നു ഉപയോഗിക്കയും ചെയ്യുന്ന വസ്തുക്കൾ ഉണ്ടാകുന്നില്ല.

ട്യൂറിനിലെ ഫിയാററ് തൊഴിൽശാല 75 ശതമാനവും യുദ്ധകാലത്തു നശിച്ചുപോയിരുന്നു. എന്നാൽ 23,000,000 ഡാളർ കടം ലഭിച്ചതിനാൽ അതു് വീണ്ടും പൂർവ രൂപത്തിലാക്കുന്നതിന്നു സാധിച്ചു. ഇന്നു വർഷംതോറും ബസ്സുകളും ലോറികളും കൂടാതെ 100,000 കാറുകൾ ഇറക്കിവിടുന്നതിനു കഴിവുള്ള ഒരു ഫാക്ടറിയാണു് അതു്. കാർവ്യവസായത്തിൽ യൂറോപ്പിലെ ഒരു ഉയർന്നസ്ഥാനം അതിന്നു വീണ്ടും ലഭിച്ചു.

അതേസമയം തന്നെ ഇററലിയിലെ വിദ്യുച്ഛക്ത്യുല്പാദനം വർദ്ധിപ്പിക്കുന്നതിലും ഇ. സി. ഏ. പ്രത്യേകം ശ്രദ്ധിച്ചു. ഇഞ്ചിനീയറിംഗുവൈദഗ്ദ്ധ്യവും, പണവും ഒന്നുപോലെ ഇതിന്നാവശ്യമായിരുന്നു. വടക്കുനിന്നുമുള്ള അഡ്ലൈൻനദിയിലേ

വെള്ളച്ചാട്ടമാണ് ഇക്കാര്യത്തിനു പ്രധാനമായി ഉപയോഗിച്ചതു്. കൂടാതെ മററു ചിലസഹായ പദ്ധതികൾ പ്രവൃത്തിയിൽ വരുത്തുകയും ചെയ്തു.

ഫ്ളോറൻസിൽ നിന്നും നാൽപ്പതു മൈൽ അകലമുള്ള ടസ്കനിയുടെ ഒരു ഒഴിഞ്ഞ കോണിൽ ലാവയിൽ നിന്നും പൊങ്ങിവരുന്ന ആവിശക്തി കണ്ടുപിടിച്ചിരുന്നു. എന്നാൽ ജർമ്മൻ ആക്രമണം മൂലം കഴികൾ കഴിച്ച് ഇതു ഉപയോഗപ്രദമാക്കാൻ ആദ്യം സാധിച്ചില്ല. നിയന്ത്രിതമായിരിക്കുന്ന ആവി ശക്തിയിൽനിന്നും വിദ്യുച്ഛക്തി എടുക്കാനുള്ള സൗകര്യങ്ങൾ അടുത്തകാലത്തുണ്ടാക്കിയിരിക്കുന്നു. വർഷം തോറും രണ്ടു ബില്ല്യൺ കിലോവോട്ട് വിദ്യുച്ഛക്തി അവിടെനിന്നും ലഭിച്ചുവരുന്നു. ഇതു് ഇററലിയിൽ ആകെയുള്ള ശക്തിയുടെ 1/12 ആകുന്നു.

കൃഷിപ്രവർത്തനങ്ങളും വളരെ അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. യന്ത്രോപകരണങ്ങൾ ധാരാളമായി ഉപയോഗിച്ചു കൂടുതൽ വിളവെടുക്കുക, കൃഷി നശിപ്പിക്കുന്ന ജന്തുക്കളെ അകററുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക എന്നിങ്ങനെ പലതും അതിൽ ഉൾപ്പെടുന്നു.

കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനേക്കാരം ഇററലിയിൽ അത്യാവശ്യമായിരുന്നതു് ഭൂമി പുനർവിഭജനം ചെയ്യുകയത്രേ. ഫലപ്രദമായി കൃഷി ചെയ്യാൻ പാടില്ലാത്തവിധം ചെറുകഷണങ്ങളായി മുറിഞ്ഞു കർഷകരുടെ കയ്യിലിരുന്ന ഭൂമിയേ, അവർക്കു ജീവിതവൃത്തി കഴിയത്തക്ക ഒരു മാൎഗ്ഗമാക്കുവാൻ ചില പരിഷ്കരണങ്ങരം ആവശ്യമായിരുന്നു. കൂടാതെ ജന്മികളുടെ ഭൂമി, ജോലി ചെയ്യുന്ന കർഷകർക്കു കൊടുക്കുകയും വേണം. ഇതു വമ്പിച്ച ഒരു പ്രശ്നം തന്നെയാണു്. റോഡുകരം നിർമ്മിക്കുക, ജലസേചനപദ്ധതികരം നടപ്പിലാക്കുക ഇങ്ങനെ പലതും പരിഹാരമാൎഗ്ഗങ്ങളിൽ ഉരംപ്പെടുന്നു. ഈ. സി. ഏ. പദ്ധതിയിൽ ഇതിന്നും സ്ഥാനമുണ്ടു്.

കലാഡ്രിയായിലാണു് ആദ്യമായി (1950) ഭൂമിവിഭജനം പരീക്ഷണാർത്ഥം നടത്തിയതു്. 396 കർഷകരുടെ പേരു നറുക്കിട്ടു് എടുത്തു. ഓരോരുത്തന്നും 9 ഏക്കർ സ്ഥലം വീതം സൗജന്യമായി കൊടുത്തു. കൃതജ്ഞത കൊണ്ടു കണ്ണിൽ ജലം നിറഞ്ഞ അവരുടെ നേതാവു് ഇങ്ങനെ

പറഞ്ഞു: ''ലോകമുണ്ടായതിനുശേഷം ഇങ്ങനെ പ്രകാശം നിറഞ്ഞ ഒരു ദിവസം കാണാമെന്നു ഞങ്ങൾ ഒരിക്കലും വിചാരിച്ചില്ല.''

ഇതു് ഒരു ആരംഭം മാത്രമാണ്. വലിയതോതിൽ ഇതുപോലെ പലതും നടക്കുവാൻ പോകുന്നു.

## തലയുറച്ച ഒരു സഹായഭരണസമിതി അത്യാവശ്യമാണ്

വിദേശസഹായപദ്ധതികൾ സംബന്ധിച്ചുള്ള ചെലവു കണക്കിലധികം വർദ്ധിക്കാതെയിരിക്കുകയും, ചെലവാക്കുന്ന തുകയ്ക്കു ശരിക്കു ഫലമുണ്ടാകുകയും ചെയ്യണമെങ്കിൽ കാര്യശേഷിയുള്ള ഒരു ഭരണസമിതി ഉണ്ടായിരിക്കണം. നിയന്ത്രണമില്ലാതെ പണം ചെലവാക്കുന്നതു നഷ്ടമാണ്. അതു ഗുണത്തെക്കാൾ അധികം ദോഷമാണ് ഉണ്ടാക്കുന്നതു്.

മാർഷൽ പദ്ധതിയുടെ വിജയത്തിന്നു് അടിസ്ഥാനം നാം ബില്ല്യൺ കണക്കായി ചെലവഴിച്ചു

വെങ്കിലും ഓരോ പെനിയും ശ്രദ്ധയിൽപെട്ടവെന്നതത്രേ. 17 ബില്ല്യൺ ഡോളറായിരുന്ന പരിപാടിക്ക ആദ്യമായി നിശ്ചയിച്ചിരുന്ന തുക. ഇതുവരെ ചെലവ് 13 ബില്ല്യൺ മാത്രമേ ആയിട്ടുള്ളു. പല രാജ്യങ്ങളിലും സാമ്പത്തിക പുനരുദ്ധാരണം ഏതാണ്ട പൂർത്തിയായിക്കഴിഞ്ഞു. ബ്രിട്ടനിൽ 1951 ജനുവരി 1-ാംതീയതി പരിപാടി പൂത്തിയായിക്കഴിഞ്ഞു. ഇതു് ആദ്യം കരുതിയ സമയത്തിൽനിന്നും 18 മാസം മുമ്പാണ്.

## നാം ഡാളർ മാത്രമല്ല പ്രത്യേക വൈദഗ്ദ്ധ്യം കൂടെ കയററമതി ചെയ്യണം

അമേരിക്കയിലെ വ്യവസായശക്തിയുടെ അത്ഭുതകരമായ വിജയത്തിന് ആസ്പദം അവിടെയുള്ള ബൃഹത്തായ യന്ത്രോപകരണങ്ങളാണെന്ന സമ്മതിക്കാമെങ്കിലും, ഈ യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള വൈദഗ്ദ്ധ്യവും അതുപോലെ തന്നെ പ്രശംസാർഹമാണ്. നമ്മുടെ ജോലിക്കാരുടെ പ്രത്യേക സാമത്ഥ്യവും കൗശലങ്ങളും "എങ്ങനെ

യെന്നു അറിയുക'' എന്ന വാക്യത്തിൽ കൊള്ളിക്കാം. ഇ. സി. ഏ. യുടെ 'സാങ്കേതിക സഹായം' എന്നു പറഞ്ഞാൽ ഉപകരണസഹായവും 'എങ്ങനെയെന്ന് അറിയുന്ന' ആളുകളെ അയയ്ക്കുകയും ആണ്.

യൂറോപ്പിലെ ഉൽപ്പാദനശക്തി അതായത് ഓരോ തൊഴിലാളിയുടെയും ശരാശരി ഉൽപ്പാദനശക്തി, വർദ്ധിപ്പിക്കുന്ന വിഷത്തിൽ 1928 മുതൽ ഞാൻ താല്പര്യം പ്രദർശിപ്പിച്ചിട്ടുണ്ട്. സ്റ്റഡിബേക്കർ കോർപ്പറേഷന്റെ പ്രസിഡണ്ടായ ആൽബേർട്ട് റസ്സൽ ഏഴ്സ്കിൻ, സ്റ്റഡിബേക്കറിന്റെ ലണ്ടനിലെ വ്യാപാരത്തിന്റെ അന്നത്തെ പരാജയത്തെക്കുറിച്ചു പഠിച്ചു റിപ്പോർട്ടു ചെയ്യാൻ എന്നോടു ആവശ്യപ്പെട്ടിരുന്നു. ലണ്ടനിലെ കൂലിനിരക്ക് ഇൻഡ്യാനായിലേതിന്റെ പകുതിമാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും, കേടുപാടുകൾ പോക്കുന്നതിനുള്ള ചാർജ്ജ് ഇരട്ടിയായിരുന്നു എന്നതു എന്നേ അത്ഭുതപ്പെടുത്തി. ഇതു് വിശകലനം ചെയ്തപ്പോൾ വിദ്യുച്ഛക്തികൊണ്ടു നടത്തപ്പെടുന്ന ഉപകരണങ്ങൾ ഉപയോ

ഗിക്കുന്നതിൻെറ ആവശ്യം ബോധപ്പെട്ടു. ഇതു കൊണ്ടു ചെലവു കുറയ്ക്കുകയും കൂലിനിരക്കു വദ്ധിപ്പിക്കുകയും ചെയ്യാൻ കഴിയുന്നു. പക്ഷേ ഒരു അമേരിക്കൻ ഉദ്യോഗസ്ഥൻെറ ഈ പരീക്ഷണത്തിനു പച്ച പിടിക്കാനുള്ള അന്തരീക്ഷം അന്നവിടെ ഇല്ലായിരുന്നു. അതിനാൽ ലണ്ടൻ ഡിപ്ലോവിൽക്കുവാൻ ഞാൻ പ്രസിഡണ്ടു ഏഴ്സ്കിനേ ഉപദേശിച്ചു. അദ്ദേഹം അങ്ങനെ ചെയ്യുകയും ചെയ്തു.

വ്യവസായപരിപാടികളിൽ അമേരിക്കൻ നയം യൂറോപ്പിൽ അനുകരിക്കുന്നതു് അവിടത്തെ തൊഴിലാളികൾക്കും മുതലാളികൾക്കും, അനുഭോക്താക്കൾക്കും ഒരുപോലെ പ്രയോജനകരമാണെന്നു എനിക്കു ബോധപ്പെട്ടതു വിസ്മരിക്കുവാൻ നിവൃത്തിയില്ല. ഈ വിഷയത്തിൽ എനിക്കു ചിലതു പ്രവർത്തിക്കുവാനുള്ള ഒരു സന്ദർഭം 1948-ൽ വേനൽക്കാലത്താണുണ്ടായതു്. ബ്രിട്ടനിലെ ധനകാര്യവിദഗ്ദ്ധനായ സർ സ്റ്റാഫോർഡു ക്രിപ്സും ഞാനും തമ്മിൽ സാമ്പത്തിക പുനരുദ്ധാരണത്തിനുള്ള മാറ്റങ്ങളേക്കുറിച്ചു സംഭാഷിച്ചുകൊണ്ടിരുന്നു

വേളയിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു. "ബ്രിട്ടണിലെ ജീവിതത്തോതു് ഉയർത്തണമെങ്കിൽ, ഉല്പാദനം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഈ വിഷയത്തിൽ ഗ്രെയിററു ബ്രിട്ടൻ പലതും അമേരിക്കയിൽ നിന്നും പഠിക്കേണ്ടതുണ്ടു്". അല്പനേരം ഒന്നു ചിന്തിച്ചശേഷം അദ്ദേഹം തുടർന്നു "ഞങ്ങൾ ചില തലമുറകളായി വച്ചുകൊണ്ടിരുന്ന ചില വ്യാവസായിക രഹസ്യങ്ങൾ നിങ്ങൾ പഠിക്കുന്നതു കൊള്ളാം. എന്തുകൊണ്ടു് നമുക്കു പരസ്പരം ഇത്തരം രഹസ്യങ്ങൾ വിനിമയം ചെയ്തുകൂടാ?"

ഇതു കേട്ടയുടനെ ഞാൻ ഉന്മേഷംകൊണ്ടു് തുളകി. "നമുക്കു പരസ്പര സന്ദർശന പരിപാടി രൂപവൽക്കരിക്കാം. ബ്രിട്ടീഷ് വ്യവസായികളേയും, തൊഴിലാളികളേയും അമേരിക്കയിലെ ചില വമ്പിച്ച ഫാക്ടറികൾ കാണിക്കുക. അതുപോലെ അമേരിക്കരെ ബ്രിട്ടണിലെ വ്യവസായവും വ്യാപാരവും പരിചയപ്പെടുത്തിക്കൊടുക്കുക" എന്നിങ്ങനെ ഞാൻ മറുപടി പറഞ്ഞു. സർ സ്ററാഫോർഡു് അവിടെ വെച്ചു തന്നെ ആ പദ്ധതി അംഗീകരിച്ചു. ഏതാനും ആഴ്ചക്കു

ളിൽ ഉല്പാദനത്തിന്നു വേണ്ടിയുള്ള ഒരു ആംഗ്ലോ അമേരിക്കൻ കൗൺസിൽ രൂപവൽകൃതമായി. ജനറൽ ഇലക്ട്രിൻെറ അദ്ധ്യക്ഷനായ ഫിലിപ്പ് റീഡ്, മറെറാരു വ്യവസായ പ്രമാണിയായ വിക്റ്റർ ട്ടൂതർ എന്നിവർ അമേരിക്കൻ പ്രതിനിധികളായി വന്നു. ഇമ്പീരിയൽ കെമിക്കൽ ഇൻഡസ്ട്രീസിൻെറ ഡെപ്യൂട്ടി ചേർമാനായ സർ ഫ്രെഡറിക്കു ബെയിൻ, ലിങ്കൺ ഇവാൻസു തുടങ്ങിയ വമ്പന്മാർ ബ്രിട്ടനേയും പ്രതിനിധീകരിച്ചു. ആശയവിനിമയം കൊണ്ട് അഭിവൃദ്ധിപ്പെടുത്താവുന്ന വ്യവസായങ്ങളുടെ പട്ടിക തയ്യാറാക്കി അവർ വിശദമായ പരിപാടികളും നിശ്ചയിച്ചു.

ഉരുക്കു വ്യവസായത്തിലെ തൊഴിൽദായകരേയും പ്രതിനിധീകരിക്കുന്ന ഒരു ബ്രിട്ടീഷ് സംഘമാണ് ആദ്യം അമേരിക്കയിൽ വന്നതും. ഇവർ ആറാഴ്ചകാലത്തേക്കു ഫാക്ടറികൾ സന്ദർശിക്കുകയും, കാര്യങ്ങൾ കുറിച്ചെടുക്കുകയും പഠിക്കുകയും ചെയ്തു. അവർ ഇംഗ്ലണ്ടിൽ തിരിച്ചുചെന്നു എഴുതിയുണ്ടാക്കിയ റിപ്പോർട്ടു എത്രമേൽ ശ്രദ്ധേയമായിരുന്നു എന്നതു അതിൻെറ വില്പനക്കണക്കു തെളിയിക്കുന്നു.

രണ്ടാഴ്ചക്കുള്ളിൽ മൂന്നു പുതിയ പതിപ്പുകളിലായി 25000 പ്രതികൾ ചെലവായി. അതിന്റെ സാരം ഇതാണ്! അമേരിക്കൻ തൊഴിൽ ശാലകളിൽ ഒരു മനുഷ്യന്റെ ഉല്പാദനശക്തി, ഇംഗ്ലണ്ടിനെക്കാൾ 50 മുതൽ 90 ശതമാനംവരെ അധികമായിട്ടുണ്ട്. അതിനാൽ ബ്രിട്ടൻ യന്ത്രവൽകരണംമൂലം ഉല്പാദനം വർദ്ധിപ്പിക്കേണ്ടതു ജീവിതത്തോതു ഉയർത്തുന്നതിന്നു ഒഴിച്ചു കൂടാത്തതാണ്.

ബ്രിട്ടനിലെ ഈ ശുഭോദർക്കമായ സമാരംഭം, സാങ്കേതിക സഹായ പദ്ധതിയേ മററു രാഷ്ട്രങ്ങളും സോത്സാഹം സ്വീകരിക്കാൻ തയ്യാറാകുമെന്നു സൂചിപ്പിച്ചു. എങ്കിലും അങ്ങനെയല്ല സംഭവിച്ചതു്. പ്രസ്തുത പദ്ധതിയുടെ പ്രയോജനത്തേക്കുറിച്ച് ശരിക്കു മനസ്സിലാക്കാൻ ഭാഷാവൈഷമ്യം ഒരു പക്ഷേ കാരണമായിരുന്നിരിക്കാം. ഏതായാലും വ്യവസായ മാർഗ്ഗങ്ങൾ അധുനികമാക്കുന്നതിന്നു പ്രതീക്ഷിച്ചത്ര ഫലമുണ്ടായില്ല. എന്നാൽ ഈ. സി. ഏ. യുടെ പരിപാടികൾമൂലം ഏതാണ്ടു മൂവായിരം യൂറോപ്യന്മാർക്കും അമേരിക്കൻ സാങ്കേതിക രീതികളേക്കുറിച്ചു പരിജ്ഞാനം ലഭിച്ചു.

അവരെല്ലാം കേവലം ഫാക്ടറി ജോലിക്കാരല്ലായിരുന്നു. കൃഷികരും, കൽക്കരിവേലക്കാരും, എഞ്ചിനീയറന്മാരും, എല്ലാം ഇവരിൽ ഉൾപ്പെട്ടിരുന്നു.

സർ സ്റ്റാഫോർഡ് പറഞ്ഞതുപോലെ വ്യവസായ വിഷയങ്ങളിൽ പല പരിഷ്കാരങ്ങളും ബ്രിട്ടനിൽ നിന്നും പഠിക്കാൻ അമേരിക്കയ്ക്കും സാധിച്ചു കൂടാതെ രണ്ടുകൂട്ടരും തമ്മിൽ വളരെ അടുക്കുന്നതിനും പരസ്പരം മനസ്സിലാക്കുന്നതിനും ഈ സന്ദർശനങ്ങൾ പ്രയോജകീഭവിച്ചു. ഒരു ബ്രിട്ടീഷ് ട്രേയൻ യൂണിറവ ഇങ്ങനെ റിപ്പോർട്ടു ചെയ്തു. "തൊഴിലാളികളും അവരുടെ ഭരണകൂടവും തമ്മിൽ സൌഹാർദ്ദപൂർണ്ണമായ സഹകരണം ഉള്ളതായി കണ്ടു." "തൊഴിലാളികളും തൊഴിൽദായകന്മാരുമായുള്ള ബന്ധം ഒന്നാന്തരമായിരുന്നു. പലപ്പോഴും പരസ്പരബഹുമാനം അവർ പ്രദർശിപ്പിച്ചു കണ്ടു" എന്നു ബ്രിട്ടനിലെ ഒരു നൂൽ വ്യവസായ സംഘം അഭിപ്രായപ്പെട്ടു. "അമേരിക്കൻ തൊഴിൽദായകൻ ഒരു മനഃശാസ്ത്ര വിദഗ്ദ്ധനാണ്. അയാളുടെ അഭിവൃദ്ധി തൊഴിലാളികളുടെ അഭിവൃദ്ധിയിലാണിരിക്കുന്നതെന്നു അയാൾ

ക്കറിയാം.'' എന്നു ഒരു ഫ്രഞ്ച് സന്ദർശകൻ പ്രസ്താവിച്ചു.

ഈ യൂറോപ്യന്മാർ തിരിച്ചുപോകുമ്പോൾ അവർ പഠിച്ചിട്ടുള്ള പുതിയ രീതികൾ തങ്ങളുടെ വ്യവസായങ്ങളിൽ പ്രയോഗിക്കുന്നു. ഇതിന്റെ അർത്ഥം പാരമ്പര്യം നശിപ്പിക്കുക എന്നതാണ്. അതു വളരെ പ്രയാസമുള്ള ഒരു കാര്യവുമാണ്. ഇന്നു യൂറോപ്പിൽ വളർച്ചയുടേയും അഭിവൃദ്ധിയുടേയും ഒരു പുതിയ ചൈതന്യം തിരയടിച്ചു കാണുന്നു.

യന്ത്രങ്ങളെക്കുറിച്ചു പഠിക്കുന്നതിനേക്കാൾ പ്രധാനമായി അവർ മറെറാന്നു പഠിച്ചു. അതു് അമേരിക്കയേക്കുറിച്ചുള്ള അറിവാണ്. അവിടുത്തെ ധാരാളതയും, ക്ഷേമവും ഉല്പാദനശക്തിയേയും നല്ല ശമ്പളത്തേയും ആശ്രയിച്ചാണിരിക്കുന്നതു് എന്നും അതു മററുള്ളവർക്കും അനുകരണാർഹമാണെന്നും അവർ മനസ്സിലാക്കി.

ഇതേ സമയം തന്നെ സാങ്കേതിക സഹായ പദ്ധതി ചൈനയിലും പരീക്ഷണാർത്ഥം പ്രയോഗിച്ചു നോക്കി. 1948-ലെ ചൈനാ എയിഡു ആക്ടിൻ

പ്രകാരം, അവിടുത്തെ ഗ്രാമീണപുനരുത്ഥാനത്തിലാണ് പ്രത്യേകം ശ്രമിച്ചത്. കമ്മ്യൂണിസ്റ്റ് വിപ്ലവങ്ങൾക്കു ഇരിപ്പിടമായ തെക്കുകിഴക്കൻ ഏഷ്യയിൽ അതിൻെറ ആവശ്യമാണ് ഉണ്ടായിരുന്നത്. അവിടുത്തെ ജന്മികുടിയാൻ ബന്ധം ഏററവും അനാശാസ്യമായിരുന്നു. മധ്യവർത്തികൾ കർഷകരുടെ ആദായത്തിൻെറ നല്ല അംശം വിഴുങ്ങിവന്നു. ഇങ്ങനെയിരുന്ന ഒരു സന്ദർഭത്തിലാണ് മോസ്ക്കോവിൽ നിന്നും തയ്യാറായി വന്ന കമ്മ്യൂണിസ്റ്റുകൾ ഈ പ്രശ്നത്തെ ഒരു രഷ്ട്രീയ പ്രശ്നമാക്കി തിരിച്ചുവിട്ടതും. ഏഷ്യയിലെ 1,250,000,000 ജനങ്ങളിൽ 80 ശതമാനവും കൃഷിക്കരാണ്. (ഇതിൽ ചൈനയിലെ 460,000,000 ഉൾപ്പെടുന്നു). കർഷകരുടെ ഭയങ്കരമായ അവശതയെ 1948-ൽ കമ്മ്യൂണിസ്റ്റുകാർ മുതലെടുത്തു തുടങ്ങി.

അതിനാൽ മൊത്തത്തിലുള്ള പുനരുത്ഥാനപരിപാടികൾ പ്രയോഗത്തിൽ വരുത്തുന്നതിനു മുമ്പിൽ കമ്യൂണിസ്റ്റുകളുടെ കയ്യിൽ പതിച്ച കർഷകപ്രശ്നത്തെ അഭിമുഖീകരിക്കേണ്ടിവന്നു. അതിനായി

ജെ. സി. സി. ആർ. (ജായിൻറ കമ്മീഷൻ ഓഫ് റൂറൽ റിക്കൺസ്ട്രക്ഷൻ) തങ്ങളുടെ "സാമൂഹ്യ നീതി" പദ്ധതിയുമായി മുമ്പോട്ടു വന്നു. മേശയ്ക്കു ചുററും മാത്രം ഇരുന്നു കാര്യങ്ങൾ ചെയ്യുന്ന സമിതികളേപ്പോലെയല്ല കുന്നലും, ഗ്രാമങ്ങളിലും പോയി ഇവർ കാര്യങ്ങൾ നേരട്ടു കണ്ടു കർഷകരുമായി ഇടപെടുകയും അവരോടുകൂടെ താമസിക്കുകയും ചെയ്തു. അറേബ്യയിൽ ലോറൻസു നടത്തിയ പരിപാടികൾക്കുശേഷം, ഇത്ര പ്രയോജനപൂർണ്ണമായ ഒരു പരിപാടി പാശ്ചാത്യർ കിഴക്കൻ പ്രദേശങ്ങളിൽ നടത്തിയിട്ടില്ല എന്നു എനിക്കു തീർത്തുപറയുവാൻ കഴിയും. കുടിയാൻ നിയമത്തിൽ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിനു ഗണ്യമായ പ്രേരണ ജെ. സി. സി. ആർ. ൻെറ അമേരിക്കൻ അംഗമായ ഡാക്ടർ റേയിമെൻഡു ററി. മോയർ ചെലുത്തുകയുണ്ടായി. അതിൻെറ ഫലമായി 12% മുതൽ 30% വരെയുള്ള ഇളവു കുടിയാന്മാക്കു ലഭിച്ചിട്ടുണ്ടു്.

ഉടനേതന്നെ കൃഷകൻെറ മനോഭാവം മാറി. ഉല്പാദനം ഗണ്യമായി വർദ്ധിച്ചു. ഭരണകൂടത്തോടു താൽപ്പര്യവും അവനുളവായി. ഈ പരിപാടി

വേരുറച്ച പ്രദേശങ്ങളിൽതന്നേയാണ് കമ്യൂണിസ്റ്റുകാർ പ്രചാരണപ്രവൎത്തനത്തിൽ തളർച്ച അനുഭവിച്ചതു്. ഈ പദ്ധതി ചൈനയിൽ കുറേ വർഷങ്ങൾക്കു മുമ്പിൽ പ്രയോഗിച്ചിരുന്നുവെങ്കിൽ, കാൎയ്യങ്ങൾ ആകെപ്പാടെ വ്യത്യസ്തപ്പെട്ടുമായിരുന്നേനേ. ഇ. സി. ഏ യുടെ ലക്ഷ്യം കാമ്യമാണെന്നുള്ളതു്, ഏഷ്യയിലും യൂറോപ്പിലുമുള്ള അതിൻെറ പ്രവൎത്തനം തെളിയിക്കുന്നു. സാമ്പത്തിക പുനരുദ്ധാരണം മാനസിക നവചൈതന്യത്തേയും നൽകുന്നു.

തിരഞ്ഞെടുപ്പുഫലവും, ഭൗതികനേട്ടങ്ങളും തമ്മിൽ ശരിക്കു ബന്ധമുണ്ടെന്നു യൂറോപ്പിലെ തിരഞ്ഞെടുപ്പു തെളിയിക്കുന്നു. ജനകീയതയ്ക്കു വേണ്ടി സമരം ചെയ്യുന്ന മററു ശക്തികൾ ഉണ്ടെന്ന കാൎയ്യവും വിസ്മരിച്ചുകൂടാ. കമ്യൂണിസത്തിന്നെതിരായുള്ള ക്രൈസ്തവസഭയുടെ പ്രവൎത്തനങ്ങളും, പ്രചാരണത്തിൻെറ ആകൎഷകത്വവും, വാസ്തവത്തിലുള്ള നീചത്വവും തമ്മിലുള്ള അന്തരത്തേക്കുറിച്ചുവൎദ്ധിച്ചുവരുന്ന ബോധവും ഇക്കൂട്ടത്തിൽ പ്രസ്താവ്യങ്ങളാണു്. എങ്കിലും, സാമ്പത്തിക പുനരുദ്ധാരണ

ത്തിന്നു കമ്യൂണിസത്തിൻെറ തിരമാലകളെ നല്ല വണ്ണം ചെറുക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. മാർഷൽ പദ്ധതിക്കുശേഷമുള്ള തിരഞ്ഞെടുപ്പുകൾ അപഗ്രഥിച്ചാൽ അതു തെളിയും. ഉദാഹരണമായി ബെൽജിയത്തിൽ വ്യവസായോല്പാദനം 12% വർദ്ധിച്ചിട്ടുള്ളപ്പോൾ, അവിടെ നിയമസഭയിൽ കമ്യൂണിസ്ററുകളുടെ എണ്ണം 17-ൽ നിന്നും പത്തായി കുറഞ്ഞു. നോർവേയിൽ ഉല്പാദനം 23% വദ്ധിച്ചപ്പോൾ, പാർലമെൻറിൽ കമ്യൂണിസ്റ്റുകൾക്കുണ്ടായിരുന്ന 11 സീററുകളും നഷ്ടപ്പെട്ടു. നെതർലണ്ട്സിൽ വ്യവസായോല്പാദനം 51 ശതമാനം വദ്ധിച്ചിട്ടുണ്ട്. 1946-ൽ നിന്നും 1950 ആയപ്പോഴേക്കു അസംബ്ളിയിൽ കമ്യൂണിസ്റ്റിനുള്ള സീററുകൾ 10 ശതമാനത്തിൽ നിന്നും 5 ആയിക്കുറഞ്ഞു. ഇതുപോലെ 31 ശതമാനം ഉല്പാദനം വർദ്ധിച്ച ഡെന്മാക്കിൽ കമ്യൂണിസ്ററു സീററുകൾ 12 ശതമാനത്തിൽ നിന്നും 4 ആയിക്കുറഞ്ഞു. ആസ്ട്രിയയിൽ ഉൽപ്പാദനം 140 ശതമാനം വർദ്ധിച്ചിരിക്കുന്നു. അവിടെയുള്ള 30 പട്ടണങ്ങളിൽ കമ്യൂസ്ററുമേയറന്മാർ ഉണ്ടായിരുന്നു. ഇപ്പോൾ അവിടെയെല്ലാം

അവർ പരാജയപ്പെട്ടിരിക്കുന്നു. ബ്രിട്ടനിലും സ്വി റ്റ്സർലണ്ടിലും കമ്യൂണിസം ഒരിക്കലും ഒരു വലിയ പ്രശ്നമായിരുന്നിട്ടില്ല. ഗ്രീസ്, ടർക്കി, പോർച്ചുഗൽ ഈ രാജ്യങ്ങളിലും കമ്യൂണിസത്തിനു ശക്തിയില്ല.

ഇററലിയിൽ മാർഷൽ പദ്ധതിയുടെ വിളംബരംതന്നെ ഭരണകൂടത്തിൽ കമ്യൂണിസ്റ്റുകളുടെ പ്രാതിനിത്യത്തെ കുറച്ചിട്ടുണ്ട്. ഫ്രാൻസിലും മാർഷൽ പദ്ധതി മൂലം ഉല്പാദനത്തിൽ 29% വർദ്ധനവുണ്ടാകയാൽ കമ്യൂണിസത്തിൻെറ സ്വാധീന ശക്തി വളരെ ലഘുവായി.

ഒരു പാഠം എനിക്കു പഠിക്കേണ്ടിവന്നില്ല. ഒരു ഭരണകൂടത്തിൻെറ കാര്യക്ഷമത അതിൻെറ ഉയർന്നമേഖലയിലുള്ള ആളുകളുടെ സാമർത്ഥ്യത്തെ ആസ്പദിച്ചിരിക്കുന്നു. ഇ. സി. എ. യിൽ ഉദ്യോഗം വഹിക്കുന്നതിനു, വാർഷികവേതനമായി 15,000 ഡാളർ ലഭിക്കുന്ന 25 ആളുകളേയും 10,00 ഡാളർ ലഭിക്കുന്ന 75 ആളുകളേയും എടുക്കുന്നതിനു കോൺഗ്രസ്സ് അനുമതി തന്നു. ഞങ്ങളിൽ പലർക്കും വ്യവസായാദി തൊഴിലുകളിൽ ഇതി

ലധികം ശമ്പളം നിഷ്പ്രയാസം ലഭിക്കുമായിരുന്നുവെങ്കിലും, ഗവർമ്മെൻറിൻെറ നിരക്കനുസരിച്ചു പറയുമ്പോൾ ഇതു ഉദാരതയെയാണ് കുറിക്കുന്നത്. ഇത്തരം വിദഗ്ദന്മാരെ ലഭിക്കുന്നതിൽ എം. ററി. മൂറിൻെറ സഹായം എനിക്കുണ്ട്. ഈ. സി. ഏ. യുടെവിജയത്തിൻെറ കാരണം എന്നേക്കാൾ മെച്ചപ്പെട്ട ആളുകളെ ഉദ്യോഗസ്ഥരായി ലഭിച്ചതിലാണു സ്ഥിതി ചെയ്യുന്നതു് എന്നു പറയുമ്പോൾ അതു സത്യപ്രസ്താവം മാത്രമാണ്.

വാണിജ്യ വിഭാഗത്തിൻെറ കാര്യദർശിയായി ആവറെൽ ഹാരിമാനേ ലഭിച്ചതാണു എൻെറ ഒന്നാമത്തെ വിജയം. ഗ്രെയിററബ്രിട്ടൻെറയും, റഷ്യയുടെയും അമ്പാസഡർ എന്നനിലയിൽ അദ്ദേഹത്തിനു യൂറോപ്പിനെക്കുറിച്ചു ലഭിച്ചിട്ടുള്ള നിഷ്കൃഷ്ടമായ ജ്ഞാനം വളരെ പ്രയോജനകരമായിരുന്നു. അദ്ദേഹത്തിനു സഹായിആയി ലഭിച്ച വില്ല്യം സി. ഫോസ്റ്ററും വളരെ പ്രാപ്തനായിരുന്നു. വ്യവസായ പ്രമുഖനായ ഹവ്വാർഡു ബ്രൂസു 8 മാസത്തേക്കു മാത്രമാണു വന്നതെങ്കിലും 18 മാസം ജോലിയിലിരുന്നു. ഹവ്വാർഡിലെ സുപ്രസിദ്ധ നിയമ

പ്രഫസറായ മിൽട്ടൻ കാട്ട്സ്, യൂറോപ്യൻ പരിപാടികളുടെ ഉപദേശകനായും ചേർന്നു.

ഉയന്ന ഉദ്യോഗങ്ങളിൽ മാത്രമല്ല ഈ സൂക്ഷ്മത ചെലുത്തിയതും; താഴ്ന്ന ജോലികളിലും അമേരിക്കയുടെ പലവിധ താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്നവരെ തിരഞ്ഞെടുക്കുന്നതിലും ഞങ്ങൾ ശ്രദ്ധിച്ചു. ഇതിൽ വ്യവസായിയും, ബാങ്കുകാരനും ധനതത്വശാസ്ത്രജ്ഞനും, ദല്ലാളിയും, കൃഷിശാസ്ത്രജ്ഞനും എല്ലാം ഉൾപ്പെടും. അങ്ങനെ ഈ തെരഞ്ഞെടുപ്പു അമേരിക്കരുടെയും, യൂറോപ്യന്മാരുടെയും താല്പര്യങ്ങളെ ഒരേ സമയത്തു സംതൃപ്തമാക്കി.

വിദേശസഹായ പരിപാടികളിൽ നിന്നും നാം പഠിച്ച പാഠങ്ങളിൽ ഏററവും പ്രധാനമായതു് ഇതാണു്. ''പുനരുദ്ധാരണത്തിന്നായാലും, മന്ദിച്ചുകിടക്കുന്ന സാമ്പത്തിക ഘടകങ്ങളേ പുരോഗമിപ്പിക്കുന്നതിനായാലും രാജ്യരക്ഷാശക്തി ഉറപ്പിക്കുന്നതിനായാലും നമ്മുടെ ഡാളറിന്നു ഏററവുമധികം ഫലം ഉണ്ടാകണമെങ്കിൽ, ഈ നിധികളുടെ വിഭജനകർത്തവ്യം ഒരു ഗവണ്മെൻറു് ഏജൻ

സിയിൽതന്നേ ഇരിക്കേണ്ടതാണ്. അങ്ങനെ ഒരു ഒററ ഏജൻസിയിൽ വിനിയോഗകത്തവ്യം ഇരുന്നെങ്കിൽ മാത്രമെ താഴെ ചേക്കുന്ന കാൎയ്യങ്ങൾ ചെയ്യാൻ കഴിയൂ.

1) എല്ലാ രാഷ്ട്രങ്ങൾക്കും അർഹിക്കുന്ന വിധം തുക വിഭജിക്കുക. (പല ഏജൻസികൾ പ്രവത്തിച്ചാൽ ഇതിൽ പക്ഷപാതങ്ങൾക്കു ഇട യുണ്ടാകും.)

2) രണ്ടോ മൂന്നോ ഏജൻസികൾ ഒരു രാജ്യത്തുണ്ടായാൽ ആവത്തനങ്ങളും നഷ്ടവും ഉണ്ടാകും.

3) നമ്മുടെ ഡാളർ ഏററവും ഉപയോഗമുള്ള ലക്ഷ്യത്തിലേക്കുമാത്രം കൊടുക്കുക. (തൊഴിലുള്ള ബ്രിട്ടണേപ്പോലെയുള്ള ഒരു രാഷ്ട്രം ആയുധീകരണത്തിൽ ഇനിയും ശ്രദ്ധിച്ചാൽ ജീവിതത്തോതു താണു പോകും. എന്നാൽ ജമ്മനിയുടെ കാൎയ്യത്തിൽ ആയുധീകരണം ജീവിതത്തോതു ഉയത്തുകയേയുള്ളു.)

ഒററ ഏജൻസിയുടെ ആവശ്യം ഈ. സി. ഏ. തന്നേ വ്യക്തമാക്കിയിട്ടുണ്ടു. ഈ ഉത്തര

വാദിത്വം ഭിന്നിക്കാതിരുന്ന രംഗങ്ങളിലെല്ലാം ഈ. സി. ഏ. സാമാന്യാധികം വിജയിച്ചിട്ടുണ്ട്.

അതിനാൽ അമേരിക്കൻ ജനതയുടെയും കോൺഗ്രസ്സിൻെറയും അടിയന്തര ശ്രദ്ധയ്ക്കായി ഞാൻ ഒരു പ്രധാന നിർദ്ദേശം ഇവിടെ കുറിച്ചു കൊള്ളട്ടെ.

സങ്കേതികസഹായ പദ്ധതികളും മററു പരിപാടികളും വിദേശങ്ങളിൽ പ്രയോഗത്തിൽ വരുത്തുന്നതിന് ഒരു സാമ്പത്തിക ഭരണസ്ഥാപനം (Over seas Economic Administration) രൂപവൽകരിക്കുക; ഈ സ്ഥാപനത്തിനു പ്രസ്തുത പരിപാടികളുടെ നിയന്ത്രണത്തിൽ ഒരു വലിയ സ്ഥാനം ഉണ്ടായിരിക്കുക; ഈ സ്ഥാപനത്തിനു സ്റ്റേററ് ഭരണകൂടത്തിൻെറ മററു വകുപ്പുകൾക്കു തുല്യമായ അവകാശങ്ങൾ ഉണ്ടായിരിക്കുക; അന്താരാഷ്ട്രീയസാമ്പത്തിക സംഘടനകളുടെ പ്രതിനിധികളെ ഇതിന്ന് ഉത്തരവാദികളാക്കുക.

ചുരുക്കിപ്പറഞ്ഞാൽ ഇന്നത്തെ ഇ. സി. ഏ. സംഘടനയേ ഈ പുതിയ സ്ഥാപനം (ഓവർ

സീസ് ഇക്കണോമിക് അഡ്മിനിസ്ട്രേഷൻ) സ്വീകരിച്ചു അഭിവൃദ്ധിപ്പെടുത്തുകയും, സ്റ്റേററ് ഡിപ്പാർട്ടുമെൻറിൻെറ നാലാം പോയിൻറ് പദ്ധതി അവരുടെ നിയന്ത്രണത്തിലാക്കുകയും ചെയ്യു എന്നതാണു ഞാൻ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതിയുടെ ചുരുക്കം. തന്നെയുമല്ല, ലോക ബാങ്ക്, ഇൻറർ നാഷനൽ മോണിററി ഫണ്ട്, ഇൻറർ നാഷനൽ ട്രേഡ് ഓർഗനൈസേഷൻ മുതലായവയിൽ അമേരിക്കയുടെ നയം അതാതു സമയത്തു അറിയിക്കുന്നതിനുള്ള ചുമതലയും ഈ പുതിയ സ്ഥാപനത്തിനു് ഉണ്ടായിരിക്കണം.

അദ്ധ്യായം 7

# സമാധാനമത്സരം രാഷ്ട്ര്റീയ രംഗത്തിൽ

ഈ അടുത്ത കാലംവരെ 'രാഷ്ട്രീയം' എന്നു പറഞ്ഞാൽ, റിപ്പബ്ലിക്കൻ, ഡിമോക്രാററിക്ക കക്ഷികൾ, തിരഞ്ഞെടുപ്പ് എന്നിവ മാത്രമാണു എനിക്കു അർത്ഥമായിരുന്നതു്. തന്നെയുമല്ല, സ്ഥിരമായുള്ള വിദേശബന്ധങ്ങൾ നാം സ്വീകരിച്ചുകൂടാ എന്നുള്ള ജോർജ്ജ് വാഷിങ്ടൻെറ ഉപദേശം എൻെറ കാതുകളിൽ ചെറുപ്പംമുതലേ ശക്തിയായി പ്രവേശിച്ചിരുന്നു. എന്നാൽ വാഷിങ്ടൻെറ കാലത്തു് അററ്ലാൻറിക്കു കടക്കുന്നതിന് 5 ആഴ്ചകളും ലോകം ചുററുന്നതിന് 18 മാസങ്ങളും വേണ്ടിവന്നതു ആരും സ്മരിക്കുന്നില്ല. ഇന്നും സമുദ്രം അതുപോലെതന്നെ കിടക്കുന്നെങ്കിലും, സമയവിവരപ്പട്ടിക വളരെ മാറിയിട്ടുണ്ടു്. ഞാൻ ഒററ രാത്രികൊണ്ടു പല തവണ അററ്ലാൻറിക്കു് കടന്നിരിക്കുന്നു. ഉച്ചഭക്ഷണം ന്യൂയോക്കിലാണെങ്കിൽ, പ്രഭാതഭക്ഷണം ലണ്ടു

നിലോ, പാരീസിലോ ആയിരിക്കും. 14 ദിവസം കൊണ്ടു ഞാൻ ഒരിക്കൽ ലോകം മുഴുവൻ ചുററി. അതിൽ കഷ്ടിച്ച് ആറുദിവസം മാത്രമേ സഞ്ചാരത്തിന്നു ഉപയോഗിച്ചുള്ളു.

1790-ലേക്കു യോജിച്ച ഒരു നയം 1951-ലേക്കു പററുകയില്ലെന്ന സംഗതി സധൈര്യം സമ്മതിക്കുന്ന ഒന്നാമത്തെ ആളായിരുന്നു വാഷിങ്ടൺ. കഴിഞ്ഞ 160 വർഷങ്ങളിലെ വമ്പിച്ച മാററങ്ങൾ അനുസരിച്ചു നോക്കുമ്പോൾ വാഷിങ്ട്ടൺ ഹെൻറി എൽ. സ്റ്റിംസൻെറ മതത്തോടു യോജിക്കുന്നതാണ്. "വിദേശ നയമാണു ഇന്നു നമ്മുടെ അതിപ്രധാനമായ ദേശീയ നയം".

ഒരു രാഷ്ട്രത്തിന്നും ഇരുപതാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ, ഒരു ദ്വീപുപോലെ വേറിട്ടു നിൽക്കാൻ കഴിവില്ല. ഒരു ലോകസമുദായബോധത്തോടുകൂടി ജീവിക്കുകയും, പ്രവർത്തിക്കുകയും ചെയ്കയാണു നമ്മുടെ മാർഗ്ഗം സുഗമവും സമാധാനപൂർണ്ണവുമാക്കുവാൻ വേണ്ടത്.

ലോകരാഷ്ട്രങ്ങൾ തമ്മിലുള്ള ഈ പരസ്പരാശ്രയത്വമാണ് രാഷ്ട്രീയ ചിന്തയ്ക്കു ഒരു പുതിയ

അത്ഥം കൊടുക്കുന്നതു് ഒരു പാർട്ടിക്കു പകരം, ഡിമോക്രാററിക്കു്, റിപ്പബ്ളിക്കൻ എന്നീ പാർട്ടികളും സ്വതന്ത്രമായ തിരഞ്ഞെടുപ്പും നമുക്കുള്ളിടത്തോളം കാലം, ലോകരാഷ്ട്രഗതികളെക്കുറിച്ചു നമുക്കു ശരിക്കു ചിന്തിക്കാതെ നിവൃത്തിയില്ല എന്നെനിക്കു നിശ്ചയമുണ്ടു്. "ദേശരാഷ്ട്രീയ"ത്തേക്കാൾ "ലോകരാഷ്ട്രീയ"മാണു് വാസ്തവത്തിൽ നമ്മുടെ ജീവിതത്തെ ബാധിക്കുന്നതു്. ബ്രസിലിൽ കാപ്പികൃഷിയുടെ നാശം, ഇൻഡ്യയിൽ ക്ഷാമം, ബ്രിട്ടണിൽ നാണയവിലന്യൂനീകരണം, ഫ്രാൻസിലെ മന്ത്രിസഭാക്കുഴപ്പം, ആഫ്രിക്കയിലെ യുറേനിയം കണ്ടുപിടിത്തം, ലെബാനോനിലെ രാഷ്ട്രീയവധം ഇവയെല്ലാം വ്യക്തികളെന്ന നിലയിലും ജനതകളെന്ന നിലയിലും നമ്മുടെ മേൽ വലിയ സ്വാധീനശക്തിയുണ്ടു്. "മുമ്പുണ്ടായിട്ടുള്ളതും ഇപ്പോഴുള്ളതുമായ എല്ലാ രാഷ്ട്രങ്ങൾക്കും ഏതെങ്കിലും ഒരു ഘട്ടത്തിൽ മനസ്സിലാക്കേണ്ടിവന്നിട്ടുള്ളതാണു് ഇതു്—പ്രാദേശികവിഷയങ്ങളേക്കാൾ വിദേശ കാര്യങ്ങൾക്കുള്ള പ്രാധാന്യം.

"പ്രാദേശിക കാര്യങ്ങളുടെ പ്രത്യാഘാതം ഉടൻതന്നെ അനുഭവപ്പെടുമെന്നതു ശരിതന്നെ. എന്നാൽ രാഷ്ട്രഭാവിയെ സാരമായി ബാധിക്കുന്നതു് വിദേശകാര്യങ്ങളാണു്. അതിനാൽ വിദേശനയമാണു് ചരിത്രം സൃഷ്ടിക്കുന്നതു്" എന്നിങ്ങനെ 'ബാരൺ' എന്ന പത്രത്തിന്റെ അധിപർ പറഞ്ഞതിനോടു എല്ലാവരും യോജിക്കുന്നതാണു്.

സമാധാന മൽസരത്തിൽ ലോകരാഷ്ട്രത്തിനുള്ള സുപ്രധാന സ്ഥാനം തെളിയിക്കുകയാണു് ഇതു ചെയ്യുന്നതു്. യുദ്ധകാലത്തെപ്പോലെതന്നെ വ്യക്തവും ദൃഢവുമായ ഒരു വിദേശനയം സമാധാനകാലത്തും നമുക്കു് ആവശ്യമാണു്. എങ്കിലും ഇക്കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ മാത്രമാണു നമുക്കു ഏതാണ്ടു വ്യക്തമായ ഒരു വിദേശനയം ഉണ്ടായിട്ടുള്ളതു്. ആരാണു് ഈ വിദേശനയം രൂപപ്പെടുത്തുന്നതെന്നും, ആരാണു് അതു പ്രയോഗിക്കുന്നതെന്നും നമുക്കു ആദ്യമായി പരിശോധിക്കാം.

ഭരണഘടനപ്രകാരം പ്രസിഡന്റു വിദേശനയം രൂപപ്പെടുത്തുകയും, സ്റ്റേററ്ഡിപ്പാർട്ടു

മെൻറ് അതു പ്രയോഗത്തിൽ വരുത്തുകയും ചെയ്യുന്നു. എങ്കിലും കോൺഗ്രസ്സിനു അതിൽ പലതും ചെയ്യാൻ കഴിയും. കരാറുകൾ സ്ഥിരപ്പെടുത്തുന്നതു് സെനററ് ആണു്. സെനററും പ്രതിനിധിമണ്ഡലവും ചേർന്നാൽ, വിദേശനയത്തിനുള്ള തുക അനുവദിക്കുകയോ നിഷേധിക്കുകയോ ആവാം. കർഷകർ, തൊഴിലാളികൾ വ്യവസായികൾ മുതലായവരുടെ സംഘടനകൾക്കെന്നു മാത്രമല്ല പൊതുജനങ്ങൾക്കു മൊത്തത്തിൽ വിദേശനയം രൂപവൽക്കരിക്കുന്നതിൽ ഒരു പങ്കുണ്ടു്. അറിവിലും അറിവില്ലായ്മയിലും, ധൈര്യത്തിലും ഭീരുത്വത്തിലും നാം നമ്മുടെ വിദേശനയം രൂപപ്പെടുത്തിക്കൊണ്ടിരിക്കുകയാണു്.

നമ്മുടെ ലക്ഷ്യങ്ങളും, കഴിവുകളും വെളിച്ചത്തു കൊണ്ടുവരുന്ന സ്പഷ്ടവും സൃഷ്ടിപരവുമായ ഒരു നയമായിരിക്കണം നമ്മുടേതു്. നമ്മുടെ കർമ്മപരിപാടി എന്തെന്നും അതിനു നമുക്കു എന്തു കൈമുതൽ ഉണ്ടെന്നും അറിയാതിരിക്കുന്ന പക്ഷം, നാം കുഴപ്പിലിലും നിഷ്പ്രയോജനത്വത്തിലും ചെന്നുപതിക്കുന്നതാണു്.

വിദേശനയം രൂപവൽക്കരിക്കുന്നതിൽ ബഹുജനങ്ങൾക്കെല്ലാം പങ്കുണ്ടെങ്കിലും, അതു പ്രയോഗത്തിലാക്കുന്നതിനുള്ള ചുമതല സ്റ്റേററ്ഡിപ്പാർട്ടുമെൻറിലാണു സ്ഥിതിചെയ്യുന്നത്. പ്രസ്തുത ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥരുടെ ചെയ്തികളെക്കുറിച്ച് എനിക്കു ചില സംശയങ്ങളെല്ലാം ആദ്യമുണ്ടായിരുന്നു. എങ്കിലും ഇ. സി. എ. യിൽ ഞാൻ കഴിച്ചുകൂട്ടിയ രണ്ടര വർഷങ്ങൾക്കുള്ളിൽ സ്റ്റേററ്ഡിപ്പർട്ടുമെൻറിലേ ഉദ്യോഗസ്ഥരുടെ പ്രാപ്തിയെക്കുറിച്ചും പ്രവർത്തനോത്സാഹത്തേക്കുറിച്ചും എനിക്കു ശരിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. സമുദായത്തിൻെറ എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ള ആളുകൾ ഡിപ്പാർട്ടുമെൻറിലുണ്ട്. ഉദ്യോഗസ്ഥന്മാരുടെ സംഖ്യ 1939-ൽ 54,00 മാത്രമായിരുന്നു. ഇന്നു 24,000 ആയിത്തീന്നിരിക്കുന്നു എന്നതു തന്നെ, ലോകനേതൃത്വത്തിൽ അമേരിക്കയ്ക്കുള്ള ചുമതലയേ സൂചിപ്പിക്കുന്നു. എന്നുമാത്രമല്ല അതിലേക്കുള്ള യോഗ്യത ധനസ്ഥിതിയോ സാമൂഹ്യനിലയോ അല്ലെന്നു തെളിയിക്കുന്നുമുണ്ട്.

സ്റ്റേററ് ഡിപ്പാർട്ടുമെൻറിൻെറ നേട്ടങ്ങളേക്കുറിച്ചു വാഷിങ്ങ്ടണിലും, മററുള്ളിടത്തും ഉള്ള നല്ല അഭിപ്രായം സന്തോഷജനകമായിരുന്നു. സമാധാനം സംപ്രാപ്തമാക്കാൻ ശ്രമിക്കുന്ന ലോകസ്ഥാപനങ്ങൾക്കു നിർമ്മാണപരമായ സംഭാവനകൾ നൽകുന്നതിനും ഡിപ്പാർട്ടുമെൻറ് ശ്രമിച്ചിട്ടുണ്ടു്. ഐക്യരാഷ്ട്രസമിതിയുടെ അടിസ്ഥാനപരിശ്രമങ്ങളിൽ സ്റ്റേററ് ഡിപ്പാർട്ടുമെൻറു ഗണ്യമായ ഭാഗം വഹിച്ചിട്ടുണ്ടു്. നമ്മുടെ ദേശത്തെക്കുറിച്ചു ശരിക്കുള്ള ധാരണയുണ്ടാകുന്നതിനും, ലോക സഹകരണം കുറെക്കൂടി ഉന്നജ്ജിതത്തിലാകുന്നതിനും ഐക്യരാഷ്ട്രസമിതിയുടെ പല ശാഖകളുമായി ചേർന്നു പ്രവർത്തിക്കുന്നതിലും ഡിപ്പാർട്ടുമെൻറ് ശ്രദ്ധിച്ചിട്ടുണ്ടു്. ലോകാരോഗ്യസംഘടനയിൽ കൂടെ അമേരിക്കയുടെ ആധുനിക കണ്ടുപടിത്തങ്ങൾ, മററു ദേശങ്ങളിലെ ജനങ്ങളുടെ ആരോഗ്യത്തിന്നായി പ്രചരിപ്പിച്ചിട്ടുള്ളതും, കാഷികപരിഷ്കാരങ്ങൾ മററുള്ളവരെ മനസ്സിലാക്കിയിട്ടുള്ളതും അക്കൂട്ടത്തിൽ പ്രസ്താവ്യങ്ങളാണു്. മാനസികവും ആദ്ധ്യാത്മികവുമായുള്ള രംഗങ്ങളിൽ അമേരിക്ക

യുടെ നേട്ടങ്ങൾ മററുള്ളവക്ക് "യുനെസ്കോ" മുഖാന്തരം സംഭാവന ചെയ്യുവാനും കഴിഞ്ഞിട്ടുണ്ട്. വ്യാപാരമണ്ഡലത്തിലും ഗണ്യമായ ഒരു തുക ഡിപ്പാർട്ടുമെൻറു മുഖേന വഹിക്കുന്നതിന്ന് കഴിഞ്ഞിട്ടുണ്ട്.

ട്രൂമാൻെറ രാഷ്ട്രീയ പ്രമാണവും, മാർഷൽ പദ്ധതിയും, പരസ്പര സഹകരണരക്ഷാപരിപാടിയും, നോർത്ത് അററ്ലാൻറിക്ക് ഉടമ്പടിയും ഇവയോടു ഐക്യരാഷ്ട്രസമിതിയുമായുള്ള സഹകരണവുംകൂടെ ചേർക്കുമ്പോൾ സ്റ്റേററുഡിപ്പാർട്ടുമെൻറിൻെറ സമാധാനകാലനയത്തിൻെറ ആണിക്കല്ലുകൾ ആകുന്നു. പശ്ചിമയൂറോപ്പിനോടു താരതമ്യപ്പെടുത്തുമ്പോൾ ഏഷ്യയിൽ നമ്മുടെ പദ്ധതിക്ക് വേണ്ടത്ര വിജയം കരഗതമാകാഞ്ഞതു, അവിടത്തെ പരിപാടിയുടെ അവ്യക്തത നിമിത്തമത്രേ. ലോകത്തിൽ ഏതെങ്കിലും ഒരു ഭാഗത്തെ സംബന്ധിച്ചു നമുക്കു അവിടെ ഒരു നയവും ആവശ്യമില്ല എന്നു പറയുന്ന ഒരു കാലം പണ്ടേ കഴിഞ്ഞുപോയിരിക്കുന്നു.

ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലുമുള്ള രാഷ്ട്രങ്ങളുമായി നമുക്കുള്ള ബന്ധവും, അവയോടുള്ള നമ്മുടെ നയവും വ്യക്തമായ രൂപത്തിലാക്കുക എന്നതു് എത്രയോ പ്രധാനമായ ഒരു കാര്യമാകയാൽ, സ്റ്റേററ ഡിപ്പാർട്ടുമെൻറ് അതിൻെറ എല്ലാ ശക്തികളും അതിൽ കേന്ദ്രീകരിക്കണമെന്നാണ് എൻെറ അഭിപ്രായം. മററു ചില കാര്യങ്ങൾ ഉപേക്ഷിച്ചാലും ഇതു് ചെയ്യണമെന്നു ഞാൻ പറയും.

രാഷ്ട്രീയമായ ക്രാന്തദൃഷ്ടിയുടെ ഫലമായി ഇന്നയിന്ന സംസ്ഥാനങ്ങളിൽ സാമ്പത്തിക സഹകരണം ആവശ്യമാണ്, ഇന്നയിടത്തു പ്രചരണമാണു വേണ്ടതു് എന്നിങ്ങനെയുള്ള കാര്യങ്ങൾ നിശ്ചയിക്കണം. നയരൂപവൽക്കരണം എന്ന പ്രധാന കത്തവ്യത്തിൽ നിന്നും ഒരിക്കലും ഡിപ്പാർട്ടുമെൻറു വ്യതിചലിച്ചു കൂടാ. ശാഖാപരങ്ങളായ കാര്യങ്ങൾ പ്രത്യേക ഏജൻസികൾക്കു വിട്ടുകൊടുക്കയാണു നല്ലതു്.

ഉദാഹരണമായി ഇ. സി. എ. എന്ന ശാഖ, സാമ്പത്തികസഹായ പദ്ധതിയിൽ മാത്രം ശ്രദ്ധി

ച്ചിരുന്നു. ഈ ശാഖ സ്ഥാപിക്കുന്ന കാലത്തു ഇതിൻെറയും ഡിപ്പാട്ട്മെൻറിൻെറയും പ്രവത്തനരംഗങ്ങൾ കൂട്ടിമുട്ടുകയില്ലെന്നു് സംശയം ഉണ്ടായിരുന്നു. അതുകൊണ്ടാണു ഈ. സി. എ. ഭരണകത്താവും, സ്റ്റേററു സിക്രട്ടറിയും തമ്മിൽ പ്രവത്തനപരിപാടികൾ അതാതുസമയത്തു് പരസ്പരം വ്യക്തമായി അറിയിച്ചിരിക്കണം എന്ന ഒരു നിബന്ധന 1948-ലെ ആക്ററിൽ ഉണ്ടാക്കിയതു്. അവർ തമ്മിൽ യോജിക്കുവാൻ പാടില്ലാത്ത ഏതെങ്കിലും പ്രശ്നം ഉണ്ടായാൽ പ്രസിഡണ്ടിനെ സമീപിക്കേണ്ടതാണു്. ഇന്നേവരെ അങ്ങനെ ഒരു പ്രശ്നം ഉണ്ടായിട്ടില്ല. ഇനിയും അങ്ങനെയൊന്നും ഉണ്ടാകയില്ലെന്നും എനിക്കു ധൈര്യമായി പ്പറയാം.

ഈ. സി. എ-യ്ക്കു സ്റ്റേററു ഡിപ്പാട്ട്മെൻറിൽ നിന്നും പൂണ്ണസഹകരണം ഉണ്ടായിരുന്നു. അല്ലെങ്കിൽ ഇത്രത്തോളം വിജയപൂർവ്വമായി പുരോഗമിക്കുവാൻ ആ പ്രസ്ഥാനത്തിനു കഴിയുമായിരുന്നില്ല. പകരമായി സാമ്പത്തികമണ്ഡലത്തിൽ ഈ. സി. എ-യുടെ പ്രവത്തനം സ്റ്റേററു ഡിപ്പാട്ട്മെൻറിൻെറ

ലക്ഷ്യത്തിന്നും പല പ്രകാരത്തിലും സാധകമായി രുന്നു. ഇതുമൂലം പശ്ചിമയൂറോപ്പിലെ ജനതകൾക്കു പൊതുവിലുള്ള പ്രശ്നങ്ങളെക്കുറിച്ചും, അവക്കുള്ള സന്ദർഭങ്ങളെക്കുറിച്ചും, ഒന്നിച്ചുനിന്നു പ്രവത്തി ക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് നല്ല ബോധമുണ്ടായിട്ടുണ്ട്. ഇപ്രകാരം സാമ്പത്തിക മണ്ഡലത്തിൽ ഐക്യത്തിൻെറ ശക്തി പടന്നു പിടിക്കുമ്പോൾ, അതു രാഷ്ട്രീയമണ്ഡലത്തിലും, അതിൻെറശേഷം സൈനിക രംഗത്തിലും പ്രചരി ക്കുമെന്നതാണു അതിൻെറ ഒരു പ്രത്യേക മേന്മ.

1948-ൽ ഞാൻ ഇ. സി. എ-യുടെ ഭരണാ ധിപനായി യൂറോപ്പിൽ സഞ്ചരിച്ചപ്പോൾ എനിക്കു മനസ്സിലായതു്, ഓരോ രാഷ്ട്രവും തനിയെ നിന്നുകൊണ്ടു സ്വയം പര്യാപ്തതയ്ക്കു വേണ്ടി ശ്രമിക്കുന്നു എന്നതാണ്. ഇത്തരം ശിഥില ശ്രമങ്ങൾകൊണ്ടു ആ 16 രാഷ്ട്രങ്ങളിൽ ഒന്നുപോലും ലക്ഷ്യസ്ഥാനത്തോട് ഗണ്യമായി സമീപിച്ചിട്ടില്ല. ഒരു അമ്പതു കൊല്ലത്തോളം പശ്ചിമയൂറോപ്പ് സാമ്പത്തികദേശീയത്വത്തിലേക്കു പ്രയാണം ചെയ്തുകൊണ്ടിരുന്നു. താരിപ്പ്, വ്യാപാര

പരിമിതി ഇവ വദ്ധിപ്പിക്കുകയും, ദേശീയവിഭവ ങ്ങൾ വദ്ധിപ്പിക്കുകയും ചെയ്യുന്നതിൽ ഈ രാഷ്ട്ര ങ്ങൾ പരസ്പരം മത്സരിച്ചുകൊണ്ടിരുന്നു. ഈ തടസ്സങ്ങൾ വ്യാപാരത്തെ വളരെയധികം മന്ദീ ഭവിപ്പിച്ചു. ഐക്യസംസ്ഥാനങ്ങളിലെ വ്യവ സായം ഇക്കഴിഞ്ഞ അമ്പതുകൊല്ലങ്ങൾക്കുള്ളി ലാണ് അത്ഭുതപൂവ്വമായി അഭിവൃദ്ധിപ്പെട്ടത്. വമ്പിച്ച തോതിൽ വ്യവസായം നടത്തി നിമ്മാണ ച്ചെലവ് കുറയ്ക്കുക എന്ന പദ്ധതിയാണ് ആ വിജ യത്തിൻെറ ആണിക്കല്ല്. ഈ കൗശലം യൂറോ പ്പിൽ പ്രയോഗിക്കാൻ കഴിഞ്ഞത് അനൈക്യം മൂലമാണെന്ന് വേണം പറയാൻ. ഫാക്ടറിയിൽ നിന്നും അനുഭോക്താവുവരെ നിഷ്പ്രയാസം സാധന ങ്ങൾ ഒഴികിച്ചെല്ലാനുള്ള സൗകയ്യവും, വലിയ വിപണിയും ഉണ്ടെങ്കിൽ മാത്രമേ വൻകിട വ്യവ സായം പുരോഗമിക്കുകയുള്ളു.

വ്യാപാരപരിമിതികൾമൂലം യൂറോപ്പിനുണ്ടായ നഷ്ടത്തിൻെറ വ്യാപ്തിയേക്കുറിച്ചു അറിയാൻ അമേ രിക്കയുമായി താരതമ്യം ചെയ്തു ചില കണക്കുകൾ ഉദ്ധരിക്കേണ്ടിയിരിക്കുന്നു. 1900-ൽ ഒരു അമേരി ക്കൻ തൊഴിലാളിയുടെയും യൂറോപ്യൻ തൊഴിലാ

ളിയുടെയും പ്രവത്തന ക്ഷമത തുല്യനിലയിലിരുന്നു. രണ്ടുകൂട്ടരുടേയും ജീവിതത്തോതും ഏതാണ്ട് തുല്യനിലയിലായിരുന്നു. എന്നാൽ 1950-ൽ151,000,000 ജനസഖ്യയുള്ള ഐക്യനാടുകൾ 279,000,000,000 ഡോളറിനുള്ള വേലയാണു ചെയ്തിട്ടുള്ളത്. എന്നാൽ മാഷൽ പദ്ധതി പ്രയോഗിക്കപ്പെടുന്ന രാജ്യങ്ങളിൽ ജനസംഖ്യ 274,000,000 ഉണ്ടെങ്കിലും ദേശീയോല്പാദനം 170,000,000,000 ഡോളർ മാത്രമാണ്.

എന്നാൽ അമേരിക്കൻ തൊഴിലാളിയുടെ പ്രവത്തനക്ഷമത അവിടെ ഉണ്ടായിരുന്നെങ്കിൽ ഉല്പാദനത്തുക 500,000,000,000 ഡോളർ ആയേനേ. ഈ തോതിൽ ഉല്പാദനം നടത്തുന്നതിനു വേണ്ട അസംസ്കൃതപദാത്ഥങ്ങളോ, കതിരശക്തിയോ പശ്ചിമയൂറോപ്പിനില്ല. തന്നെയുമല്ല, കുറേ നാളത്തേക്കെങ്കിലും, വ്യവസായ കൗശലങ്ങളിൽ അവർ നമ്മുടെ പിന്നിൽ നില്ക്കാതെ തരമില്ല. എങ്കിലും യൂറോപ്പിലൊട്ടാകെ താരിപ്പും കൺട്രോളുകളുമില്ലാതെ സ്വതന്ത്രമായി വ്യാപാരം ചെയ്യുന്നതിനുള്ള സൗകര്യമുണ്ടായിരുന്നുവെങ്കിൽ, 100,000,000,000

ഡാളറിനുള്ള ഉല്പാദനം കൂടെ തീർച്ചയായി ഉണ്ടാകുമായിരുന്നു.

ജർമ്മനിക്കു ചുററിലും ഹിററ്ലർ പടർത്തിയ സ്വയം പര്യാപ്തതയെന്ന വേലിയാണ്, രണ്ടാം ലോകയുദ്ധം തുടങ്ങുന്നതിനുള്ള അവസാനത്തെ പ്രേരണയായി തീർന്നത്. ഈ വേലിയാണ് യുദ്ധോദ്ദേശത്തോടുകൂടെ കൃത്രിമ റബ്ബറും ഉരുക്കു പ്ലാൻറുകളും ഉണ്ടാക്കുന്നതിനു ജർമ്മനിയെ പ്രേരിപ്പിച്ചത്. വെളിയിൽ നിന്നുമുള്ള മത്സരത്തെ തടയുന്നതിനു ജർമ്മനി വളരെ നിയന്ത്രണങ്ങൾ നടപ്പിലാക്കേണ്ടിവന്നു.

യൂറോപ്പിൻെറ സ്ഥിരമായ ക്ഷേമത്തിനു വേണ്ടി ഇ. സി. എ. ചെയ്ത കാര്യങ്ങളിൽ ഏററവും ഗണ്യമായിട്ടുള്ളത്, സാമ്പത്തികൈക്യത്തിനും ദൃഢീകരണത്തിനും വേണ്ടി അതു സഹായിച്ചുവെന്നതാണ്. യൂറോപ്പിലെ പല രംഗങ്ങളും ചേർന്നു ഒററ വ്യാപാരകേന്ദ്രമായിത്തീർന്നു എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ അതു ശരിയല്ല. മററു ദേശങ്ങളിൽ സാധനങ്ങൾ ഒഴുകുന്നതിനു തടസ്സമായി പല നിയന്ത്രണങ്ങളും, താരിപ്പുകളും

ഇന്നും യൂറോപ്പിലുണ്ട്. എങ്കിലും ആശാസ്യമായി പുരോഗതി ഉണ്ടായിട്ടുണ്ടെന്നും ശരിയായ മാർഗ്ഗത്തിലൂടെയാണ് ഇപ്പോഴം മുമ്പോട്ടു പോകുന്നതെന്നും പറയാൻ എനിക്കു സന്തോഷമുണ്ട്.

ഈ. സി. ഏ. സഹായത്തോടുകൂടിയ ഒരു പദ്ധതിപ്രകാരം, യൂറോപ്യൻ രാജ്യങ്ങളിലെ വ്യാപാരത്തിനു സാരമായ ഔർജിത്യം ഉണ്ടായി. അതോടുകൂടി പകുതിയോളം സാധനങ്ങൾ കൺട്രോളിൽ നിന്നും എടുക്കുന്നതിനും പ്രസ്തുത പദ്ധതിയിൽ ഭാഗഭാക്കുകളായ രാഷ്ട്രങ്ങൾ തയ്യാറായി.

യൂറോപ്പിലെ കാടുപിടിച്ച വ്യാപാരത്തിൽ, ബ്രിട്ടനിൽ പവൻെറ വിലന്യൂനീകരണം നടന്നതോടു കൂടിയാണ് ഒരു പുതിയ മാർഗ്ഗം വെട്ടിത്തുറക്കുവാൻ സാധിച്ചത്. പ്രസ്തുത വിലന്യൂനീകരണം മറെറല്ലാ യൂറോപ്യൻ നാണയങ്ങളുടെയും വില പരിഷ്ക്കരണത്തിൽ കലാശിച്ചു. ഈ ഇളകിമറിയൽ മൂലം നാണയങ്ങൾ പരസ്പരം കൈമാറാം ചെയ്യത്തക്ക ഒരു നില എളുപ്പത്തിലുണ്ടായി. അധികം താമസിയാതെ 75 ശതമാനം സ്വാതന്ത്ര

വ്യാപാരത്തിൽ ഉൾപ്പെട്ടുമെന്നു് ന്യായമായി പ്രതീക്ഷിക്കാവുന്നതാണു്.

രാഷ്ട്രീയവും സാമ്പത്തികവുമായുള്ള രംഗങ്ങളുടെ പരസ്പരാശ്രയത്വം, യൂറോപ്യൻ പേയമെൻറ്സ് യൂണിയൻ തെളിയിക്കുന്നുണ്ടു്. ഈ യൂണിയൻ 274,000,000 ജനങ്ങളുടെ ജീവിതവൃത്തിയേ സാരമായി സ്പർശിക്കുന്നുണ്ടു്. യൂറോപ്യൻ പേയ്മെൻറ്സ് യൂണിയൻ പ്രദർശിപ്പിക്കുന്ന സൃഷ്ടിപരമായ ദർശനത്തേയും, അതുമൂലം നടത്തപ്പെടുന്ന മധ്യസ്ഥ സംഭാഷണങ്ങളേയും, ദീർഘകാലത്തേക്കുള്ള അന്തർദ്ദേശീയ താല്പര്യങ്ങൾക്കുവേണ്ടി ഹ്രസ്വകാലത്തേക്കുള്ള ദേശീയതാല്പര്യങ്ങൾ പിന്നണിയിലേക്കു തള്ളുന്നതിനായി ചെയ്യുന്ന പരിശ്രമങ്ങളേയും കുറിച്ചു വിസ്തരിച്ചും, വാചാലതയോടും പറയുവാൻ എനിക്കു കൗതുകമുണ്ടു്. എന്നാൽ ഇ. സി. എ. യുടെ സഹകരത്തോടുകൂടി ഇന്നും പ്രവർത്തനം നടത്തിവരുന്ന ഒരു ഉത്തമ സ്ഥാപനമാണെന്നു മാത്രം പറയുവാനേ തൽക്കാലം നിവൃത്തിയുള്ളു.

ഈ പരസ്പരാശ്രയബോധമാണ് ഷൂമാൻ പദ്ധതിയുടെ ആവിർഭാവത്തിന്നു കാരണമായിത്തീന്നതു്. പശ്ചിമയൂറോപ്പിലെ കൽക്കരി, ഇരുമ്പു എന്നീ വ്യവസായങ്ങൾ ആദ്യവസാനം ഒരു നിയന്ത്രണത്തിലാക്കുകയെന്നതാണ് ഷൂമാൻ പദ്ധതിയുടെ പ്രത്യേകോദ്ദേശ്യം. ഈ നിർദ്ദേശം അവതരിപ്പിച്ചുകൊണ്ടു് കെയ്ഡി ഓർസേ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു. "ഒററയടിക്കു യൂറോപ്പു നിർമ്മാണം അസാദ്ധ്യമാണ്. നിർമ്മാണപരമായ നേട്ടങ്ങൾ കൊണ്ടു ക്രമേണ മാത്രമേ യൂറോപ്പിൻെറ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴികയുള്ളൂ. അവിടെ ഐക്യമുണ്ടാകണമെങ്കിൽ ഒന്നാമതു ജർമ്മനിയും, ഫ്രാൻസും തമ്മിൽ യോജിക്കണം. വിഭവങ്ങൾ കൈമാററം ചെയ്യുന്നതിനുള്ള സഹകരണം രാഷ്ട്രങ്ങൾ പ്രദർശിപ്പിക്കുമ്പോഴാണ്, യൂറോപ്യൻ ഫെഡറേഷനുള്ള അടിസ്ഥാനം ഇടുന്നതു്......" ഈ രാഷ്ട്രീയോദ്ദേശ്യത്തെ സാധിക്കുന്നതിനുള്ള സാമ്പത്തിക സഹകരണപ്രസ്ഥാനമാണ് ഷൂമാൻപദ്ധതിയുടെ നട്ടെല്ല്. അതു കൊണ്ടു് ജീവിതത്തോതു ഉയരുകയും, ഉല്പാദനം വളരെ വദ്ധിക്കുകയും ചെയ്യും.

ഷൂമാൻപദ്ധതിയുടെ ആശയം തന്നെ ഒരു തലമുറയ്ക്കു മുമ്പു അചിന്ത്യമായിരുന്നു. എന്നാൽ ഈ പുസ്തകം മുദ്രണത്തിനു പോകുന്ന ഈ സമയത്തു, ഫ്രാൻസ്, പശ്ചിമജർമ്മനി, ഇററലി, നെതർലാൻഡ്സ്, ബെൽജിയം, ലക്സംബർഗ്ഗ്, എന്നീ രാഷ്ട്രങ്ങൾ ഷൂമാൻ പദ്ധതിപ്രകാരമുള്ള ഉടമ്പടിയിൽ ഒപ്പു വയ്ക്കുന്നതിനു തയ്യാറാകുന്നു. പശ്ചിമയൂറോപ്പിൽ ഇനി ഉണ്ടാകുവാൻ പോകുന്ന വിപ്ലവം എന്നു പരക്കെ അഭിപ്രായമുള്ള യൂറോപ്യൻ ഫെഡറേഷൻ രൂപപ്പെടുത്തുന്നതിനുള്ള അടിത്തറ പ്രസ്തുത പദ്ധതി പാകുന്നുവെന്നാണു വിചാരിക്കേണ്ടതു്. ദേശീയ വാണിജ്യപരിമിതികളും, വ്യക്തികൾ തമ്മിലുള്ള വാണിജ്യ നിയന്ത്രണക്കരാറുകളും ഇല്ലായ്മ ചെയ്യുന്നതു ഈ പദ്ധതിയുടെ ഒരു പ്രത്യേക ലക്ഷണമാണു്.

പശ്ചിമ യൂറോപ്പിലെ ഇരുമ്പു വ്യവസായം മാർഷൽപദ്ധതിയുടെ സ്വാധീനശക്തിയോടു കൂടിയാണ് അഭിവൃദ്ധിപ്പെട്ടതു്. ഏകീകരിച്ചു വികസിപ്പിക്കുക എന്നുള്ളതാണ് ഷൂമാൻപദ്ധതിയുടെ ലക്ഷ്യം.

ഐക്യസംസ്ഥാനങ്ങളെപ്പോലെ സുശക്തമായ ഒരു രാഷ്ട്രവും താരതമ്യേന ശക്തി കുറഞ്ഞ രാഷ്ട്രങ്ങളും തമ്മിൽ പ്രവത്തനക്ഷമവും വ്യക്തിത്വം നശിപ്പിക്കാത്തതുമായ പങ്കാളിത്തമുണ്ടാക്കാൻ കഴിയുമെന്നു തെളിയിക്കുക എന്ന അതിപ്രധാനമായ ഒരു കൃത്യം ഈ. സി. ഏ. നിർവഹിച്ചിരിക്കുന്നു. ഒരു വൻകിട ശക്തി, ചെറിയ ശക്തിയുടെ ആന്തരിക കാര്യങ്ങളുമായി ഇടപെടുമ്പോഴും തന്നേ അവരുടെ സ്വാതന്ത്ര്യത്തെ മാനിക്കുന്നതിനും, വളത്തുന്നതിനും കഴിയുമെന്ന വസ്തുത തെളിയിച്ച ബൃഹത്തായ ഒരു രാഷ്ട്രീയ പരീക്ഷണമാണ് ഈ. സി. ഏ. ഫിലിപ്പൈൻസു, ഇൻഡോനേഷ്യാ, ബർമ്മാ മുതലായി ഈയിടെ സ്വാതന്ത്ര്യം ലഭിച്ചിട്ടുള്ള രാഷ്ട്രങ്ങൾ, നിയന്ത്രണമെന്നോ മേധാവിത്വമെന്നോ കേൾക്കുമ്പോൾ പെട്ടന്നിളകിയേക്കാമെങ്കിലും, ഈ പരീക്ഷണങ്ങൾ അവയ്ക്കും പ്രയോജനകരമാണ്.

കാര്യക്ഷമതയ്ക്കു വേണ്ടിയുള്ള സഹജമായ പ്രേരണ അമേരിക്കൻ പ്രകാശിപ്പിക്കാറുണ്ടെങ്കിലും, കാര്യക്ഷമതയും, സ്വാതന്ത്ര്യവും തമ്മി

ലൊന്നു തിരിഞ്ഞെടുക്കേണ്ടി വന്നാൽ ഇൗ. സി. ഏ. ഉദ്യോഗസ്ഥർ സ്വാതന്ത്ര്യം തന്നെ സ്വീകരിക്കുന്നതാണു എന്നു ലണ്ടൻ ഇക്കണോമിസ്റ്റ് എന്ന പത്രം പറയുന്നു. പശ്ചിമയൂറോപ്പ് പുനരുദ്ധരിക്കേണമെന്നതു് ആദ്യവസാനം ഒരു സ്വയം നിർണ്ണയത്തിലാണു അടിസ്ഥാനപ്പെട്ടു നിന്നതു്.

ജനാധിപത്യം പ്രയോഗത്തിലാക്കുന്നതിനുള്ള ഏകമാർഗ്ഗം, ജനാധിപത്യ സിദ്ധാന്തങ്ങൾ അനുസരിച്ച് എല്ലാകാര്യങ്ങളും നടത്താനുദ്യമിക്കുക തന്നെയാണു്. ഇതു് ഇൗ. സി. ഏ. യിലുള്ള അനുഭവം എനിക്കു വ്യക്തമാക്കിത്തന്നു. മദ്ധ്യത്തിലൂടെ ഒരു മാർഗ്ഗം സ്വീകരിക്കുക എന്നതാണു് ഇതിന്റെ രത്നച്ചുരുക്കം. അപരന്റെ അഭിപ്രായത്തെയും, ആദർശങ്ങളെയും മാനിക്കുക എന്നതു് ഒരു പ്രധാന സംഗതിതന്നെയാണു്. യന്ത്രവിഭവങ്ങളും ഭക്ഷ്യവിഭവങ്ങളും കയററുമതി ചെയ്യുന്നതിന്റെ അടിത്തട്ടിൽ കിടക്കുന്ന പ്രേരണയും ഇതുതന്നെ. അന്താരാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടുന്നതിനുള്ള ഒരു നല്ല പരിശീലനരംഗമായിരുന്നു ഇൗ. സി. ഏ.

മാർഷൽ പദ്ധതിമുഖേന ലോകരാഷ്ട്രരംഗത്തിൽ ഉപയോഗപ്പെടുത്താവുന്ന ഉപകരണങ്ങളെക്കുറിച്ചു നമുക്കു പരിചയമുണ്ടായി. യൂറോപ്പിൽനിന്നും ലഭിച്ച ആ പരിചയം ഏഷ്യയിൽ ഉപയോഗപ്രദമായിരിക്കും. യൂറോപ്പിൽ നമ്മുടെ ശ്രദ്ധ യന്ത്രക്കലപ്പ തുടങ്ങിയ ഉപകരണങ്ങളിൽ കേന്ദ്രീകരിച്ചിരുന്നുവെങ്കിലും ഇൻഡ്യയിൽ നാം നോക്കേണ്ടതു ആധുനികൗഷധാദി സാമഗ്രികളാണ്. എന്നാൽ രാഷ്ട്രീയപ്രമാണങ്ങൾക്കു ഒരുമാററവുമില്ല. ജനായത്തപരമായ പ്രവർത്തനങ്ങൾക്കു മാത്രമേ, സ്വേച്ഛാപ്രഭുത്വത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും ഇടയ്ക്കു് സംശയിച്ചു നില്ക്കുന്നവരെ സ്വതന്ത്രജീവിതത്തിലേക്കു നയിക്കാൻ കഴികയുള്ളു.

രാഷ്ട്രീയരംഗത്തിൽ സമാധാനമത്സരം നടത്തുമ്പോഴുണ്ടാകുന്ന സകല പ്രശ്നങ്ങൾക്കും പരിഹാരം നമ്മുടെ കയ്യിലുണ്ടെന്ന ആശയം ഞാൻ ഇതുവരെ പറഞ്ഞതിൽ നിന്നും ധ്വരിക്കുന്നതെന്നു പ്രത്യേകം എടുത്തുപറയട്ടെ. സ്ഥിരമായ ഒരു വിദേശനയം നമ്മൾ അനുവർത്തിക്കാൻ തുട-

ങ്ങിയതുതന്നെ ഈ അടുത്തകാലത്തുമാത്രമാണു്. അതിനാൽ അതു അടിത്തറപ്പാകി വരുന്നതേയുള്ളു. ലോകനേതൃത്വത്തിൽ നമുക്കുള്ള പ്രധാന സ്ഥാനത്തെക്കുറിച്ചു ഒരു പുതുമയോടെ നാം വീക്ഷിക്കുമ്പോൾ, വിദേശനയത്തിൽ പല പരിഷ്ക്കാരങ്ങളും ആവശ്യമായി വരുമെന്നും, പല പുതിയ നിർദ്ദേശങ്ങളും സ്വീകരിക്കേണ്ടി വരുമെന്നും കരുതുന്നതു സമാന്യബുദ്ധി മാത്രമാണു്. എന്നാൽ ഈ ജോലി എത്ര അടിയന്തിരവും അനുപേക്ഷണീയവുമാണു് എന്ന ചിന്താഗതി കോൺഗ്രസ്സിലും, ഉദ്യോഗസ്ഥമണ്ഡലങ്ങളിലും, സാധാരണജനങ്ങളുടെ ഇടയിലും വേരൂന്നി വരുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. ഇതിനെയാകട്ടെ സ്വീകരിക്കാനോ തിരസ്ക്കരിക്കാനോ ഉള്ള സ്വാതന്ത്ര്യം നമുക്കില്ല. ഒന്നുകിൽ സ്വീകരിച്ചു കാര്യക്ഷമമായി പ്രവർത്തിക്കുക: അല്ലെങ്കിൽ നശിക്കുക. കാരണം, അപകടം ആസന്നവും വ്യക്തവുമായിരിക്കുന്നു.

---

## അദ്ധ്യായം 8

# സമാധാനമത്സരം— ആശമയവിനിയ രംഗത്തിൽ

ഫാക്ടറിയിൽ നിന്നും ഉണ്ടാകുന്ന സാധനങ്ങൾ പരിഷ്ക്കരിക്കയും, അവയ്ക്കു നല്ല വിപണികൾ ഉണ്ടാക്കുകയും, അവ വാങ്ങുന്നതിനു മനുഷ്യരെ പ്രേരിപ്പിക്കുകയും ചെയ്യുന്ന വിഷയത്തിൽ എന്റെ ജീവിതത്തിന്റെ നല്ല ഒരു ഭാഗം ചെലവായിട്ടുണ്ട്. നല്ല സാധനമാണെങ്കിൽ സ്ഥിരമായ ചെലവുണ്ടാകുമെന്ന തത്വത്തിൽ ഉറച്ചുകൊണ്ടാണു ഞാൻ മുമ്പോട്ടു പോയിട്ടുള്ളതു്. ഇതേ പ്രമാണപ്രകാരം ഞാൻ വളരെ നാളുകൾ കമ്യൂണിസത്തെക്കുറിച്ചു കാര്യമായി ഗണിച്ചിരുന്നില്ല. ഒരു രാഷ്ട്രീയ തത്വസംഹിത എന്ന നിലയിൽ അതു പുരോഗമനോന്മുഖമായി എനിക്കു തോന്നിയിരുന്നില്ല. റഷ്യയിൽ അതു പ്രയോഗത്തിൽ വന്നപ്പോൾ പഴയ ദുഷ്പ്രഭുത്വത്തിനു പകരം പുതിയ ഒരു പാരതന്ത്ര്യമായി കലാശിക്കുകയാണു ചെയ്തിരിക്കുന്നതു്. അതിനു സ്വന്ത നാട്ടിൽതന്നെ അധികം നാൾ നിലനില്ക്കാൻ കഴിയുകയില്ലെന്നാണു ഞാൻ വിചാരിച്ചിരുന്നതു്.

പക്ഷെ ഈ മനോഭാവത്തോടു കൂടെ ഞാൻ 1946-ൽ യൂറോപ്പ സന്ദർശിച്ചപ്പോഠം എനിക്കു ലഭിച്ച അറിവു വിസ്മയജനകമായിരുന്നു. ഡിമോക്രസിയേക്കാഠം ഒരു നല്ല ജീവിതമാർഗ്ഗമാണു കമ്യൂണിസമെന്നു വിശ്വസിക്കുന്ന ജനങ്ങഠം ലക്ഷക്കണക്കിനു ഇററലി, ഫ്രാൻസ്, പശ്ചിമജർമ്മനി എന്നീ രാജ്യങ്ങളിൽ ഉണ്ടെന്നു ഞാൻ നേരിട്ടു മനസ്സിലാക്കി. രണ്ടാം ലോകയുദ്ധത്തിനു ശേഷമുണ്ടായ അനാശാസ്യമായ പരിതസ്ഥിതികഠംമൂലമാണ് ഈ ഭ്രമം വർദ്ധിച്ചതു് എന്നും എനിക്കു മനസ്സിലായി. കമ്യൂണിസ്ററു പ്രചാരണക്കാർ ഈ കഷ്ടസ്ഥിതിയുടെ മുതലെടുത്തു്, കമ്യൂണിസം മൂലമുണ്ടാകുന്ന ക്ഷേമത്തെക്കുറിച്ചു ഭംഗിയേറിയ ചിത്രങ്ങഠം വരച്ചു കാട്ടിക്കൊടുത്തു. സാധുക്കളുടെ ഇടയിൽ ഈ വാഗ്ദാനത്തിനു നല്ല വിലയുണ്ടായിരുന്നു. എന്നാൽ നല്ല ബുദ്ധിശാലികളും, ധനികരുമായ പലരും കമ്യൂണിസം വിശ്വസിച്ചിട്ടുണ്ടെന്നും സമ്മതിക്കണം. കുറെക്കൂടെ കടന്നു പരിശോധിച്ചപ്പോഠം, മനുഷ്യജാതിയുടെ സഹജവികാരങ്ങളെ ശരിക്കു ചൂഷണം ചെയ്യുന്ന ഒരു

പ്രചാരണ പദ്ധതി പശ്ചിമയൂറോപ്പിൽ പ്രയോഗിച്ചിരുന്നതാണു് സോവ്യററിൻെറ വിജയത്തിനു പ്രധാന നിമിത്തമെന്നു തെളിഞ്ഞു.

സമാധാനം, സ്വാതന്ത്ര്യം എന്നിവയ്ക്കു വേണ്ടി മനുഷ്യനുള്ള സഹജവും അടിയുറച്ചതുമായ അഭിലാഷത്തെ സ്വാർത്ഥോദ്ദേശത്തിനു പററിയവിധം ദുഷണം ചെയ്കയെന്നതു കമ്യൂണിസ്ററു പ്രചാരണത്തിൻെറ ഒരു പ്രത്യേകതയാണു. സമാധാനം സാഹോദര്യം എന്നു തുടങ്ങിയ ക്രിസ്തുമത വാചികങ്ങളെ സൗകര്യംപോലെ ഉപയോഗിക്കുവാനും അവർ മടിക്കുന്നില്ല. ഈ വസ്തുതകൾ ആശ്ചര്യത്തോടെ ഞാൻ മനസ്സിലാക്കിയപ്പോൾ, സ്വാതന്ത്ര്യലോകം കമ്യൂണിസത്തെ ചെറുക്കുന്നതിനു സാമ്പത്തിക പുരോഗതി ലാക്കാക്കി പ്രവർത്തിച്ചാൽ മാത്രം മതിയാകയില്ല എന്ന നിഗമനത്തിൽ ഞാൻ എത്തിച്ചേർന്നു. ക്രെംലിനിൽ നിന്നും പുറത്തുവരുന്ന അസത്യ പ്രചാരണത്തിന്നെതിരായി സത്യപ്രചാരണം ഏററവും അനുപേക്ഷണീയമായ ഒരു ഘടകമാകുന്നു.

പ്രചാരണം എന്ന പദം തന്നെ പല അമേരിക്കക്കും അരോചകമായിട്ടാണിരിക്കുന്നതു്. ചതിയും വഞ്ചനയും കലർന്ന സ്വേച്ഛാപ്രഭുത്വത്തോടു ബന്ധിച്ചല്ലാതെ ആ പദത്തെക്കുറിച്ചു ചിന്തിക്കുവാൻ അവർ അപ്രാപ്തരാണു്. ഹിററ്ലറും, സ്റ്റാലിനും ഉപയോഗിച്ച രീതി വച്ചു നോക്കുമ്പോൾ പ്രചാരണമെന്നു പറഞ്ഞാൽ 'വലിയ കള്ളം' എന്നാണർത്ഥം. എങ്കിലും പ്രചാരണം ഇവ ആയിക്കൊള്ളണമെന്നു നിർബന്ധമില്ല. ഒരു വിശ്വാസമോ ആശയമോ വിനിമയം ചെയ്യുക എന്നു മാത്രമാണു് ആ പദത്തിന്റെ മൂലാർത്ഥം. അതിനാൽ ധാർമ്മികവും സൃഷ്ടിപരവുമായ ലക്ഷ്യമോ, അല്ലെങ്കിൽ അധാർമ്മികവും വിനാശകരവുമായ അന്തമോ വച്ചുകൊണ്ടു പ്രചാരണം നടത്തുവാൻ കഴിയും. 'പ്രചാരണം' 'ആശയ വിനിമയം' ഇവ തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചു പലർക്കും ശരിയായ ബോധമില്ല. ഇവയെക്കുറിച്ചു ചിന്തിക്കുമ്പോൾ 'ന്യൂയോർക്കു ടൈംസ്' പത്രത്തിന്റെ ഒരു അധിപരായ ലെസ്റ്റർ മാക്കൽ കൊടുത്തിരിക്കുന്ന നിർവചനം സ്മരിക്കുന്നതു നന്നായിരിക്കും.

വസ്തുതകളും അഭിപ്രായങ്ങളും വെളിച്ചം (അറിവ്) നൽകണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി വിനിമയം ചെയ്യുന്നതിനാണു ആശയവിനിമയം (Information) എന്നു പറയുന്നത്.

"വാസ്തവങ്ങളും (അവസ്ഥാവങ്ങളും) അഭിപ്രായങ്ങളും സ്വാധീനപ്പെടുത്തണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി വിനിമയം ചെയ്യുന്നതിന്നാണു പ്രചാരണം എന്നു പറയുന്നത്."

"ആശയവിനിമയം ശാന്തവും, യുക്തിയുക്തവും, വികാരരഹിതവും ആയിരിക്കുമ്പോൾ പ്രചാരണം വികാരനിർഭരവും, ശക്തവും, പ്രേരണ നിറഞ്ഞതുമായിരിക്കുന്നു. പക്ഷേ ഈ വ്യത്യാസം എപ്പോഴും അത്ര എളുപ്പത്തിൽ കണ്ടുപിടിക്കാവുന്നതല്ല. ശാന്തമായി കള്ളങ്ങൾ വിനിമയം ചെയ്യുന്നതും പ്രചാരണമാണ്. സത്യത്തിൽ ഉറയ്ക്കാതെയുള്ള വികാരപ്രവാഹത്തെക്കാൾ, വസ്തുതകൾ ശാന്തമായി അറിയിക്കുന്നതിനു സ്വാധീനശക്തി കൂടുതലുണ്ടാകയും ചെയ്യും."

ഹൃദയവും, തലയും കവരുവാനുള്ള ഈന്നത്തേയത്നത്തിൽ, അമേരിക്കയ്ക്കു രണ്ടു പ്രധാന ചുമതലകൾ ഉണ്ടു്.

1. വിദേശനയമനുസരിച്ചു് നാം ചെയ്യുന്ന കാര്യങ്ങളുടെ വിശദരൂപവും, കാരണങ്ങളും നമ്മുടെനാട്ടിലെ ആളുകൾക്കു് നാം മനസ്സിലാക്കിക്കൊടുക്കണം. ഇതു് ആശയ വിനിമയം മാത്രമാണു്, കാരണം അറിവുകൊടുക്കണമെന്നുള്ള ഉദ്ദേശമാണു അതിൽ പൊന്തിനിൽക്കുന്നതു്.

2. വിദേശങ്ങളിലാകട്ടെ നമ്മുടെ നയങ്ങളും, പരിപാടികളും, ലക്ഷ്യങ്ങളും തെററിദ്ധാരണ കൂടാതെ മററുള്ളവരെ അറിയിക്കുകയും, നമ്മുടെ ആദർശങ്ങളോടു അവർക്കു ഐക്യമുണ്ടാകത്തക്കവണ്ണം സ്വാധീനപ്പെടുത്തുകയും ചെയ്യേണ്ടതിനാൽ അതു 'പ്രചാരണം' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താം. മററുള്ളവരെ സ്വാധീനപ്പെടുത്തുന്ന വിഷയത്തിൽ ക്രെംലിൻ നല്ല ഒരു ഉപകരണം–ഒരു വിശ്വാസപ്രമാണം–മിനുക്കി വച്ചിട്ടുണ്ടു്.

മാക്ക്സ്, എംഗൽസു എന്നീ ചിന്തകന്മാർ വിഭാവനം ചെയ്ത ഒരു സമുദായം–എല്ലാ

വരും തുല്യനിലയിൽ വർത്തിക്കുന്ന ഒരു സമുദായം ആണു് ഈ പ്രമാണത്തിന്റെ ആണിക്കല്ലു്. ഇവരുടെ തത്വസംഹിത പ്രയോഗത്തിൽ വരുത്തിയ ലെനിനും സ്റ്റാലിനും, ഒരു സ്വേച്ഛാപ്രഭുത്വമാണു നടപ്പിൽ കൊണ്ടുവന്നതു്. അതിൻപ്രകാരം ഒരു ചെറിയ കൂട്ടത്തിന്റെ നിർദ്ദയവും, പാരതന്ത്ര്യപരവുമായ ഒരു ഭരണമാണു അനുഭവത്തിൽ ഉണ്ടായിരിക്കുന്നതു്.

ഈ പുതിയ പ്രമാണം പ്രചരിപ്പിക്കുന്നതിനു വളരെ പരിഷ്കരിച്ച ഒരു തന്ത്രപരിപാടി ക്രെംലിൻ ഉണ്ടാക്കിയിട്ടുണ്ടു്. അസാധാരണ സാമർത്ഥ്യമുള്ള ഒരു കൂട്ടർ, ധാരാളം പണം ചെലവാക്കി ഈ പദ്ധതി ശക്തിപൂർവ്വം നടത്തിവരുന്നു. സോവ്യറ്റുനാട്ടിലും, ഉപഗ്രഹരാജ്യങ്ങളിലും ഉള്ള ജനങ്ങളുടെയും എന്നു മാത്രമല്ല സ്വതന്ത്രരാഷ്ട്രങ്ങളിലുള്ളവരുടെയും ചിന്താനിയന്ത്രണമാണു് ഇതിന്റെ ലക്ഷ്യം. ക്രെംലിന്റെ നയം വിജയത്തിൽ കൊണ്ടുവരാനുള്ള ഒരു പ്രധാനോപകരണം എന്നനിലയ്ക്കു, ഈ വിഷയത്തിൽ ലെനിനും, സ്റ്റാലിനും വളരെയധികം ശ്രദ്ധ ചെലുത്തിയിട്ടുണ്ടു്.

ഉദാഹരണത്തിനു ഒരു രാഷ്ട്രത്തിൽ-ഫ്രാൻസിൽ—ക്രെംലിന്റെ പ്രചാരണം വരുത്തിയിട്ടുള്ള സ്ഥിതിവ്യത്യാസമെന്തെന്നു പരിശോധിക്കാം.

ഫ്രാൻസിലെ ജനസംഖ്യ ഐക്യസംസ്ഥാനങ്ങളിലേതിന്റെ മൂന്നിലൊന്നു മാത്രമേയുള്ളു വെങ്കിലും, അവിടെയുള്ള കമ്യൂണിസ്റ്റുകളുടെ എണ്ണം ഐക്യസംസ്ഥാനങ്ങളിൽ ഉള്ളതിന്റെ പത്തിരട്ടിയുണ്ട്. ഊർജ്ജിതമായി കമ്യൂണിസത്തിനുവേണ്ടി പ്രവർത്തിക്കുന്നവരുടെ സംഖ്യ 250,000 ഉണ്ട്. ഇവർ ക്രെംലിന്റെ നിയന്ത്രണത്തിനു പരിപൂർണ്ണമായി വിധേയരാണ്.

ശ്രദ്ധാപൂർവ്വം ക്രെംലിൻ തയ്യാറാക്കുന്ന വിദേശപരിപാടിയിൽ ഉൾപ്പെടുന്നതാണു മേൽകാണിച്ച പ്രചാരണ തന്ത്രങ്ങളെല്ലാം. ഫ്രാൻസിലെ അവശതകളുടെ മുതലെടുപ്പും, വിഭിന്നതകളുടെ ഇടയിൽ ആപ്പു അടിച്ചു കയററുകയും അവരുടെ നയത്തിന്റെ ഒരു പ്രത്യേകതയാണ്. അനാശാസ്യങ്ങളായ പല പ്രേരണകളും ഈ പ്രചാരണസംരംഭത്തിൽ കലന്നിരിക്കുന്നു.

ഫ്രാൻസിലെ ഏററവും വലിയ ട്രേഡ് യൂണിയൻ സംഘടനയായ "ജനറൽ കോൺഫെഡറേഷൻ ആഫ് ലേബർ", കമ്യൂണിസ്റ്റ് നിയന്ത്രണത്തിനു തികച്ചും വിധേയമാണ്. കഴിഞ്ഞ രണ്ടു വർഷങ്ങളായി ഇതിൻെറ ശക്തി അല്പം കുറഞ്ഞിട്ടുണ്ടെങ്കിലും, 2,250,000 അംഗങ്ങൾ ഇപ്പോഴും അതിനുണ്ട്. അവരിൽ ഭൂരിപക്ഷവും സാമ്പത്തികവും സൈനികവുമായ പ്രാധാന്യമുള്ള വ്യവസായങ്ങളിൽ ജോലി ചെയ്യുന്നവരുമാണ്. ഈ സംഘടനയുടെ നിയന്ത്രണം കമ്യൂണിസ്റ്റുകളുടെ കൈയ്യിലാണെങ്കിലും, അതിലെ സാധാരണ അംഗങ്ങളെല്ലാം കമ്യൂണിസ്ററുകളല്ല. കമ്യൂണിസ്ററുകളുടെ ശതമാനം എത്രത്തോളമുണ്ടെന്ന് ശരിക്കു കണക്കെടുത്തിട്ടില്ല.

ഫ്രാൻസിലെ ഏററവും വലിയ കമ്യൂണിസ്റ്റായുധം അവിടത്തെ പത്രങ്ങളാണ്. അവിടെ കമ്യൂണിസ്റ്റ് ദിനപത്രങ്ങളും, വാരികകളും, മാസികകളും ഉണ്ട്. കർഷകർക്ക്, അഭ്യസ്തവിദ്യർക്ക്, യുവജനങ്ങൾക്ക് സ്ത്രീകൾക്ക് എന്നുവേണ്ട ഓരോ കൂട്ടർക്കും പ്രത്യേകമുള്ള പത്രികകൾ അവിടെയുണ്ട്. ഇതുപോലെ

ഓരോ ദേശത്തേക്കും കമ്യൂണിസ്ററു പത്രങ്ങളുണ്ട്. കമ്യൂണിസ്റ്റ് പത്രങ്ങളേ സംഘടിപ്പിക്കുന്ന ഒരു കമ്പി സന്ദേശസമിതി ഇയ്യിടെ രൂപവൽക്കരിച്ചിട്ടുള്ളതാണ് എല്ലാററിലും വച്ച് ശക്തമായ ഒരായുധം. ഒരു നിമിഷത്തിനുള്ളിൽ ജനങ്ങളേ ഇളക്കുന്ന ഒരു കഥ പ്രചരിപ്പിക്കുവാൻ ഇതിനു കഴിയും.

പല കമ്യൂണിസ്ററ് പ്രസദ്ധീകരണങ്ങളും വേഷം മാറി വരുന്നതിനാൽ അവയുടെ പൂൎണ്ണമായ പട്ടിക ഇവിടെ കൊടുക്കുന്നതിനു നിവൃത്തിയില്ല. പലതരം വിഷയങ്ങളേക്കുറിച്ചു പ്രതിപാദിക്കുന്ന നൂറിൽപരം പ്രസിദ്ധീകരണങ്ങളുണ്ട്. പാരീസിൽതന്നേ നാല്പതിൽ കുറയാതെയുണ്ട്. മാഷൽ പദ്ധതിയേയും, അമേരിക്കൻ നയത്തേയും എതിൎക്കുക എന്നതു അവയുടെ ഒരു സാധാരണ പതിവാണ്. കൂടാതെ കമ്യൂണിസ്ററ് പുസ്തകങ്ങളും ഫിലിമുകളും അവർ ധാരാളം പ്രചരിപ്പിക്കുന്നുണ്ട്.

ഇത്തരം പരിപാടികളുടെ ചെലവിൻെറ ഒരു നല്ല ഭാഗം ക്രെംലിൻ വഹിക്കുന്നുണ്ടെന്നതിനു സംശയമില്ല. ഫ്രാൻസിലെ കമ്മ്യൂണിസ്റ്റ് പാർട്ടി 150 ലക്ഷം മുതൽ 170 ലക്ഷംവരെ ഡാളർ ഇക്കാ

ഷ്യത്തിന്നു ചെലവാക്കുന്നുണ്ടെന്നു മതിക്കാവുന്നതാണു്.

സൂക്ഷ്മമായ ആലോചനയോടും, ഭക്തിപൂർവ്വമായ വ്രതത്തോടും സന്ദർഭം നോക്കി പ്രയോഗിക്കുന്ന ഇത്തരം പ്രചാരണസംരംഭങ്ങളേയാണു സ്വാതന്ത്ര്യലോകം അഭിമുഖീകരിക്കുന്നതു്.

കമ്മ്യൂണിസ്റ്റ് പ്രചാരണശൃംഖലയിൽ കുടുങ്ങിയിരിക്കുന്ന ജനങ്ങൾക്കു എങ്ങനെയാണു് സ്വാതന്ത്ര്യലോകം മോചനം നൽകേണ്ടതു്?

ലോകമൊട്ടാകെയുള്ള സ്വാതന്ത്ര്യ ജനങ്ങളുടെ അഭിലാഷത്തേയും ആദർശങ്ങളേയും ഉൾക്കൊള്ളുന്ന ഒരു വിശ്വാസപ്രമാണം നാം ഒന്നാമതായി രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. അതിന്റെ ശേഷം മനുഷ്യഹൃദയങ്ങളിൽ നിരന്തരം നൃത്തം ചെയ്യുന്നതിനു് പററിയ വാക്കുകളിൽ അതു ആവിഷ്ക്കരിക്കേണ്ടതാണു്.

ഇങ്ങനെയൊരു വിശ്വാസപ്രമാണം രൂപവൽക്കരിക്കാൻ കഴിയുമെന്നും, ജനങ്ങളെ അതുമൂലം ആകർഷിക്കാൻ കഴിയുമെന്നും എനിക്കു ഉറപ്പുണ്ടു്.

കാൺഫ്യൂഷ്യസ്, പ്ലേറേറാ എന്നിവരുടെ പ്രമാണങ്ങളും, എല്ലാററിലും ഉപരിയായി ക്രിസ്തുവിൻെറ ഗിരിപ്രഭാഷണങ്ങളും, നൽകിയ പ്രചോദനംമൂലം 'അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം' തുടങ്ങിയ പ്രമാണങ്ങൾ നമുക്ക അവകാശപ്പെടാൻ ഉള്ളപ്പോൾ ഈ വിഷയത്തിൽ സന്ദേഹത്തിനു സ്ഥാനമില്ല. നമ്മുടെ വിശ്വാസപ്രമാണത്തിനു നാലു പ്രധാന മണ്ഡലങ്ങൾ ഉണ്ടായിരിക്കണം.

## മതപരം

ആരാധനാസ്വാതന്ത്ര്യം, വ്യക്തിമാഹാത്മ്യം, മനുഷ്യസാഹോദര്യം ഇവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

## രാഷ്ട്രീയം

ഭരണരീതിയിലല്ല, പാശ്ചാത്യലോകത്തിൻെറ ഇന്നുവരെയുള്ള അനുഭവങ്ങളുടെ ഫലമായി രൂപപ്പെട്ടതാവുന്ന പൊതുജനസ്വാതന്ത്ര്യം.

## സാമ്പത്തികം

വിസ്തൃതമായി വരുന്ന ഉടമസ്ഥത, ആദായത്തിൻെറ വിഭജനം, മുതലായവയിൽ ഐക്യ

സംസ്ഥാനങ്ങൾ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടു് വന്നിട്ടുള്ള ആ സാമ്പത്തിക വ്യവസ്ഥിതിക്കു അനുരൂപമായി, സാമൂഹ്യസ്ഥിതിഗതികൾ ശരിക്കു മനസ്സിലാക്കി ക്രമപ്പെടുത്തുന്ന ഒരു സാമ്പത്തികനയം.

## സാമൂഹ്യം

സാമ്പത്തികം, വിദ്യാഭ്യാസപരം, സാംസ്കാരികം എന്നീ രംഗങ്ങളിൽ വൎദ്ധിച്ചുവരുന്ന സന്ദൎഭസമത്വം സൃഷ്ടിക്കുന്നതിനു ചേൎന്ന ഉപാധികൾ ക്രമപ്പെടുത്തുക. ജീവിതത്തിൽ ഉണ്ടാകാവുന്ന യാദൃച്ഛിക ദുരന്തങ്ങളുടെ അവശതകളിൽനിന്നും വ്യക്തികളെ സംരക്ഷിക്കുന്നതിനുവേണ്ട പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു.

സ്വതന്ത്രലോകത്തിന്റെ വിശ്വാസപ്രമാണം അംഗീകരിച്ചു കഴിഞ്ഞാലുടനേ അടുത്തപടി സകല മാൎഗ്ഗങ്ങളും സ്വീകരിച്ചു അതു ലോകം മുഴുവൻ പ്രചരിപ്പിക്കുക എന്നതാണു്. മററു രാഷ്ട്രങ്ങൾ തന്നത്താൻ സഹായിക്കുവാൻ ഐക്യസംസ്ഥാനങ്ങൾ ഈ വിഷയത്തിലും അവരെ സഹായിക്കേണ്ടതാണു്. എന്നാൽ ഈ കൃത്യം നിൎവ്വഹിക്കുന്നതിന്റെ പൂൎണ്ണമായ ചുമതല, ഐക്യസംസ്ഥാന

ങ്ങൾ, കൈയ്യേറവുംകൂടാം. അതാതു രാജ്യങ്ങളിൽ ഉള്ള പ്രചാരണസംഘങ്ങൾ തന്നെ പ്രവർത്തിക്കുന്നതാണ് ഏററവും കാര്യമായിട്ടുള്ളതു്. ഇതു സ്വതന്ത്രരാഷ്ട്രങ്ങളുടെ കാര്യത്തിൽ എന്നതുപോലെ, ഇരുമ്പു മറയ്ക്കുള്ളിലുള്ള രാഷ്ട്രങ്ങളുടെ കാര്യത്തിലും ശരി തന്നെയാണു്. ഫ്രാൻസിലും, അമേരിക്കർ നടത്തുന്ന പ്രചാരണസംരംഭത്തേക്കാൾ വളരെ മടങ്ങു ഫലപ്രദമായിരിക്കും അവർ തന്നെ നടത്തുന്ന പ്രചാരണം.

എങ്കിലും സ്വന്തം നാട്ടിനു വെളിയിൽ പ്രചാരണം നടത്തുന്നതിൽ ഒരു വലിയ ചുമതല ഐക്യസംസ്ഥാനങ്ങൾക്കുണ്ടു്. സ്വതന്ത്രലോകത്തിൻെറ നേതാവു് എന്ന നിലയിൽ, പ്രവൃത്തിയിലും വാക്കിലും സ്വതന്ത്രലോകാദർശങ്ങളിൽ നമുക്കുള്ള വിശ്വാസം വെളിപ്പെടുത്തേണ്ടിയിരിക്കുന്നു.

ആക്കും മനസ്സിലാക്കാൻ കഴിയുന്ന നല്ല പ്രവർത്തനങ്ങളിൽ കൂടിയായിരിക്കണം നമ്മുടെ ഏററവും പ്രധാനമായ പ്രചാരണം. യൂറോപ്പിലേക്കുള്ള മാർഷൽ പദ്ധതി, തെക്കുകിഴക്കൻ ഏഷ്യയിലേക്കുള്ള ഇന്നത്തെ പരിപാടി, നാലാംപോയിൻറു

പദ്ധതി ഇവയൊക്കെയാണു നമ്മുടെ ഏററവും ഗണ്യമായ പ്രവത്തനങ്ങൾ. എന്നാൽ ഇതോടു ചേൎന്ന ഊൎജ്ജസ്വലവും, വൈവിധ്യപൂൎണ്ണവുമായ ഒരു പ്രചാരണ പരിപാടിയും ഉണ്ടെങ്കിൽ മാത്രമേ വേണ്ടത്ര ഫലം ഉണ്ടാകയുള്ളു.

യൂറോപ്പിനേ പുനരുദ്ധരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള മാഷൽ പദ്ധതി എങ്ങിനെ നോക്കിയാലും ശ്ലാഘ്യമായ ഒരു ഉദ്യമം തന്നെയാണു്. എങ്കിലും അതു വ്യക്തമായി, ഫലകരമായി പറഞ്ഞറിയിക്കുന്നതിനുള്ള മാൎഗ്ഗം നമുക്കില്ലാതെ പോയി. ഇതിനേക്കുറിച്ചു ഞാൻ മുമ്പൊരദ്ധ്യായത്തിൽ ചൂണ്ടിക്കാട്ടിയതാണു്.

ഇ. സി. ഏയ്ക്കു് ആശയവിനിമയപരിപാടികൾ വലിയ ആവശ്യമില്ലെന്നാണു നാം ആദ്യം വിചാരിച്ചതു്. ഒന്നോ രണ്ടോ ആളുകളേ ഇക്കാൎയ്യത്തിനു നിയോഗിച്ചാൽ മതി എന്നു ആദ്യം തോന്നി. എന്നാൽ കമ്യൂണിസ്റ്റ് കക്ഷിക്കു നമ്മുടെ അമ്പതിരട്ടി പ്രചാരണോദ്യോഗസ്ഥർ ഉണ്ടായിരുന്നു.

അപ്പോഴാണ് നാം പ്രസിദ്ധിയുള്ള പത്രങ്ങളിലും റേഡിയോവിലും സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന ആളുകളെ ഇതിലേക്കു ആകർഷിച്ചതു്. അങ്ങനെ ഇതിലേക്കുള്ള ചെലവു് 2,000,000 ഡാളറിൽ നിന്നു 17,000,000 ഡാളറായി വർദ്ധിച്ചു.

മാർഷൽപദ്ധതി എന്തെന്നു വ്യക്തമാക്കുന്ന "സഞ്ചാരപ്രദർശനം" യൂറോപ്പിലാകെ ചുററിത്തിരിഞ്ഞു തുടങ്ങി. അതാതു രാജ്യത്തെ ഭാഷയിലാണു പ്രചാരണം നടത്തുന്നതു്. ഇതു വളരെ പ്രയോജനകരമായി അനുഭവപ്പെടുന്നുണ്ടു്. 274,000,000 വരുന്ന യൂറോപ്പിലെ ജനങ്ങൾക്കു് വ്യവസായങ്ങളിലും വ്യാപാരത്തിലും എങ്ങനെ പരസ്പരം സഹകരിച്ചു ക്ഷേമപൂർണ്ണമായ ഒരു നിലയിൽ എത്തിച്ചേരാമെന്നും അതു പ്രകടമാക്കുന്നു.

'യൂറോപ്പു നിർമ്മാണം' എന്ന പേരിലുള്ള ഈ പ്രദർശനത്തിൻെറ ഒരു ഭാഗമായി 5 ലക്ഷം ബലൂണുകൾ വായുവിൽ പറത്തിവിട്ടു. ഒരു അടി വ്യാസമുള്ളതും, അബ്ജനകം എന്ന വായു നിറച്ചതും, നല്ല നിറപ്പകിട്ടുള്ളതുമായ ഈ ബലൂണിൽ, അയ

ക്കുന്ന ആളിന്റെ വിലാസമുള്ള ഒരു കാർഡുകൂടെ ചേർത്തുവയ്ക്കും. അതു ലഭിക്കുന്ന ആളിനു സൗഹൃദത്തിന്റെയും സന്മനസ്സിന്റെയും ഒരു സന്ദേശവും അതിൽ ഉണ്ടായിരിക്കും. മാഷൽ പദ്ധതിയുടെ സഞ്ചാരപ്രദശ്നസംഘം ഡെന്മാക്കിൽ ആയിരുന്നപ്പോൾ എഴുപതിനായിരം ബലൂൺ ഇങ്ങനെ വായുവിൽ പറത്തിവിട്ടു. അവയിൽ ഉണ്ടായിരുന്ന സന്ദേശം ഇപ്രകാരമായിരുന്നു.

"മാഷൽ പദ്ധതിയുടെ 'യൂറോപ്പു നിർമ്മാണം' എന്ന പ്രദശ്നം കോപ്പൻഹാഗനിൽ വച്ചു കണ്ട സമാധാനപ്രിയനായ ഒരു ഡെന്മാക്ക് സ്നേഹിതന്റെ ഹൃദയംഗമമായ അഭിവാദനങ്ങളാണു് ഈ ബലൂണിനോടു കൂടെ നിങ്ങൾക്കു ലഭിയ്ക്കുന്നതു്.

മാഷൽപദ്ധതി അംഗീകരിച്ചിട്ടുള്ള 18 രാജ്യങ്ങളിലേ ആളുകളുടെ ക്ഷേമത്തേയും, സമാധാനകാംക്ഷയേയും സൂചിപ്പിക്കുന്ന ഒരു പ്രതിരൂപമാണു് ഈ ബലൂൺ. ആശയങ്ങളും സാധനങ്ങളും സ്വതന്ത്രമായി വിനിമയം ചെയ്യാനുള്ള പരിപാടിയേയും ഇതു പ്രതിനിധീകരിക്കുന്നു. കരയുടെയും, സമുദ്രത്തിന്റെയും മീതെ ബലൂണിനു

ചരിക്കാൻ കഴിയുന്നതുപോലെ സ്വാതന്ത്ര്യമായും, നിർബ്ബാധമായും ആളുകൾക്കും സാധനങ്ങൾക്കും ചരിക്കുവാൻ കഴിയുമെന്നു നാം പ്രതീക്ഷിക്കുന്നു.

ജനായത്തപരമായി സമാധാനത്തിനു വേണ്ടിയുള്ള പദ്ധതി മാർഷൽപദ്ധതി.''

ഇരുന്നൂറു മൈലുമുതൽ അഞ്ഞൂറു മൈലുവരെ ചില ബലൂൺ പറന്നുപോയി. കിഴക്കേ ജർമ്മനിയിലും, പോളണ്ടിലും, ഹംഗറിയിലും ആസ്ത്രിയയിലും ചെക്കോസ്ളോവാക്യയിലും, ലിതാന്യയിലും, ഒക്കെ അവ ചെന്നുവീണു. അങ്ങനെ ഇരുമ്പുമറിയ്ക്കപ്പുറവും സത്യത്തിൻെറ സന്ദേശം ചെന്നു. പക്ഷേ കമ്യൂണിസ്റ്ററുകളുടെ പ്രതികരണം ഇപ്രകാരമായിരുന്നു.

1. 'ഇതു ബലൂൺ പെറുക്കിയെടുക്കുന്നതു ബുദ്ധികേടാണു്, കാരണം അവ പൊട്ടിത്തെറിച്ചേക്കും' എന്നിങ്ങനെ ഗവണ്മെൻറുദ്യോഗസ്ഥന്മാർ ആളുകളെ ഭയപ്പെടുത്തി.

2. അവ പോലീസിനേ ഏൽപ്പിച്ചവരെ പരസ്യമായി ശ്ളാഘിച്ചു.

3. മുദ്രണം ചെയ്ത സന്ദേശങ്ങളോടു ചേൎന്ന മാരകമായ അണുക്കൾക്കൂടെ പശ്ചാത്യശക്തികൾ ചേൎത്തുവിട്ടിരിക്കുന്നു. വിഷാണുക്കളെ അയയ്ക്കുന്നതിന്നു വായുപ്രവാഹം മനസ്സിലാക്കാനുള്ള ഒരു തന്ത്രമാണു് ഇതു്.

ഇങ്ങനെയൊക്കെ ദുഷ്പ്രചരണം നടത്തിയിട്ടും പല വ്യക്തികളിൽനിന്നും മറുപടി സന്ദേശങ്ങൾ ലഭിക്കുകയുണ്ടായി.

ഒരു കത്തിൽ ഇങ്ങനെ കണ്ടു. "ഇതു രഹസ്യമായി ഞാൻ അയയ്ക്കുന്നു." മറെറാന്നിൽ ഇപ്രകാരമുണ്ടായിരുന്നു. "നിങ്ങളുടെ ബലൂൺ വളരെ സഞ്ചരിക്കുന്നു. നിങ്ങളുടെ ആദൎശങ്ങളേക്കുറിച്ചു മനുഷ്യർ സംസാരിക്കാത്ത-സംസാരിക്കാൻ ധൈൎയ്യപ്പെടാത്ത ഒരു സ്ഥലത്താണു് അതു വന്നുചേൎന്നതു്. യൂറോപ്യന്മാരായി ജീവിക്കാൻ കഴിയുന്ന ആ കാലം പ്രതീക്ഷിച്ചുകൊണ്ടു് ഞങ്ങൾ കഴിഞ്ഞുകൂടുന്നു. ഇരുമ്പുമറയുടെ അതിൎത്തിയിൽ വച്ചു യൂറോപ്പു അവസാനിക്കുന്നു എന്നു ഗണിക്കരുതേ." ഈ തരത്തിലുള്ള പല കത്തുകളും ഉണ്ടായിരുന്നു. യൂറോപ്പിലെ ജനങ്ങളുടെ ഭൂരിപക്ഷവും നമ്മുടെ

ഭാഗത്താണെന്നു പറയാൻ തക്ക തെളിവുകൾ എനിക്കു ഇവയിൽ നിന്നും ലഭിച്ചിട്ടുണ്ട്.

ഐക്യസംസ്ഥാനങ്ങളുടെ മൂന്നാമത്തെ ചുമതല, രാജ്യരക്ഷാപദ്ധതികൾ ഏകീകരിച്ചതു പോലെ ആശയവിനിമയപരിപാടികളും ഏക നിയന്ത്രണത്തിന്നു വിധേയമാക്കുക എന്നതാണ്. നിഷ്കൃഷ്ടമായ അധികാരങ്ങളുള്ള ഒരു വിദേശ ഇൻഫർമേഷൻ ഏജൻസി രൂപവൽക്കരിക്കണം. ഇതിന്നു ക്യാബിനററു മാതിരി അധികാരമുള്ള ഒരു ഭരണസമിതിയും ഉണ്ടായിരിക്കണം. ഇതു പലതിൻെറ കൂട്ടത്തിൽ ചെയ്യുന്നതോ മറേറതെങ്കിലും ഒരു അസിസ്റ്റൻറു സെക്രട്ടറിയുടെ മേൽനോട്ടത്തിലുള്ളതോ ആയ ഒരു പണി ആയിക്കൂടാ.

ദേശീയനയത്തിൻെറ ഒരു പ്രധാനോപകരണം എന്ന നിലയിൽ ഗണിക്കുകയും അങ്ങനെ അതർഹിക്കുന്ന പിന്തുണ ഇതിന്നു നൽകുകയും ആണു് ഉചിതമായിട്ടുള്ളതു്. ഇങ്ങനെ ചെയ്യുമ്പോൾ, മാർഷൽ പദ്ധതിയുടെ ആശയവിനിമയ പരിപാടിയും, യുണൈററഡ് സ്റ്റേററ്സ് ഇൻഫർമേഷൻ സർവ്വീസും തമ്മിൽ ചിലപ്പോൾ

ഉണ്ടാകാറുള്ള ആവർത്തനദോഷം ഇല്ലാതാകയും ചെയ്യും.

പ്രചാരണമാർഗ്ഗങ്ങളെക്കുറിച്ചും, അതിനു പററിയ സന്ദർഭങ്ങളെക്കുറിച്ചും അറിവില്ലാത്ത ചില ഉദ്യോഗസ്ഥരുടെ കയ്യിൽ നിന്നും ഈ ചുമതല ഒഴിക്കേണ്ടതു് ആവശ്യവുമാണ്. സമാധാനം നേടുന്നതിനുള്ള ഈ മാർഗ്ഗം നയരൂപവൽക്കരണം നടത്തുന്ന ഉയർന്ന മണ്ഡലങ്ങളിൽ നിന്നും വെളിയിൽ വരുന്ന പക്ഷം, അസാധാരണ ശേഷിയും ഉത്സാഹവുമുള്ള ഉദ്യോഗസ്ഥരേ അതിൻെറ പ്രവർത്തനത്തിനു ലഭിക്കുകയും ചെയ്യും. ധൈര്യം, സാമർത്ഥ്യം, മനോധർമ്മം ഈ ഗുണങ്ങളോടു ചേർന്ന ഔചിത്യബുദ്ധിയും ഉള്ള ഒരു കൂട്ടം ആളുകളുടെ കൈയ്യിലാണ് ആശയവിനിമയ പരിപാടി ഇരിക്കേണ്ടതും. എങ്കിൽ മാത്രമേ ലോക ശക്തികളുടെ ആക്കത്തൂക്കവും, ഗതിയും അറിഞ്ഞു പ്രവർത്തിക്കാൻ കഴിയൂ. പ്രക്ഷേപണം, വാർത്താ റിപ്പോർട്ട്, പരസ്യം എന്നിവയും ഇവിടെ ഉദ്ദേശിച്ചിരിക്കുന്ന ആശയവിനിമയവും തമ്മിലുള്ള വ്യത്യാസങ്ങൾ അവർ ശരിക്കു ഗ്രഹിച്ചിരിക്കണം. പ്രചാരണോദ്യോ

ഗസ്ഥനു പത്ര പ്രവൎത്തന പരിചയം വേണമെന്നു നിർബന്ധമില്ല.

പൊതുജന സമൂഹത്തെ സമീപിക്കാനുള്ള കൗശലം അയാൾ അറിഞ്ഞിരിക്കണം. മാത്രവുമല്ല, പ്രചാരണം സ്വയമേവ നടക്കത്തക്കവണ്ണമുള്ള ചില പ്രവൎത്തന പരിപാടികളും രൂപവൽകരിക്കണം. വായിൽ നിന്നു കാതിലേക്കു എന്ന മട്ടിൽ വ്യക്തികൾ ചെയ്യുന്ന പ്രചരണത്തിൻെറ വില വളരെയധികമാണു്. വെറുതേ അറിയിച്ചതുകൊണ്ടു മാത്രം പ്രചാരകൻ തൃപ്തിപ്പെടുന്നില്ല; പ്രേരിപ്പിക്കയാണു അയാളുടെ പ്രധാനോദ്ദേശ്യം.

കമ്മ്യൂണിസ്റ്റ് പ്രചാരണതന്ത്രത്തെ ജയിക്കുന്നതിനു ഒരിക്കലും നമ്മുടെ പരിപാടികൾക്കു ശക്തിയുണ്ടാകുന്നതല്ല എന്നു ചിലർ വാദിക്കാറുണ്ടു്. അഭിപ്രായ സ്വാതന്ത്ര്യം ശരിക്കു അനുവദിച്ചുകൊടുക്കുന്ന നമ്മുടെ നാട്ടിൽ പ്രചാരണ പരിപാടികൾക്കു ചില ബലഹീനതകൾ ഉണ്ടെന്നു സമ്മതിക്കണം. സ്വേച്ഛാധികാരംകൊണ്ടു വായ് മൂടിക്കെട്ടിവച്ചിരിക്കുന്ന രാഷ്ട്രത്തിൽനിന്നും ഭരണകൂടത്തിൻെറ നിയന്ത്ര

ണത്തിൽ വരുന്ന പ്രചാരണത്തിനു ചില പ്രത്യേക സന്ദർഭങ്ങളുമുണ്ട്.

എങ്കിലും നമ്മുടെ ഈ പരിപാടിക്കുള്ള പണം കോൺഗ്രസ്സിൽ നിന്നും ഉണ്ടാകേണ്ടതിനാൽ, അതിൻെറ പ്രവർത്തനങ്ങളെക്കുറിച്ചും അവയുടെ ഫലത്തെക്കുറിച്ചും കോൺഗ്രസ്സിനെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്.

നാലാമതായി, ഈ പ്രചാരണ സംരംഭത്തെ നാം സൃഷ്ടിപരമായ ഒരു വീക്ഷണകോണത്തിൽ സമീപിക്കേണ്ടിയിരിക്കുന്നു. ആശയവിനിമയ പദ്ധതികളെക്കുറിച്ചു നമുക്കുള്ള അറിവു തുച്ഛമാണെന്ന്. പ്രത്യേകിച്ചു നമ്മുടേതിൽ നിന്നും ഭിന്നമായ പാരമ്പര്യങ്ങളോടുകൂടിയ ഒരു ജനതയുമായി ഇടപെടേണ്ടി വരുമ്പോൾ അതു വളരെ പരിഷ്കരിക്കേണ്ടി വരുമെന്നും നാം വിസ്മരിച്ചുകൂടാ.

നമ്മുടെ ഉപകരണങ്ങൾ കൊണ്ടു പ്രവർത്തിക്കയും, അവ പരിഷ്ക്കരിക്കാൻ ശ്രമിക്കുകയും വേണം.

അഞ്ചാമതായി നമ്മുടെ പരിപാടി നിയതപ്പെട്ടു കഴിഞ്ഞാൽ ഉടനെ പ്രചാരണത്തിൻെറ വ്യാപ്തി.

ഗണ്യമായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. അതിന്റെയർത്ഥം ഇപ്പോഠം ചെലവിടുന്നതിനേക്കാഠം വളരെ മടങ്ങു പണം ചെലവാക്കുക എന്നാണു്,

ഇപ്പോഠം ഇക്കാര്യത്തിനു അനുവദിച്ചിട്ടുള്ളതു് 120,000,000 ഡാളർ മാത്രമാണു്. ഇത്ര തന്നേ സെനററർ വില്യം ബെൻറൺ മുതലായ ആളുകളുടെ ഉത്സാഹം മൂലമാണു് സാധിച്ചിട്ടുള്ളതു്. ക്രെംലിൻ ഈ വിഷയത്തിൽ ചെലവാക്കുന്ന തുകയോടു താരതമ്യപ്പെടുത്തുമ്പോഠം ഇതു വളരെ തുച്ഛമാണു്.

മാർഷൽ പദ്ധതിക്കുവേണ്ടി നടത്തിയ പ്രചാരണത്തിൽ നിന്നും എനിക്കു ലഭിച്ചിട്ടുള്ള പരിചയം വച്ചുകൊണ്ടു പറയുന്നപക്ഷം, ഈ തുക തീരെ അപര്യാപ്തമാണു്. കുറഞ്ഞതു 300,000,000 ഡാളർ എങ്കിലും ആക്കുന്നതിനു നാം ഉടനേ പരിശ്രമിക്കേണ്ടതാണു്. മനസ്സു്, ഹൃദയം മുതലായവയിൽക്കൂടെ ഒരു രാഷ്ട്രത്തേ കീഴടക്കുന്നതിനുള്ള ശ്രമം, സൈന്യംമൂലം കീഴടക്കുന്നതിനേക്കാഠം വളരെ ചെലവു കുറഞ്ഞതാണു്. ക്രെംലിൻ ഇതു ഭംഗിയായി തെളിയിച്ചിരിക്കുന്നു.

ഈ തുകയുടെ 15 ശതമാനമെങ്കിലും, വിശദീകരണം കൂടാതെ രഹസ്യമായി ചെലവഴിക്കുന്നതു പ്രചാരണസമിതിക്ക് അനുമതി കൊടുക്കേണ്ടതാണ്, ആഡിററു കൂടാതെ ഇങ്ങനെ ഒരു ഭാഗം ചെലവാക്കുന്നതു ഉചിതമെന്നു മാത്രമല്ല, അനുപേക്ഷണീയം കൂടെയാണ്. എങ്കിൽ മാത്രമേ സാധാരണ ഗതിയിൽ നിന്നും വ്യത്യസ്തമായ ചില പരീക്ഷണങ്ങൾ നടത്താൻ സമിതിക്കു കഴികയുള്ളു.

ഗവണ്മെൻറു പദ്ധതികളിൽ നിന്നും വിഭിന്നമായി നടത്തപ്പെടുന്ന ഒരു പ്രചാരണപദ്ധതിയേയും പണംകൊണ്ടും അല്ലാതെയും സഹായിക്കേണ്ട ചുമതല നമുക്കുണ്ട്. ഗവണ്മെൻറിനു നേരിട്ടു ചെയ്യുവാൻ കഴിയാത്ത ചില കാര്യങ്ങൾ ഇങ്ങനെയുള്ള പദ്ധതിമൂലം ചെയ്യുവാൻ കഴിയുന്നതാണ്.

സ്വതന്ത്രലോകാദർശങ്ങൾക്കു വേണ്ടി നിലകൊള്ളുന്ന ഈ സംഘടന ലോകമാസകലം വ്യാപിക്കേണ്ടതാണ്. ഇതിൻെറ പ്രോത്സാഹനാർത്ഥം കോടിക്കണക്കിനു സാധാരണ ജനങ്ങൾ അതിൻെറ അംഗങ്ങളായി ചേരേണ്ടതാണ്. അങ്ങനെ അതു "ഞങ്ങൾക്കു എന്തു ചെയ്യാൻ കഴിയും?"

എന്നിങ്ങനെ അനേകം സ്വതന്ത്ര ജനങ്ങൾ ചോദിക്കുന്നതിന്നു ഒരു മറുപടി ആയിത്തീരുകയും ചെയ്യും.

ഈ സംഘടന രണ്ടു പ്രധാന ചുമതലകളാണു കയ്യേൽക്കേണ്ടതു്. എല്ലാ ഗ്രാമങ്ങളിലും, പട്ടണങ്ങളിലും, കടകളിലും സ്വതന്ത്രലോകസന്ദേശം പരത്തുന്നതിന് സന്നദ്ധരായുള്ള അനേകം മിഷ്യനറിമാരേ സമ്പാദിക്കുക എന്നതാണ് ഒന്നാമത്തെ ചുമതല. ഇതു വളരെ പ്രയാസമുള്ള ഒരു ജോലിയാണ്. പക്ഷേ ഇത്തരം പ്രവൎത്തനങ്ങളുടെ ഫലം ക്രെംലിനിൽ നിന്നും മനസ്സിലാക്കിയിട്ടുള്ളവർ, ആ പ്രയാസം സഹിക്കുന്നതു ആവശ്യം തന്നെയാണെന്നു സമ്മതിക്കും.

ക്രെംലിന്റെ പ്രചാരണത്തെ എതിൎക്കുക എന്നതാണ് ഈ സംഘടനയുടെ രണ്ടാമത്തേ ചുമതല. കമ്യൂണിസ്ററു പ്രചാരണത്തിന്റെ അവിശ്വാസ്യതയേ മുറയ്ക്കു എടുത്തു കാട്ടി ആളുകൾക്കു അതിലുള്ള വിശ്വാസം ഇല്ലായ്മ ചെയ്യുകയാണ് ഈ പരിപാടിയുടെ മുഖ്യോദ്ദേശ്യം.

വലിയ കള്ളത്തിൽ ആശ്രയിക്കുന്ന റഷ്യൻ നയത്തെ നാം വേണ്ട വിധത്തിൽ തുരത്തിയിട്ടില്ല. ഇതാണു ക്രെംലിന്റെ ഏററവും ദുർബ്ബലമർമ്മം. ചരിത്രത്തിനു ദുർവ്യാഖ്യാനം കൊടുക്കുക എന്നതിലാണു അതിന്റെ സർവ്വപ്രമാണങ്ങളും അടിസ്ഥാനപ്പെട്ടിരിക്കുന്നതു്. അതിന്റെ പതാകയും, കർഷകനും തൊഴിലാളിയും രാഷ്ട്രത്തെ നിയന്ത്രിക്കുന്നു എന്ന പ്രതിരൂപവും ഒരു വമ്പിച്ച വ്യാജമാണു്. ഉയർച്ച താഴ്ചകൾ ഇല്ലെന്നു പറയുന്ന ആ സാമൂദായിക ഘടനയിൽ പല വ്യത്യാസങ്ങളും നിലവിലുണ്ടു്. 'പരിശുദ്ധമായ അന്ത്യം നിന്ദ്യമായ ഉപാധിയേ നീതീകരിക്കുന്നു, എന്ന വൈരുദ്ധ്യജടിലമായ തത്വചിന്തയും അതിന്റെ ഫലമാണു്. അതിന്റെ സമാധാനം യുദ്ധത്തെ ഉല്പാദിപ്പിക്കുന്നു.

അങ്ങനെ അവരുടെ വായിൽനിന്നും, പ്രവർത്തനങ്ങളിൽ നിന്നും, തന്നേ ക്രെംലിനിലെ ഉദ്യോഗസ്ഥരെ വിധിക്കുന്നതിനുള്ള തെളിവുകൾ ലഭിക്കുന്നതാണു്. അപഹാസവും, ഫലിതവും അവരുടെ വ്യാജങ്ങൾക്കു നേരെ തൊരിഞ്ഞാൽ സാധാ

രണ ജനങ്ങളുടെ മധ്യത്തിൽ അവരുടെ പ്രചാരണങ്ങൾ വിലപ്പോകുന്നതല്ല.

ഇങ്ങനെ ചെയ്യുന്നപക്ഷം സോവ്യററ് കമ്യൂണിസ്ററുകൾ ആക്രമണം നിൎത്തി സ്വയരക്ഷാപ്രവൎത്തനങ്ങൾ തുടങ്ങിക്കൊള്ളും. ഇതിനെല്ലാം മറുപടി പറയേണ്ട ചുമതല ഒഴിച്ചിട്ട് മററൊന്നിനും അവൎക്ക സമയം കാണുകില്ല.

പൗരസ്ത്യ യൂറോപ്പിലെ ആളുകൾ പശ്ചിമ യൂറോപ്പിലേക്ക് നോക്കുമ്പോൾ, മാർഷൽ പദ്ധതി മൂലം അവിടം എത്രയധികം പച്ചപിടിച്ചുവെന്നു മനസ്സിലാക്കുന്നു. തങ്ങളുടെ അയൽവാസികൾ താരതമ്യേന കൂടുതൽ സ്വാതന്ത്ര്യവും ഐശ്വര്യമുള്ളവരുമെന്നു പൗരസ്ത്യയൂറോപ്പിലെ ജനങ്ങൾ അറിയുന്നു. മാഷ്ൽ പദ്ധതിയുടെ പ്രവൎത്തനത്തിനു ശേഷം പശ്ചിമയൂറോപ്പിൽ നടന്നിട്ടുള്ള തെരഞ്ഞെടുപ്പുകളിൽ കമ്യൂണിസ്ററുകൾക്കു നേരിട്ട പരാജയങ്ങളേക്കുറിച്ചും അവരിൽ പലൎക്കും അറിവുണ്ട്.

അവശതകൾ അനുഭവിക്കുന്നവരെ സഹായിക്കാനോ, കോളനികളിലെ വിദേശഭരണം അവ

സാനിപ്പിക്കാനോ അല്ല ക്രെംലിൻ ഉദ്ദേശിക്കുന്ന തെന്ന് ഏഷ്യയിലെ ജനതയ്ക്കറിയാം. സോവ്യറ്റു സാമ്രാജ്യാധിപത്യത്തിനു വിധേയരാക്കുകയെന്ന താണ് അവരുടെ ലക്ഷ്യം എന്ന്, ചിന്തിക്കുന്ന വർക്ക് സ്പഷ്ടമാകുന്നു. വടക്കൻ കൊറിയയിലും, ചൈനയിലും അവർ എടുത്തിരിക്കുന്ന പങ്ക് ഇക്കാര്യം വെളിച്ചത്തു കൊണ്ടുവരുന്നു.

സ്വതന്ത്രജനതകൾ സ്വാതന്ത്ര്യത്തിന്റെയും പ്രത്യാശയുടെയും സന്ദേശം യൂറോപ്പിലെ ഇരുമ്പു മറയ്ക്കു അപ്പുറം മാത്രമല്ല, ഏഷ്യയിലെ പരമ്പു മറയ്ക്കുള്ളിലും കൊണ്ടുപോകേണ്ടതാണ്.

പുതിയതും ഉഗ്രവുമായ ഈ പരിപാടി സമാരംഭിക്കേണ്ട സമയം ഇപ്പോൾ തന്നെയാണ്. എങ്കിൽ മാത്രമേ സ്വതന്ത്രലോകത്തിന്റെ ലക്ഷ്യവും പ്രമാണവും കാമ്യവും അജയ്യവുമാണെന്നു ബഹുജനങ്ങൾ അറികയുള്ളൂ.

അദ്ധ്യായം 9

## സമാധാനമത്സരത്തിനുള്ള ചെലവ്

1950 മേയ് 8-ാം തീയതി ഫ്ളോറഡയിൽ കിവാനീസ് മഹായോഗത്തിൽ പ്രസംഗിക്കാമെന്നു ഞാൻ സമ്മതിച്ചിരുന്നു. ഇ. സി. ഏ. കഥകൾ പറയാനും, പ്രസ്തുത പ്രവർത്തനത്തിൽ എൻെറ സഹപ്രവർത്തകനും ഒരു ആപ്ത മിത്രവുമായിരുന്ന ക്യാപ്റ്ററൻ എഡ്ഡീ റിക്കൻ ബാക്കറേ കാണുവാനും ഞാൻ വളരെ ഉത്സാഹം പ്രദശിപ്പിച്ചു.

എന്നാൽ, ഇൗ. സി. ഏ. സംബന്ധിച്ചുള്ള ചില പ്രധാന കൂടിയാലോചനകൾക്കായി ഞാൻ മേയ്മാസം മുഴുവൻ വാഷിംഗ്ടണിൽ തന്നെ താമസിക്കേണ്ടതായി വന്നു. മേയ് 9-ാംനു-യുള്ള ദിനപ്പത്രം എടുത്തു നോക്കിയപ്പോൾ, ക്യാപ്റ്ററൻ റിക്കൻ ബാക്കറുടെ പ്രസംഗത്തിൻെറ റിപ്പോർട്ട് എന്നെ ആശ്ചര്യപ്പെടുത്തി. ലോകത്തിനു മുഴുവനായുള്ള ഒരു മാഷൽ പദ്ധതിക്കു 200,000,000,000 ഡാളർ ചെലവുണ്ടാകുമെന്നു അദ്ദേഹം പ്രസ്താവിച്ചതായിഅതിൽ കണ്ടു. അദ്ദേഹം കൊടുത്ത കണ

മുഖ്യമായി ഐക്യസംസ്ഥാനങ്ങളുടെ പുനരായുധവല്ക്കരണമാണ ചേർത്തിരുന്നതു്. 200,000,000,000 ഡാളർ ചെലവുകൊണ്ടു സമാധാനം സമ്പാദിക്കാൻ കഴിയുമെങ്കിൽ അതൊരുമികച്ച ലാഭംതന്നെയാണ് എന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. പക്ഷേ വിദേശസഹായത്തേ സംബന്ധിച്ചുള്ള കണക്കുകൾ അദ്ദേഹം വല്ലാതെ കൂട്ടിക്കുഴയ്ക്കുകയും ചെയ്തു.

സമാധാനം നേടാനുള്ള മത്സരത്തിൽ എന്തു ചെലവുണ്ടാകുമെന്നു ശരിക്കു മതിക്കുവാൻ ആൎക്കും കഴികയില്ല. എങ്കിലും ഞാൻ ഒരു മതിപ്പു രേഖപ്പെടുത്തുവാൻ പോകയാണു്. അതേ സമയത്തു തന്നേ ലോകമാസകലമുള്ള ഒരു മാൎഷൽ പദ്ധതിക്കു വേണ്ടി സുബോധമുള്ളവരാരും ചിന്തിക്കുന്നില്ല എന്നും ആവൎത്തിച്ചുകൊള്ളട്ടെ. എങ്കിലും സ്വതന്ത്രലോകത്തിൻെറ മൎമ്മസ്ഥാനങ്ങളെ സംരക്ഷിക്കുന്ന കാൎയ്യം കാൎയ്യവിവരമുള്ളവരുടെ പ്രത്യേക ശ്രദ്ധയിൽ ഇരിക്കുന്നുമുണ്ടു്.

ഐക്യസംസ്ഥാനങ്ങളുടെയും സ്വതന്ത്രലോകത്തിൻെറയും രക്ഷയ്ക്കു ആവശ്യമുള്ള ചില രാഷ്ട്രങ്ങളേ സാമ്പത്തികമായി സഹായിക്കുവാൻ

2,000,000,000 ഡാളർ; രാഷ്ട്രീയ പ്രവൎത്തനങ്ങൾക്ക് 350,000,000; ആശയ വിനിമയം, പ്രചാരണം 300,000,000 യാദൃഛികമായി വരാവുന്ന ചെലവുകൾ 300,000,000 ആകെ 2,950,000,000.

ഇപ്പോൾ നമ്മുടെ രാഷ്ട്രീയവും നയതന്ത്രപരവുമായ പ്രവൎത്തനങ്ങൾക്ക 150,000,000 ഡാളറും പ്രചാരണ പദ്ധതിക്ക 200,000,000 ഡാളരുമാണു് ആണ്ടിൽ ചെലവാകുന്നതു്. ഇവയുക്ക 300,000,000 വരെ വികസിക്കുവാൻ ഞാൻ സൗകൎയ്യം കൊടുത്തിട്ടുണ്ടു്. ബാക്കിയുള്ള 300,000,000 ഡാളർ യാദൃഛികമായി വേണ്ടിവരുന്ന സാമ്പത്തികസഹായ പരിപാടികൾക്കാണു്.

മാൎഷൽ പദ്ധതിക്ക തന്നെ ആദ്യത്തെ 15 മാസങ്ങൾക്കുള്ളിൽ 6,100,000,000 ഡാളറും രണ്ടാം വൎഷത്തിൽ 3,800,000,000 ഡാളറും ചെലവായിട്ടുണ്ടു്. 1951 ലേക്ക 2,250,000,000 ഡാളറാണു നീക്കിവച്ചിരിക്കുന്നതു്. ഇതിനോടു താരതമ്യപ്പെടുത്തുമ്പോൾ എന്റെ മതിപ്പു വളരെ ചുരുങ്ങിയിരിക്കുന്നു എന്നു വേണം പറയാൻ. മാൎഷൽ പദ്ധതിയിൽ ചെലവാകുന്ന തുകയിൽ, 13 ൽ 9 ഭാഗം

യുദ്ധംമൂലമുണ്ടായ ദുരിതങ്ങൾക്കു നിവാരണം വരു ത്തുന്നതിന്നായി വിനിയോഗിക്കുന്നു. അതു ഇനിയും വേണ്ടിവരുന്ന ചെലവല്ല. നാലു ബില്ല്യൺ ഡാളർ ചെലവാക്കുന്നപക്ഷം മാഷ്ൽ പദ്ധതി പ്രയോഗി ക്കാവുന്നതാണ്.

തെക്കുകിഴക്കൻ ഏഷ്യയിൽ മാർഷൽപദ്ധതി വ്യാപിച്ചു വരുന്നതേയുള്ളൂ. ഇൻഡൊനേഷ്യ, ഇൻ ഡോചൈന, ബർമ്മാ, തൈലണ്ടു് ഈ രാഷ്ട്രങ്ങ ളിൽ സാമ്പത്തിക സഹായ പരിപാടിയേക്കുറിച്ചു നിർദ്ദേശങ്ങളുണ്ടായപ്പോൾ നമ്മുടെ ചില സ്നേഹി തർ ആശ്ചര്യദ്യോതകമായ ശബ്ദങ്ങൾ പുറപ്പെടു വിച്ചു. ആദ്യവർഷം 84,000,000 ഡാളർ ചെല വാണു മതിച്ചിരിക്കുന്നതു്. 275,000,000 ഡാളർ ചൈനയ്ക്കു വേണ്ടി നിർണ്ണയിച്ചിരുന്നതിൽ ഒരു ഭാഗം മാത്രമാണ് മേൽക്കാണിച്ച തുക. ഇതിൻെറ കൂടെ ഫിലിപ്പൈൻസിനു വേണ്ടിയുള്ള തുക കൂടെ ചേർക്കേണ്ടതാണ്.

തെക്കുകിഴക്കൻ ഏഷ്യയിൽ ആവശ്യമായി വരുന്ന തുക ചുരുങ്ങിയിരിക്കുന്നതിനു ചില പ്രധാന കാരണങ്ങൾ ഉണ്ടു്. ഒന്നാമതു് ആ പ്രദേശങ്ങൾ ഏറിയകൂറും കൃഷി പ്രധാന

ങ്ങളാണ്. അതിൽ കലപ്പയും വിത്തും മാറുക എന്നതാണു പ്രധാന കാര്യങ്ങൾ. ചില സ്ഥലങ്ങളിൽ രോഗം ഇല്ലായ്മ ചെയ്കയാണ് വേണ്ടത്. ഉദാഹരണമായി വിയററ്നാമിൽ മലേറിയ നശിപ്പിക്കണം. ആരോഗ്യമുള്ള കൃഷകരെക്കൊണ്ടു മാത്രമേ കൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴികയുള്ളു ഏഷ്യയിലേക്കു നോക്കുമ്പോൾ, ഇൻഡ്യക്കു മാത്രമല്ല ചൈനയ്ക്കും നാം സഹായം ചെയ്യേണ്ടതാണ്.

സമാധാനത്തിനായി മത്സരിക്കുകയും, അതു നേടുകയും ചെയ്യുന്നതു് മററു എല്ലാ കാരണങ്ങളേക്കാളും ഉപരിയായി, സ്വതന്ത്രലോകത്തെ ശക്തിപ്പെടുത്തുന്നതിനാൽ നമ്മുടെ വ്യവസായികവും രാഷ്ട്രീയവും ആയ ഉന്നതിക്ക് അനുപേക്ഷണീയമാണെന്നു എനിക്കു അഭിപ്രായമുണ്ടു്. കടം കൊണ്ടു തകൻ്റു കിടക്കുന്ന ഒരു കൂട്ടരുമായി വ്യാപാരം ചെയ്തു ധനം നേടാമെന്നു വിചാരിക്കുന്നതു ഒരു വ്യാമോഹമാണെന്നാക്കാണു് അറിയാത്തതു്. ക്രമേണ അഭിവൃദ്ധിപ്പെട്ടു വരുന്ന ഒരു സ്വതന്ത്രലോകം തീർച്ചയായും വ്യാപാരം ചെയ്യുന്നതിനു

കൂടുതൽ പററിയതായിരിക്കും. വിപണികൾ നന്നാക്കുന്നതിന്നായി ആദായത്തിൽ ഒരു ഭാഗം ചെലവാക്കേണ്ടതാണെന്ന എല്ലാ വ്യാപാരികളും നല്ലവണ്ണം അറിയാം. 2 ശതമാനം മുതൽ 5 ശതമാനംവരെയാണ സാധാരണ ഇത്തരം കാൎയ്യങ്ങൾക്കു വിനിയോഗിക്കാറുള്ളതും. സമാധാന മത്സരച്ചെലവായി ഞാൻ കണക്കാക്കിയിരിക്കുന്ന 2,950,000,000 ഡാളർ നമ്മുടെ ദേശീയ വരുമാനത്തിൻെറ ഒരു ശതമാനം മാത്രമേ ആകുന്നുള്ളു. വ്യാപാരപരമായ ഒരു നോട്ടത്തിലും ലോകക്ഷേമത്തിന വേണ്ടി അമേരിക്ക അത്രയും ചെലവഴിക്കുന്നതു ബുദ്ധിപൂൎവ്വം മാത്രമാണ്. ക്രെംലിൻെറ കുടില തന്ത്രങ്ങളെ ജയിക്കുന്നതിന ഈ ചെലവു സഹായമാകുമെങ്കിൽ, അതു ഏററവും നല്ല ഒരു നിധിയായിട്ടുതന്നെ വേണം പരിഗണിക്കാൻ.

സൈനികേതരമായ മൂന്നു രംഗങ്ങളിലും സമാധാനമത്സരം നടത്തുന്നതിന 50,000,000,000, ഡാളർ വേണ്ടിവരുന്നതു 2,950,000,000, ഡാളറിനോടു താരതമ്യപ്പെടുത്തുമ്പോൾ ഒരു വമ്പിച്ച തുക തന്നെ എന്നു സമ്മതിക്കണം. എങ്കിലും ഇതു

കൊണ്ടു മൂന്നാം ലോകയുദ്ധം തീർച്ചയായും തട യാൻ കഴിയുമെങ്കിൽ, അതുമൂലം ഉണ്ടാകുന്ന അസു ഖങ്ങൾ നാം സഹിക്കുന്നതു തന്നെയാണ് ഉചിതമാ യിട്ടുള്ളതു്. മൂന്നാം ലോകയുദ്ധംമൂലം വ്യക്തിപര മായ ദുരന്തമല്ല, ദേശീയനാശം കൂടെ ഉണ്ടാകാവു ന്നതുമാണല്ലോ.

ഒന്നാം ലോക യുദ്ധം മൂലം ഐക്യ സംസ്ഥാന ങ്ങളിൽ തന്നേ 119,000, ആളുകൾ മരിക്കുകയും 194,000 ആളുകൾ അംഗവികലരാകുകയും ചെയ്തു. രണ്ടാം ലോകയുദ്ധത്തിലാകട്ടെ, 306;000 മരിക്കു കയും, 572,000 അംഗവികലരാകുകയും ചെയ്തു.

കൂടാതെ യുദ്ധം മൂലമുണ്ടാകുന്ന സാമൂഹ്യവും, ധാർമ്മികവുമായുള്ള അധഃപ്പതനത്തിൻെറ കാര്യം പറയാനുമില്ല.

യുദ്ധത്തിൻെറ ചെലവുകളും കണക്കാക്കാൻ കഴിയും. ഒന്നാം ലോകത്തിൽ മാരക പ്രയോഗ ത്തിനുതന്നേ 22,000,000,000 ഡാളർ ആയിട്ടുണ്ടു്. രണ്ടാം ലോക യുദ്ധത്തിൻെറ ആകെച്ചെലവ് എന്തെന്ന് എനിക്കു കണക്കില്ല. രണ്ടാം ലോക യുദ്ധത്തിൻെറ മൊത്തച്ചെലവു 1,300,000,000,000

ഡാളറായിരിക്കും എന്നുകണക്കുണ്ട്. ഈ കണക്കിനു ആററംബോംബും, വിഷവാതങ്ങളും അണുക്കളുമുള്ള മൂന്നാം ലോകയുദ്ധത്തിൻെറ കാര്യം സ്മരിക്കുമ്പോൾ ത്തന്നേ തല ചുററുന്നു. ഇക്കാര്യം ഓക്കുമ്പോൾ തന്നേ,സമാധാന മത്സരം അന്ത്യ വിജയം വരെ നടത്തേണ്ടതിൻെറ ആവശ്യകത ബോധപ്പെടുന്നു.

ക്രെംലിനുമായുള്ള സമരം ദീഘ്ഘവും ദുഘ്ഘടാവഹവും ആയിരിക്കും. ഇതാണു എന്നേ ഏററവുമധികം ഉൽകണ്ഠിതനാക്കുന്നതും. വലിയ ഒരു വടംവലി നടക്കുമ്പോഴും, ഒന്നോ രണ്ടോ ചെറിയ പിടിത്തത്തിന്നുശേഷം പോകട്ടെ എന്നു തള്ളുന്ന കൂട്ടരാണ് നാം. ഇതു അപകടകരമാണു്; ഇതിൻെറ ഫലം എല്ലാററിലും ഉപരിയായി ജനതയുടെ പൊതുവിലുള്ള ഒരു ധാമ്മികാധപ്പതനമായിരിക്കും.

ഒരു ജനതയുടെ ശക്തി വ്യക്തികളുടെ സമാഹൃതശക്തി തന്നേയാണു്. ഇന്നു നാം ശക്തരായിരിക്കുന്നതിൻെറ കാരണം, നമ്മുടെ രാഷ്ട്രീയസ്ഥാപനങ്ങളും സാമ്പത്തിക പദ്ധതിയും, വ്യക്തികൾക്കു ഭൗതികമായും ആദ്ധ്യാത്മികമായും വളരുന്നതിനുള്ള സന്ദർഭം പ്രദാനം ചെയ്യുന്നു എന്നതത്രേ.

വികസിക്കുവാനുള്ള ഈ സന്ദർഭമാണ് അമേരിക്കൻ സ്വാതന്ത്ര്യത്തിന്റെ ശ്ലാഘ്യമായ മേന്മ. സംഭാഷണം, ആരാധന, മുതലായവയ്ക്കുള്ള സ്വാതന്ത്ര്യവും, ഭയത്തിൽനിന്നും ദാരിദ്ര്യത്തിൽ നിന്നുമുള്ള മോചനവും ഒരു ജനത എന്ന നിലയിൽ സുലഭമായി നാം അനുഭവിക്കുന്നു. അതേസമയംതന്നെ നമ്മുടെ പ്രാപ്തികൾ വികസിപ്പിക്കുന്നതിനും നമുക്കു വേണ്ട സ്വാതന്ത്ര്യവും, സൗകര്യവുമുണ്ട്. ഇതാണു നമ്മുടെ ശക്തിയുടെ കാതൽ. ഈ ശക്തി ലഭിച്ചിരിക്കുന്നതുകൊണ്ട് അതിന് ചേർന്നതായ ഉത്തരവാദിത്വങ്ങളും നമുക്കുണ്ട്.

വികസിതമായ ഈ അർത്ഥത്തിൽ സ്വാതന്ത്ര്യം സക്ഷാൽകരിക്കുക അത്ര എളുപ്പമല്ല. ഒരു മനുഷ്യൻ അവന്റെ സമുദായത്തിലും, രാജ്യത്തിലും, ലോകത്തിലും ജീവിക്കുന്നു. അതിനാൽ സ്വാതന്ത്ര്യം എന്നു പറയുന്നത് എങ്ങും തൊടാതുള്ള ഒരു ആദശം മാത്രമായിരിക്കുകയില്ല. മാറി നിൽക്കുന്ന വ്യക്തിയേയല്ല, സഹകരിച്ചു പ്രവർത്തിക്കുന്ന വ്യക്തിയേയാണു ഇന്നു വേണ്ടത്. കലപ്പയുടെ പിന്നിലായാലും, മേശയുടെ മുമ്പിലായാലും, പട്ട-

ണത്തിലായാലും, ഗ്രാമത്തിലായാലും അന്യോന്യാ ശ്രയബോധമുള്ള വ്യക്തികൾക്കേ ഇന്നു നിലയുള്ളൂ. അതിനാൽ സ്വാതന്ത്ര്യം ഒരു സ്ഥലത്തു പരിമിതി പ്പെടുത്തിവയ്ക്കാൻ നിവൃത്തിയില്ല എന്നു വരുന്നു.

ദിനന്തോറും പ്രായോഗിക രംഗങ്ങളിലുള്ള അനുരഞ്ജനത്തിലാണ് സ്വാതന്ത്ര്യം സ്ഥിതിചെയ്യു ന്നതു്. അതു വ്യക്തികൾ തമ്മിലും, വ്യക്തിയും സമുദായവുമായും വേണ്ടതു തന്നെ. സ്വാത ന്ത്ര്യത്തെ നിലനിർത്തുന്ന സാമ്പത്തിക സാമൂഹ്യ രക്ഷാപരിപാടികൾ അത്യാവശ്യമാണ്. ഇതു സംബന്ധിച്ച ഗവർണ്മെൻറ് നടത്തേണ്ട പദ്ധ തികൾ വളരെ സങ്കീർണ്ണങ്ങളുമാണ്. എങ്കിലും പൗരസ്വാതന്ത്ര്യ സംരക്ഷണത്തിനു അതു അനു പേക്ഷണീയമാകുന്നു.

അമേരിക്കയിൽ കുടിയേറിപ്പാർപ്പു തുടങ്ങിയ കാലം മുതലേ അമേരിക്കൻ ജീവിതത്തിൽ വ്യക്തി ഒരു ഗണ്യമായശക്തി തന്നെയായിരുന്നു. ഈ ശതക ത്തിൻെറ ആരംഭഘട്ടത്തിൽ വ്യക്തിയുടെ ആ പ്രയാ ണത്തിന്നു ഒരു വിഘാതമുണ്ടായി എന്നു വിചാരിക്കു ന്നവർ ഉണ്ടു്. പക്ഷേ ഈ അഭിപ്രായത്തോടു

ഞാൻ യോജിക്കുന്നില്ല. ഈ നൂററാണ്ടിൻെറ ആദ്യത്തെ അമ്പതു കൊല്ലമാണ് നമ്മുടെ ചരിത്രത്തിൽ ഏററവും ഫലകരമായിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു.

കഴിഞ്ഞ 50 കൊല്ലങ്ങൾ കൊണ്ടുള്ള ദേശീയോൽപന്നവികാസം തന്നെ എടുക്കാം. 1900 ൽ 50,000, 000, 000 ഡാളറായിരുന്നതു 1950 ൽ 279,000,000,000 ഡാളറായിത്തീർന്നിരിക്കുന്നു. ജനസംഖ്യ ഇരട്ടി മാത്രമേ ആയിട്ടുള്ളുവെങ്കിൽ, ഈ വർദ്ധനവ് അഞ്ചിരട്ടിയിലധികമാണ്. ബിസിനസ്സിലും, ഉദ്യോഗമണ്ഡലത്തിലും ധാരാളം സൗകര്യങ്ങളുമുണ്ടായിരിക്കുന്നു. 1,800,000 സ്വാതന്ത്ര്യമായ കമ്പനികൾ ഉണ്ടായിരുന്ന ഒരു ജനതയ്ക്ക് ഇപ്പോൾ 4,000, 000 എണ്ണം ഉണ്ടെന്നു പറയുമ്പോൾ അഭിവൃദ്ധിയുടെ അളവ് ഏതാണ്ട അറിയാവുന്നതാണ്. ഗവേഷണത്തിനായി 1920—ൽ 300 ലാബറട്ടറികളാണ് ഉണ്ടായിരുന്നതു്. 1940—ൽ അതു 2,200 ആയി വർദ്ധിച്ചു. അമേരിക്കർക്കു 40,000,000 കാറുകളും 80,000,000 റേഡിയോ സെററുകളും ഇന്നുണ്ട്.

ഇതുകൊണ്ടു നമ്മുടെ ദേശീയാഭിവൃദ്ധിയുടെ അളവു പൂർത്തിയാകുന്നില്ല. 1951—ൽ ആഴ്ചയിൽ മൊത്തമുള്ള ജോലിസമയം 40 മണിക്കൂർ മാത്രമായി നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. കൂടാതെ വാർദ്ധക്യ കാലത്തേക്കും, രോഗ കാലത്തേക്കും പ്രത്യേകം രക്ഷാവ്യവസ്ഥകളും തൊഴിലാളികൾക്കു ലഭിക്കുന്നു. ഇതോടുചേർന്ന ഇൻഷുറൻസും ഉണ്ട്. കുട്ടികളെ വേലചെയ്യിക്കുന്നതു സംബന്ധിച്ച ഖണ്ഡിതമായ നിയമാവലിയും പ്രയോഗത്തിലായിട്ടുണ്ട്. ഒന്നിച്ചു നിന്ന് കണക്കു പറഞ്ഞു കൂലി വർദ്ധിപ്പിക്കുന്നമാർഗ്ഗം 1900—ൽ അജ്ഞാതമായിരുന്നുവെങ്കിലും ഇന്നു അതു സർവസാധാരണമാണ്.

ഭൗതികരംഗത്തിൽ സന്ദർഭങ്ങൾ വർദ്ധിച്ചതുപോലെ, ബുദ്ധിപരമായും സാംസ്കാരികമായും വളരാനുള്ള സൗകര്യങ്ങളും അധികമായി. വിദ്യാഭ്യാസപരമായ പുരോഗതിയേ ഡാക്ടർ സമ്നർ സ്ലിച്ചർ പ്രശംസിക്കുകയുണ്ടായി. 1890—ൽ ഹൈസ്കൂളിൽ പഠിക്കാൻ പ്രായമുള്ള കുട്ടികളിൽ പതിന്നാലിൽ ഒന്നു മാത്രമേ സ്കൂളിൽ പോയിരുന്നുള്ളു. 1945—ൽ അഞ്ചിൽ നാലായി അതു ഉയർന്നിരിക്കുന്നു.

1900—ൽ സർവകലാശാല പ്രൊഫസരന്മാരായി 7,272 ആളുകൾ മാത്രമേയുണ്ടായിരുന്നുള്ളു. ഇന്ന് അവരുടെ എണ്ണം 75,007 ആണ്.

മാനസികമായും നമ്മുടെ വളർച്ച ഗണനീയമാണ്. രാഷ്ട്രവിജ്ഞാനീയത്തിൽ ജയിംസു മാഡിസൺ, മനഃശാസ്ത്രത്തിൽ വില്യം ജെയിംസ്, തത്വശാസ്ത്രത്തിൽ ജോൺഡ്യൂയി എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യങ്ങളാണ്. സാംസ്കാരികരംഗത്തിലും കേവലം യൂറോപ്യൻ പാരമ്പര്യങ്ങൾ കടം വാങ്ങുക മാത്രമല്ല നാം ചെയ്തതു്. സാഹിത്യത്തിലും, ചിത്ര പ്രസാധനത്തിലും, സംഗീതത്തിലും പലതും നമ്മോടു യൂറോപ്യന്മാർ കടം വാങ്ങിയിരിക്കുന്നു. സാഹിത്യത്തിനുള്ള നോബൽ സമ്മാനം ഈയിടെ ഒരു അമേരിക്കനായ വില്യം ഫോക്നർക്കു ലഭിച്ചതും അനല്പമായ അഭിമാനത്തോടെ പ്രസ്താവിച്ചുകൊള്ളട്ടെ.

ആദ്ധ്യാത്മികരംഗത്തിൽ നമ്മുടെ നേട്ടം നിർണ്ണയിക്കുക എളുപ്പമല്ല. പൗരാവകാശസംബന്ധമായ നമ്മുടെ പുരോഗമനം അതിൻെറ ഒരു ഫലമായി പരിഗണിക്കാം. സന്ദർഭസമത്വം കുറേക്കൂടെ

പ്രായോഗികമാക്കിയതും സാഹോദര്യചിന്ത വദ്ധി ച്ചതും വിസ്മരിച്ചുക്കൂടാ.

ഭൗതികമായും സാംസ്കാരികമായും, ആദ്ധ്യാത്മികമായും കഴിഞ്ഞ 50 വഷങ്ങൾ വളരുന്നതിനുണ്ടായ സന്ദർഭത്തിൻെറ കഥയാണ് ചുരുക്കി മേൽ കാണിച്ചത്. ഇതുവരെയുള്ളതിനേക്കുറിച്ച അഭിമാനിക്കാൻ നമുക്ക് അവകാശമുണ്ടെങ്കിലും, ഇനിയും വളർച്ച നിത്താൻ നമുക്ക് അവകാശമില്ല. അമേരിക്ക ഇനിയും മുഴുമിക്കാത്ത ഒരു ബിസിനസ്സാണെന്നതാണ് രസാവഹമായിട്ടുള്ളത്.

ഇന്നത്തെ ഈ പിരിമുറുക്കത്തിലും സന്ദഭ്ങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന നില തുടന്നു പോകുന്നതിനു നാം ശ്രമിക്കേണ്ടതാണ്. അതു് എളുപ്പമല്ല. ഭയങ്ങളും, ആശങ്കകളും വർദ്ധിപ്പിക്കുന്നതിനു ക്രെംലിൻശ്രമിക്കുന്നതിനാൽ, നാം പ്രത്യേകം ശ്രദ്ധിക്കാതിരുന്നാൽ നമ്മുടെ സ്വാതന്ത്ര്യവളർച്ചയ്ക്കുള്ള ചൈതന്യം ചോന്നു പോകുന്നതാണ്. പൗരാവകാശങ്ങളും, ഉദ്യമ സ്വാതന്ത്ര്യവും വിഘ്നപ്പെടുത്തുന്ന എല്ലാപദ്ധതികളേയും നാം ഭാവിഫലം നോക്കി നല്ലവണ്ണം വിശകലനം ചെയ്യേണ്ടതാണ്.

നമ്മുടെ രാജ്യരക്ഷാപദ്ധതി പുലർത്തികൊണ്ടു പോകുന്നതിനു ചില സാമ്പത്തിക നിയന്ത്രണങ്ങൾ ആവശ്യമാണെന്നു എല്ലാവർക്കും അറിയാം. തങ്ങൾക്കു ഹിതകരമായ ജോലി ചെയ്യുമ്പോൾ തൊഴിലാളികളും, കൂടുതൽ സ്വാതന്ത്ര്യം ലഭിക്കുമ്പോൾ മനേജരന്മാരും അധികമായി ഉല്പാദനത്തെ സഹായിക്കുന്നു എന്നതു ഒരു പരമാർത്ഥമാണു്. ഏതെങ്കിലും നിയന്ത്രണം നടപ്പിലാക്കുന്നതിനു മുമ്പേ അതു അനുപേക്ഷണീയമെന്നു ബോദ്ധ്യപ്പെടുകയും, ആവശ്യം കഴിഞ്ഞാലുടനേ നിയന്ത്രണം നീക്കുകയും ചെയ്യേണ്ടതു ആവശ്യമാണു്.

സ്വാതന്ത്ര്യനാശം ഭയങ്കരമായ ഒന്നാണു്. ബർല്ലിന്റെ കിഴക്കും പടിഞ്ഞാറുമുള്ള ആളുകൾ തമ്മിലുള്ള വ്യത്യാസം ഇന്നും എന്റെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു. ബർല്ലിനു പടിഞ്ഞാറുള്ള ആളുകൾ വളരെ പ്രയാസങ്ങൾ സഹിക്കുന്നുണ്ടെങ്കിലും പ്രത്യാശയുള്ള മുഖത്തോടുകൂടെ അവർ നേരെ നിൽക്കുന്നു. കിഴക്കേഭാഗത്തുള്ള ആളുകൾ ഒരു യാചകമനോഭാവമാണു് കാണിക്കുന്നതു്. സ്വാതന്ത്ര്യമനോഭാവം ലോകമാസകലം വ്യാപിപ്പിക്കുന്നതു

നമ്മുടെ പാവനമായ ഒരു കർത്തവ്യം കൂടെയാണു്. വീട്ടിലേക്കായും പൂർണ്ണഭദ്രതയിൽ ഇരിക്കണം; എങ്കിൽ മാത്രമേ വെളിയിൽ നമുക്കു് സ്വാധീന ശക്തി ഉണ്ടായിരിക്കയുള്ളൂ.

അടുത്ത പത്തു വർഷങ്ങൾ നമ്മേയും മററു രാഷ്ട്രങ്ങളേയും ബാധിക്കുന്ന ഗംഭീരങ്ങളായ തീരുമാനങ്ങൾ നാം ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ തിരഞ്ഞെടുപ്പും, നാം സഹിപ്പാൻ തയ്യാറാകുന്ന ത്യാഗങ്ങളുമാണു് ലോകത്തിന്റെ ഭാവിയെ അനേകം നൂററാണ്ടുകളിലേക്കു നിയന്ത്രിക്കുവാൻ പോകുന്നതു്. പക്ഷേ ഇതിന്റെ ഗൗരവം നമ്മേ നിരാശപ്പെടുത്തേണ്ടതില്ല. ഇപ്പോഴത്തേ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള യത്നം, നമ്മുടെ ശക്തി ഉൗററിക്കളയുന്നതിനു പകരം, പതിന്മടങ്ങു വർദ്ധിപ്പിക്കുമെന്നാണു് എന്റെ അഭിപ്രായം.

അദ്ധ്യായം 10

## നമുക്കു ജയിക്കാൻ കഴിയുമോ?

എല്ലാ രംഗങ്ങളിലും ഉത്സാഹത്തോടും, മനോധൎമ്മത്തോടും, പ്രതിഷ്ഠാബോധത്തോടും സമാധാനമത്സരം നടത്താൻ കഴിയുമെന്നു നമുക്കു സങ്കല്പിക്കാം. അതുപോലെ സാമ്പത്തിക ഭദ്രതയും, സ്വതന്ത്രലോകത്തിൻെറ നേതൃത്വവും പരിപാലിച്ചുപോകാൻ കഴിയുമെന്നും നമുക്കു വിചാരിക്കാം. എന്നാൽ എന്തായിരിക്കും ഫലം? സ്വതന്ത്രലോകത്തിൽ പ്രശ്നങ്ങൾ വാരിയെറിഞ്ഞുകൊണ്ടും, മററു രാഷ്ട്രങ്ങളെ ആഞ്ഞടിച്ചു തകൎക്കാൻ ലാക്കു നോക്കിയുമിരിക്കുന്ന ക്രെംലിൻ അതേ വിധത്തിൽ തുടരുമോ? അതോ മററു രാഷ്ട്രങ്ങളുമായി സമാധാന നിലയിൽ കഴിഞ്ഞു കൂടുന്നതിനു നിർബദ്ധമായ ഒരു നിലയിൽ ക്രെംലിൻ വന്നുചേരുമോ? ക്രെംലിൻെറ സ്വേച്ഛാധികാരശക്തി തകരുവാൻ വല്ലമാൎഗ്ഗവും ഉണ്ടോ?

ഈ പ്രശ്നങ്ങളെക്കുറിച്ചു ഞാൻ അവഗാഢം ആലോചിക്കുകയും, അമേരിക്കയിലും വെളിയിലുമുള്ള രാഷ്ട്രതന്ത്രജ്ഞന്മാരുമായി ചൎച്ച ചെയ്യുകയും

ചെയ്തിട്ടുണ്ട്. അവരുടെ അഭിപ്രായങ്ങൾ ഏകസ്വരത്തിലായിരുന്നു എന്നു പറയാൻ എനിക്കാഗ്രഹമുണ്ട്; എങ്കിലും സത്യം അതല്ല. എന്നാൽ ഒരു കാര്യത്തിൽ അവർക്കെല്ലാം യോജിപ്പുണ്ട്. ശരിക്കുള്ള ഒരു സ്വയരക്ഷാപതനത്തിൽ എത്തിച്ചേരുമ്പോൾ നമ്മുടെ സ്ഥിതിഗതി വളരെ അഭിവൃദ്ധിപ്പെട്ടുമെന്നുള്ളതാണ് ആ കാര്യം. നമ്മുടെ ശക്തി കുറയാതെയിരിക്കുമ്പോൾ ക്രെംലിനുമായി ഒരു ലാഭവാഗ്വാദം നടത്താൻ കഴിയുമെന്നാണ് ചർച്ചിലിന്റെ അഭിപ്രായം. ചർച്ചിൽ പറഞ്ഞതിൽ നിന്നും, രാഷ്ട്രതന്ത്രപരമായി ക്രെംലിൻ രണ്ടു മാനദണ്ഡങ്ങൾ ഉപയോഗിക്കുന്നതായി എനിക്കു ധരിക്കുവാൻ കഴിഞ്ഞു. സൈനികശക്തി വകവച്ചു കൊടുക്കേണ്ട രാഷ്ട്രങ്ങളുമായുള്ള ഉടമ്പടികൾ ഗൗരവത്തിൽ ചെയ്യുമ്പോൾ, ദുർബല രാഷ്ട്രങ്ങളുമായുള്ള ഉടമ്പടികൾക്കു അവ എഴുതപ്പെടുന്ന കടലാസ്സിന്റെ വിലപോലും അവർ കല്പിക്കുന്നില്ലത്രേ.

ഏതൊരു പ്രത്യേക തരത്തിലുള്ള ലാഭവാഗ്വാദമാണു നടത്തേണ്ടതു് എന്നു് ചർച്ചിൽ സൂചിപ്പി

ച്ചില്ല. അങ്ങുമിങ്ങുമുള്ള ചില്ലറ യുദ്ധങ്ങൾ തടയാൻ ക്രെംലിൻ തയ്യാറാകുമെന്നായിരിക്കണം അദ്ദേഹം ഉദ്ദേശിച്ചതു്.

ഇന്നത്തെ റഷ്യയുടെ ഭരണാധിപന്മാരിൽ ഒരു മന:പരിവർത്തനം ഉണ്ടാകാൻ ഒരു മാൎഗ്ഗവുമില്ലെന്നു എല്ലാ രാഷ്ട്രതന്ത്രജ്ഞന്മാരും ഒരുപോലെ പരിഗണിച്ചു. സഹകരിച്ചു പ്രവർത്തിക്കുന്ന ഒരു നയവും അവരിൽ നിന്നു പ്രതീക്ഷിക്കേണ്ടതില്ല എന്നാണു പൊതുവേയുള്ള ധാരണ.

ഇന്നത്തേ അവരുടെ ഭരണാധിപന്മാർ വലിയ ഒരു പ്രക്ഷോഭണം കൂടാതെ മാററപ്പെടുകയും ഇല്ല. അങ്ങനെ അവരേ ഒഴിക്കപ്പെടാൻ ഇന്നു രാഷ്ട്രത്തിനുള്ളിൽ വല്ല ലാഞ്ഛനകളും ഉണ്ടോ? വെളിയിൽനിന്നും ഒരു ആക്രമണം ഉണ്ടാകാതെ ആ ഭരണകൂടം തകരുകയില്ലെന്നും, അത്രമാത്രം അതു സ്വേച്ഛാധിപത്യത്തിൽ ഉറച്ചിരിക്കുന്നുവെന്നുമാണു് എന്റെ അറിവു്. ഹിററ്ലർ, മുസ്സോളിനി എന്നീ സ്വേച്ഛാപ്രഭുക്കൾ അവരവരുടെ രാഷ്ട്രങ്ങളിൽ എത്ര പ്രാബല്യത്തോടെ വാണിരുന്നു എന്നതു പലരും സൂചിപ്പിക്കുന്നു. അതിനേക്കാൾ

ബൃഹത്തും കെട്ടുറപ്പുള്ളതുമാണ് സ്റ്റാലിൻ ഭരണം. അവിടെ ഏതാണ്ടു സ്വയംപര്യാപ്തത തന്നേ ഉണ്ടെന്നാണ് അവരുടെ അഭിമാനം;

എങ്കിലും, ഇന്നത്തെ ആ ഭരണ കൂടം തകരാനുള്ള ശക്തി അതിൽത്തന്നേ അന്തർലീനമായിരിക്കുന്നു എന്നാണ് എൻെറ അഭിപ്രായം. ജോൺ ഫോസ്റ്റർ ഡള്ളീസ്, ജനറൽ മക്കാർതർ, ജോർജ് കെന്നൻ എന്നിവരേക്കൂടാതെ അനേകം വിദേശമന്ത്രിമാരും ഈ അഭിപ്രായമുള്ളവരാണ്.

എങ്ങനെയാണു ക്രെംലിൻെറ ദുർഭരണം തകരാൻ പോകുന്നതു എന്നതു ഊഹിക്കാനേ നിവൃത്തിയുള്ളൂ. കാലം അങ്ങനെയുള്ളതാണ്. പക്ഷേ തകർച്ചയ്ക്കുള്ള പൊട്ടൽ ഇപ്പോഴും തന്നേ സ്പഷ്ടീഭവിച്ചുകാണുന്നു.

സോവ്യററു യൂണിയനിലെ പല തൊഴിലാളികളും അതൃപ്തിയും അമർഷവും പൂണ്ടിരിക്കുന്നുണ്ട്. രണ്ടാം ലോക യുദ്ധത്തിനുശേഷം ജീവിതത്തോതു ഉയർത്താമെന്നുള്ള അവരുടെ വാക്കു സോവ്യററു ഗവണ്മെൻറു നിറവേററിയിട്ടില്ല. ജീവിത ക്ഷേമം വർദ്ധിപ്പിക്കുവാൻ വേണ്ടിയിരുന്ന സാമ്പത്തിക

ശക്തിയാണു വിപുലമായ പുനരായുധവൽക്കരണ ത്തിനുവേണ്ടി വിനിയോഗിച്ചതു്. ഇരുമ്പു മറയുടെ പടിഞ്ഞാറുഭാഗത്തുള്ള യൂറോപ്യന്മാരുടെ സ്ഥിതി എത്ര ഭേദമാണെന്നു രണ്ടാം ലോകയുദ്ധത്തിൽ പങ്കെടുത്ത ചുകപ്പുസൈന്യങ്ങൾ സ്മരിക്കുന്നുണ്ടു്.

ഒന്നു ഒന്നരക്കോടി ആളുകൾ ഇന്നും റഷ്യ യിൽ അടിമത്തൊഴിൽ ചെയ്യുന്നുവെന്നു തന്നേ പറ യാം. നിങ്ങളുടെ കുടുംബത്തിൽ ഒരാളെ രഹസ്യ പ്പോലീസു പിടികൂടി ഒരിക്കലും മേൽവിലാസം അറിയിക്കാതെ ഒളിവിൽ പാർപ്പിക്കുന്നു എന്നു വിചാരിക്കുക. അതു നിങ്ങൾക്കു എത്രമാത്രം രുചിക്കും.

സോവ്യററു നാട്ടിലെ ജനങ്ങളെല്ലാം ഒരു വക അടിമത്തത്തിൽ തന്നെയാണു കഴിയുന്നതു്. ഒരു സാധാരണ പൗരൻ അവൻെറ തൊഴിലാകുന്ന നുകത്തോടു നിത്യബദ്ധനാണു്. രഹസ്യപ്പോലീ സിനെ ഭയന്നാണു് എന്നും അവൻ ജീവിക്കേ ണ്ടതു്. ശാസ്ത്രജ്ഞന്മാർ, പണ്ഡിതന്മാർ എന്നിവ രുടെ കാര്യത്തിൽ ഈ ഭയം അവരുടെ നിർമ്മാണ ശക്തിയെ മന്ദിപ്പിക്കുന്നു. പുതിയ പരീക്ഷണങ്ങൾ

നടത്തുന്നതിനു ഫാക്ടറി മാനേജരന്മാക്കും ഭയമാണു്; കാരണം ഏതെങ്കിലും ഒരു അബദ്ധം പിണഞ്ഞാൽ അവരേ സൈബീരിയായിലേക്കു അയച്ചുകളയും. ഉയന്ന മണ്ഡലങ്ങളിലുള്ള ആളുകൾക്കും ആശങ്ക ഇല്ലാതില്ല. 1936–38 ൽ 40,000 ആളുകളേ നശിപ്പിച്ച കഥ ആരും സ്മരിച്ചിട്ടില്ല. ചുകപ്പുസൈന്യത്തിൻെറ ഒരു ഗണ്യമായ ഭാഗം പിരിച്ചയക്കപ്പെട്ടുവെന്നു മാത്രമല്ല, സ്റ്റാലിൻെറ കൂട്ടുദ്യോഗസ്ഥന്മാർപോലും നിഷ്കാസിതരായി.

വ്യവസ്ഥാപിതങ്ങളായ മാർഗ്ഗങ്ങളില്ലായ്കയാൽ ഒരു സ്വേച്ഛാധിപതിക്കു തൻെറ അനന്തരഗാമിയെ നിർണ്ണയിക്കുന്ന കാര്യം ഒരു വലിയ പ്രശ്നം തന്നെയാണു്. ഒരാളെ നിയമിക്കുമ്പോൾ മററു സഹകാരികൾക്കു അതു അസഹ്യമായിത്തീരുന്നു. ഇതു റഷ്യയുടെ കാര്യത്തിൽ വളരെ ശരിയാണു്. സ്റ്റാലിൻ തന്നേ അധികാരം തട്ടിയെടുത്തശേഷം, തൻെറ കയ്യിൽ എല്ലാം കേന്ദ്രീകരിക്കുകയും ഒടുവിൽ അതു ഒരു വമ്പിച്ച ദുർഷ്പ്രഭുത്വമായി പരിണമിക്കുകയും ചെയ്തു. യു. എസ്. എസ്. ആറിൻെറ ഭരണഘടനയോ, കമ്മ്യൂണിസ്റ്റ്

പാർട്ടിയുടെ വിശ്വാസപ്രമാണങ്ങളോ മാർക്സിൻെറ തത്വങ്ങളോ സ്റ്റാലിൻെറ ഈ അധികാര ദുർവിനിയോഗത്തെ അനുവദിച്ചുകൊടുക്കുന്നില്ല. പൊതുവിൻെറ ഭരണം എന്ന കമ്യൂണിസ്റ്റ് തത്വംതന്നെ സ്റ്റാലിൻെറ നയതന്ത്രങ്ങളിൽ ഉൾപ്പെടുന്നില്ല.

കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രകമ്മിററിക്കു ഒരു നിസ്സാരമായ സ്ഥാനം മാത്രമേ സ്റ്റാലിൻ കല്പിക്കുന്നുള്ളു. അദ്ദേഹത്തിൻെറ പിൻഗാമിയേക്കുറിച്ചു ആലോചിക്കുന്നതു തന്നേ നിഷിദ്ധമെന്ന മട്ടിൽ ഒരുവക ദിവസവും വരുത്തിവയ്ക്കുന്നതിനു അദ്ദേഹം ശ്രമിച്ചിട്ടുണ്ട്.

ഇതെല്ലാം നല്ലവണ്ണം അറിയുന്ന സ്റ്റാലിൻ തൻെറ മരണശേഷം അധികാരം സഹപ്രവത്തകർക്കു ഭാഗിക്കണമെന്നുള്ള അഭിപ്രായക്കാരനായിരിക്കാം. പക്ഷേ സ്റ്റാലിൻെറതുപോലെയുള്ള പരമാധികാരം വിഭജനക്ഷമമല്ല എന്നതാണു പരമാത്ഥം. 33⅓ ശതമാനം ശക്തിയുള്ള ഒരു സ്വേച്ഛാധികാരി അത്രയും ശക്തിയുള്ള മററു രണ്ടു സ്വേച്ഛാധികാരികളോടു ചേൎന്നു പ്രവത്തിക്കുക

സാധ്യമല്ല. അധികം കഴിയുന്നതിനുമുമ്പേ ഒരാറം പരിപൂർണ്ണ സേച്ഛാധികാരിയായി ത്തീരാതെ ഗതിയില്ലെന്നുവരും. അപ്പോഴാണു പട്ടാളവും രഹസ്യപ്പോലീസും ഒരു വശത്തേക്കു തിരിയുന്നത്.

സോവ്യററു യൂണിയൻെറ ഉള്ളിൽ കലക്കവും, കലഹവും ഉണ്ടാക്കാൻ ഇടയുള്ള പല കാരണങ്ങ ളിൽ ഒന്നുമാത്രമാണ് സ്റ്റാലിൻെറ മരണം.

സോവ്യയററിൻെറ സ്വാധീനത്തിലുള്ള ജനങ്ങളുടെ ദേശീയാഭിലാഷവും, ലോകം മുഴുവൻ കീഴടക്കി കമ്യൂണിസം പ്രചരിപ്പിക്കുവാനുള്ള ആകാംക്ഷയും തമ്മിൽ വലിയ വൈരുദ്ധ്യമുണ്ടെന്നു ജോൺ ഫോസ്റ്റർഡള്ളിസ് അഭിപ്രായപ്പെടുന്നു.

അവസാനം ഇതു് ദേശീയാഭിലാഷത്തിൻെറ വിജയത്തിൽ വരുമെന്നു അദ്ദേഹത്തിന്നു ഉറപ്പുണ്ടു്. റഷ്യാ റഷ്യാക്കാർക്ക്, പോളണ്ടു് പോളണ്ടുകാർക്കു എന്ന ചിന്താഗതിയിൽ എത്തിച്ചേരും. ഈ വൈരുദ്ധ്യം വെളിക്കു കൊണ്ടുവരുന്നതു സ്റ്റാലിൻെറ മരണമായിരിക്കും എന്നു പൗരസ്ത്യമനഃസ്ഥിതി ശരിക്കു മനസ്സിലാക്കിയിട്ടുള്ള ജനറൽ മക്കാർതറും അഭിപ്രായപ്പെടുന്നു.

അന്ധമായ അനുസരണം മാത്രമറിഞ്ഞിട്ടുള്ള ക്രെംലിന്, യൂഗോസ്ലാവിയയേപ്പോലെ ഒരു കമ്യൂണിസ്റ്റ് രാഷ്ട്രത്തിന്റെ എതിരഭിപ്രായം ഭയജനകമാണ്. മുതലാളിത്ത രാഷ്ട്രമായ ഐക്യനാടുകളുടെ എതിർപ്പുപോലെയാണ് അവർ അതു ഗണിക്കുന്നത്. ഐക്യനാടുകളെ യുദ്ധക്കൊതിയന്മാർ എന്നു മുദ്രയടിച്ചു പ്രചാരണം നടത്തുന്നതിൽ, സോവ്യററുനാട്ട് സാമാന്യാധികം വിജയിച്ചിട്ടുണ്ട്. ടിറേറാ ഒരിക്കൽ ഒരു മഹാപുരുഷനായി ആരാധിക്കപ്പെട്ടിരുന്നുവെങ്കിലും, ഒരു രാത്രി കൊണ്ട് അയാറം ഒരു വമ്പിച്ച ചതിവനെന്നു നിർണ്ണയിക്കപ്പെട്ടു. ഇന്നു ഇററലിയിലും മററു ചില രാജ്യങ്ങളിലും കാണപ്പെടുന്ന അന്തച്ഛിദ്രവും, അഭിപ്രായഭിന്നതയും സ്റ്റാലിനെ വല്ലാതെ വിഷമിപ്പിക്കുന്നുണ്ടെന്ന് എനിക്കു നല്ല ബോദ്ധ്യം ഉണ്ട്.

സ്വന്തം അഭിപ്രായം പറയുന്നപക്ഷം, തന്നത്താൻ ഭരിക്കാൻ മനുഷ്യർക്കു സഹജമായുള്ള പ്രചോദനം, ക്രെംലിന്റെ തകർച്ചയ്ക്കു കാരണമായിത്തീരുമെന്നു ഞാൻ വിശ്വസിക്കുന്നു. ലോകചരിത്രത്തിൽ ഇത്തരമൊരു പ്രേരണയുടെ അടിയൊഴുക്കു

ദൃശ്യമാണ്. ഇൻഡ്യയിലും, ഇൻഡൊനേഷ്യയിലും സ്വാതന്ത്ര്യത്തിനുള്ള ഇച്ഛ കഴിഞ്ഞ ഏതാനും വഷങ്ങളിൽ ഫലത്തിലെത്തിയതും സ്മരിക്കേണ്ടതാണ്. അമ്പതു കൊല്ലങ്ങൾ ജപ്പാൻെറ സ്വേച്ഛാധികാരത്തിൻ കീഴിൽ കഴിഞ്ഞു കൂടിയ കൊറിയൻ ജനതപോലും, സ്വയംഭരണത്തിന്നുള്ള ആകാംക്ഷ പ്രദശിപ്പിക്കുന്നതു ഞാൻ നേരിട്ടറിഞ്ഞതാണ്. 146 വഷങ്ങളിലെ വിദേശാധിപത്യംപോലും പോളണ്ടുകാരുടെ സ്വയം ഭരണേച്ഛയേ കെടുത്തിക്കളഞ്ഞില്ല. ഒന്നാം ലോകയുദ്ധത്തിന്നുശേഷം അവർ സ്വതന്ത്രരാകുകതന്നെ ചെയ്തു. അവക്കും ചെക്കുകാക്കും വീണ്ടും സ്വാതന്ത്ര്യം കരഗതമാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ജനങ്ങളിലുള്ള ഈയൊരു പ്രതീക്ഷയും, അഭിലാഷവുമാണു ക്രെംലിൻെറ തകർച്ചയ്ക്കുള്ള ലീനശക്തി. സോവ്യററിൻെറ വിദേശനയവുമായി വിഘടിക്കുവാൻ പോകുന്നതു് ഇത്തരം ആഘാതനങ്ങളാണ്.

മേൽക്കാണിച്ച വിധം എന്തെങ്കിലും ക്രെംലിനിൽ സംഭവിക്കുന്ന പക്ഷം, ആ തകർച്ചയിൽ നിന്നും, മററു രാഷ്ട്രങ്ങളോടു കുറെക്കൂടെ യോഗ്യ

മായി പെരുമാറുന്ന ഒരു നേതൃത്വം പൊന്തിവരാതിരിക്കയില്ല. അപ്പോൾ ആന്തരികമായ വടംവലി വളരെ ലഘൂവാകയും ചെയ്യും. അങ്ങനെ സ്വതന്ത്രരാഷ്ട്രങ്ങളുടെ സ്ഥിതി താരതമ്യേന കൂടുതൽ സുരക്ഷിതമായിരിക്കയും ചെയ്യും. യു. എസ്. എസ്. ആറിന്റെ ഉള്ളിൽതന്നെ ഒരു വിപ്ലവമുണ്ടായി ജനാധിപത്യത്തിലേക്കു ചായുന്നപക്ഷം, ലോകസമാധാനത്തിനു ഉറച്ച ഒരു അടിസ്ഥാനം പാകുന്നതിനു കഴിയും.

ഈ സാധ്യതകൾ പരിഗണിച്ച് നാലു രംഗങ്ങളിലും സമാധാനമത്സരം നടത്തുന്നതിനുള്ള രണ്ടു പ്രധാനോദ്ദേശ്യങ്ങൾ നാം സ്മരിക്കേണ്ടതാണ്. രക്ഷാവ്യവസ്ഥയിലും, പരസ്പര ബന്ധത്തിലും, ആദർശ ദർശനത്തിലും നാം നമ്മെത്തന്നെ ശക്തിപ്പെടുത്തുക എന്നതാണ് ഒന്നാമത്തെ കാര്യം. രണ്ടാമതായി, സമാധാനമത്സരം നടത്തുന്നതിൽക്കൂടെ, ഇരുമ്പുമറയുടെ പിന്നിലുള്ള നേതൃത്വം ഷിൻവലിയത്തക്ക ക്ഷോഭം കൊണ്ടു വരികയോ, അതു തട്ടിക്കളയാനുള്ള മാർഗ്ഗം തെളിയിക്കുകയോ ആയിരിക്കും നാം ചെയ്യുന്നത്.

സമാധാനമത്സരത്തിനുള്ള ഈ പരിപാടികൾ നിർദ്ദേശിക്കുമ്പോൾ തന്നെ, ഒരു വ്യാപാര വിദഗ്ദ്ധൻ എന്ന നിലയിൽ, നമ്മുടെ നികുതി ലഘൂവാകയോ, സാമ്പത്തികസ്ഥിതി നന്നാകുകയോ ചെയ്യുകയില്ല എന്നെനിക്കറിയാം. എങ്കിലും സ്ഥായിയായ ഒരു സമാധാനത്തിന്, കരണ്ടു തിന്നുകൊണ്ടിരിക്കുന്ന യുദ്ധാവസ്ഥയേക്കാൾ സാമ്പത്തിക പുരോഗതി കൈവരുത്താൻ കഴിയുമെന്നതിനു സംശയമില്ല. അങ്ങനെ മാത്രമേ നമ്മുടെ നികുതിഭാരം കുറയുകയും നമ്മുടെ വരവുചെലവുകൾ തുല്യനിലയിൽ എത്തുകയും ചെയ്യുകയുള്ളു.

നികുതി കുറയുന്നതിന്റെ ഗുണം എല്ലാവർക്കും അറിയാം. എന്നാൽ ബഡ്ജററിൽ വരവും, ചെലവും സമീകരിക്കുന്നതിന്റെ ആവശ്യം അറിയുന്നവർ ചുരുങ്ങും. എന്നാൽ ലോകമൊട്ടുക്കുമുള്ള ഭരണക്രൂടങ്ങളെ അവലോകനം ചെയ്തിട്ടുള്ള ഒരാളെന്ന നിലയിൽ എനിക്കു പറയാനുള്ളത്, ഏറെനാൾ കടത്തിൽ കഴിയുന്ന ഒരു ഗവണ്മെൻറ് അതിന്റെ പ്രജകൾക്കു എപ്പോഴും സങ്കടവും ചിലപ്പോൾ അപകടവും വരുത്തിവയ്ക്കും എന്നത്രേ.

# അനുബന്ധം

## കുരിശുകളുടെ (ജീവിതവൈഷമ്യങ്ങളുടെ) സാർവ്വജനീനത്വം

---

സകലക്കും ഈശോ കുരിശുകൾ സമ്മാനിക്കുന്നു. അവയെ ആശ്ലേഷിച്ച് പ്രയോജനകരമാക്കിത്തീർക്കുക.

1. വൈദികാധികാരികൾക്ക്—ആത്മാക്കളെ പ്രബോധിപ്പിക്കുകയും, സംസ്കരിക്കയും പവിത്രീകരിക്കുകയും ചെയ്യുന്നതിൽ ഉത്തമനായ ഒരു അജപാലകനുള്ള വ്യഗ്രതകളും, അദ്ധ്വാനങ്ങളുമാകുന്ന കുരിശുകൾ.

2. സന്ന്യാസികൾക്കും മററു വൈദികക്കും—സർവ്വസംഗപരിത്യാഗവും, ആദ്ധ്യാത്മികപ്രയത്നങ്ങളുമാകുന്ന കുരിശുകൾ.

3. ഉയന്ന കുലത്തിലും നിലയിലുമുള്ള ജനങ്ങൾക്ക്—സമയത്തേയും, ഈശ്വരൻെറ ഇതരദാനങ്ങളെയും നല്ലവിധത്തിൽ ഉപയോഗിക്കുകയെന്ന കുരിശ്. ഈശ്വരഭയത്തിലും, ഭക്തിയിലും, സൽക്കർമ്മങ്ങളിലുമാണ് യഥാത്ഥമായ ബഹുമതിയുള്ളതു്; അതിനെ അവർ ആരായട്ടെ. പൊങ്ങച്ചത്തിൽനിന്നും, അലസതയിൽനിന്നും അവർ ഓടിയകലണം; അവ അവരെ പാപത്തിലേക്കും, നരകത്തിലേക്കും നയിക്കുന്നു.

4. ന്യായാധിപന്മാക്കും വിധികത്താക്കന്മാക്കും—എന്തെല്ലാം കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവന്നാലും നീതിയും, സത്യവും ശരിക്കു പാലിക്കുകയെന്ന കുരിശ്. ഈ കുരിശിൽ സ്തുതിപ്രിയത്വത്തെയും, മനുഷ്യരെപ്പററിയുള്ള ഭയത്തേയും, സ്വാത്ഥതയേയും, തറച്ചു നിഗ്രഹിക്കുക.

5. തൊഴിലാളികൾക്കു—എളിമയും, ക്ലേശവും, കായികാദ്ധ്വാനവുമാകുന്ന കുരിശ്. നസറത്തിൽവച്ച് ദൈവപുത്രൻ ആശ്ലേഷിച്ച കുരിശ്. അദ്ധ്വാനമാകുന്ന കുരിശ് നിത്യരക്ഷയിലേക്കുള്ള രാജപാതയാണ്.

6. യുവജനങ്ങൾക്ക—അനുസരണവും, ചാരിത്ര്യവും, വിവേകവുമാകുന്ന കുരിശ്ശ്. അതു് യൗവ്വനത്തിന്റെ നിരങ്കുശമായ സാഹസികത്വത്തെ നിഗ്രഹിക്കുന്നു, ചോരത്തിളപ്പിനെ ആററുന്നു, അനിയന്ത്രിതമായ എടുത്തുചാട്ടത്തെ പിടിച്ചുനിൎത്തുന്നു, യുവജനങ്ങളെ അവരുടെ ഭാവികടമകളെ നിറവേററുന്നതിനു യോഗ്യരാക്കിത്തീൎക്കുന്നു.

7. വൃദ്ധജനങ്ങൾക്ക്—ക്ഷമയും, സൗമ്യതയും, സദ്ബുദ്ധിയുമാകുന്ന കുരിശ്ശ്. സകലവും അന്ധകാരമയവും, അരുചികരവുമായിത്തീരുമ്പോൾ ഇതു് അത്യാവശ്യമാണു്.

8. വിവാഹിതൎക്ക്—പരസ്പരം സഹിക്കുകയും സഹായിക്കുകയും ചെയ്യുക, ദൃഷ്ടാന്തയോഗ്യമായി ജീവിക്കുക, കുഞ്ഞുങ്ങളെ ശരിയായി വളൎത്തുക എന്നീ കുരിശ്ശുകൾ.

9. വിധവകൾക്ക്—അവരുടെ ഹൃദയവും, അവരുടെ സ്നേഹവും, അവരുടെ ആനന്ദവും ക്രൂശിതനായ യേശുവിനോടു ചേൎത്ത് ആണികൊണ്ടു തറയ്ക്കപ്പെടണം. ഭൂമിയിലെ സകല സുഖാനുഭോഗങ്ങളേയും ത്യജിച്ചിട്ട് സ്വൎഗ്ഗസ്ഥരായ അവരുടെ ഭൎത്താക്കന്മാരോടു ചേരുന്നതിന് അവർ തയ്യാറാകട്ടെ.

*Printed and Published for the proprietor by P. I. Joseph at the Little Flower Press, Thevara.*

KOTTAYAM PUBLIC LIBRARY
KOTTAYAM.
Cl. No. M 200 Acc. No. 13912
This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

M200 13912

ബെക്ക്മാൻസ്, ജോൺ

അനന്തസ്വേഹം.

KOTTAYAM PUBLIC LIBRARY

Call No. M200 Acc. No. 13912

Author [illegible]

Title [illegible]

Indic Digital Archive Foundation

gpura.org